
JEEVA MOZHIKAL
January 2012

RNI/KERBIL/-2003/21404
www.jeevamozhikal.org
Annual subscription Rs. 80.00

Regn No: KL/KTM/608/2012-14
WPP No. KL/CR/KTM/WPP-42/2012-14
Licensed to post without prepayment

# ജീവസന്ദേശങ്ങൾ 2012

## ബ്രദർ സാക്പുന്നൻ (ബാംഗ്ലൂർ) പ്രസംഗിക്കുന്നു



കാലപ്പഴക്കത്തിൽ ക്രൈസ്തവലോകത്തിനു കൈമോശം വന്ന ജീവസന്ദേശങ്ങൾ വീണ്ടും കേൾക്കുവാനുള്ള സുവർണാവസരം.

സ്ഥലം : ടൗൺ ഹാൾ (എസ്. ബി. കോളജിനു സമീപം), ചങ്ങനാശ്ശേരി
തീയതി : 2012 ജനുവരി 7 ശനി, 8 ഞായർ
സമയം : വൈകിട്ട് 6 മുതൽ 8 മണി വരെ

ഈ ആത്മീയവിരുന്നിലേക്ക് ഹൃദയംഗമായ സ്വാഗതം! പ്രവേശനം സൗജന്യം!!
ക്രിസ്തീയജീവിതത്തിൽ ഒരു മുന്നേറ്റത്തിന് ആഗ്രഹിക്കുന്നുവോ?
വരിക, ഈ സമ്മേളനങ്ങൾ താങ്കൾക്ക് ഒരു പുതിയ ദിശാബോധം നൽകും.

**കൂടുതൽ വിവരങ്ങൾക്ക് : 09847397369, 09249516234**

**മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്!**

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 10 – ലക്കം 1
ജനുവരി 2012
Rs. 7.00



**എഡിറ്റോറിയൽ** ദാസൻ: വിലയേറിയവനോ, വിശ്വസ്തനോ?



**താഴ്**മയ്ക്ക് ഒരു പ്രത്യേകതയുണ്ട്. താൻ താഴ്മയുള്ള ആളാണെന്ന് ഒരുവൻ കരുതിയാൽ, തന്റെ വിനയത്തിൽ ഒരുവൻ പ്രശംസിച്ചാൽ, ആ നിമിഷം അവൻ താഴ്മയുടെ നേരേ എതിർധ്രുവത്തിൽ ചെന്നെത്തുകയായി. ദൈവദൃഷ്ടിയിൽ അവൻ നിഗളിയായിപ്പോയി. 'താഴ്മ'യെച്ചൊല്ലി 'നിഗളി'ക്കുന്ന ഒരുവൻ! -എന്തൊരു വൈരുദ്ധ്യം! താഴ്മയിലുള്ള നിഗളമാണെങ്കിലും ദൈവം നിഗളികളോട് എതിർത്തു തന്നെ നിൽക്കും (1 പത്രോസ് 5:5; യാക്കോബ് 4:6).

ക്രിസ്തീയലോകത്ത് ഇന്നു സർവ്വസാധാരണമായിരിക്കുന്ന 'കർത്താവിന്റെ വിലയേറിയദാസൻ' പോലെയുള്ള സംബോധനകൾ കേൾക്കുമ്പോൾ ഈ വൈരുദ്ധ്യമാണ് ഓർമ്മവരുന്നത്. 'ദാസൻ' 'വേലക്കാരൻ' എന്ന സ്ഥാനം ഒരുവൻ എടുക്കുമ്പോൾ താഴ്മയുള്ള ഒരു നിലപാടാണ് അവൻ കൈക്കൊള്ളുന്നത്. അവൻ ഭംഗ്യന്തരേണ പറയുന്നത് താൻ ഒരടിമയാണെന്നാണ്. സ്വന്തമായി അവകാശങ്ങളോ സ്വാതന്ത്ര്യമോ ഇല്ലാത്തവനാണ് അടിമ. എന്നാൽ താഴ്മയുടെ ഈ നിലപാടിലേക്കു വന്നശേഷം അവിടെ ലോകത്തിന്റെ മൂല്യങ്ങളും വലിയവനാകാനുള്ള മത്സരങ്ങളും കൊണ്ടുവരികയാണു പലരും. അത്ഭുതമെന്നു പറയട്ടെ ക്രിസ്തീയലോകത്തു ഇന്ന് 'കർത്താവിന്റെ ദാസ'ന്മാരില്ല 'കർത്താവിന്റെ വിലയേറിയ ദാസന്മാരെ' ഉള്ളൂ. 'കർത്താവിന്റെ വിലയേറിയ ദാസനെ'ന്നു സംബോധന ചെയ്യപ്പെടാൻ ആഗ്രഹിക്കുകയും 'കർത്താവിന്റെ ദാസനെ'ന്നു മാത്രം ആരെങ്കിലും വിളിച്ചാൽ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന 'കൊച്ചു മനുഷ്യരാ'ണോ നാം? താഴ്മയുടെ ഒരു സംബോധന പോലും നിഗളത്തിൽ പൊതിഞ്ഞ് ഉപയോഗിക്കുകയും അങ്ങനെ മാത്രം സ്വീകരിക്കുകയും ചെയ്യാൻ മാത്രം അഹങ്കാരികളായിപ്പോയോ നാം?.

'ഒരു വാക്കിലെന്തിരിക്കുന്നു' എന്നു പറഞ്ഞ് ഇതിനെ നിസ്സാരവൽക്കരിക്കാൻ വരട്ടെ. ഒരു വാക്കിനും സംബോധനയ്ക്കും പിന്നിൽ ഒരു മനോഭാവമുണ്ട്. ക്രിസ്തീയലോകത്തെ പഴയ 'കർത്താവിന്റെ വേലക്കാരൻ' 'വിലയേറിയ ദാസനും' പഴയ 'ശുശ്രൂഷകൻ' 'റവറണ്ടും' (ഭയങ്കരൻ എന്നാണ് ആ വാക്കിന്റെ നേരർത്ഥം) ആയി മാറിയത് എത്ര വേഗത്തിലാണ്!

ഇതിന്റെ മറുവശം വാക്കിൽ വലിയ കാര്യമില്ല എന്നാണ്. 'കർത്താവിന്റെ എളിയദാസൻ' എന്ന് ഒരുവൻ തന്നെത്തന്നെ വിശേഷിപ്പിക്കുകയും അതേസമയം അവകാശങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി അവൻ പോരാടുകയും ചെയ്താൽ വാക്കിലെ എളിമകൊണ്ട് എന്തുകാര്യം? പദവികൾ ഒന്നും എടുക്കാതെ 'സഹോദരൻ' എന്ന വിനയപൂർവം സ്വയം വിളിക്കുന്ന ഒരുവൻ വാസ്തവത്തിൽ ഉള്ളിൽ 'റവറണ്ടി'നെക്കാൾ അഹങ്കാരിയായിരിക്കുവാൻ സാധ്യതയില്ലേ? ചുരുക്കത്തിൽ ദൈവം മനോഭാവങ്ങളെ അറിയുന്നു. വഞ്ചിക്കപ്പെടരുത്! നമുക്കാർക്കും ദൈവത്തെ കബളിപ്പിക്കുവാൻ കഴിയുകയില്ല. (ഗലാത്യർ 6:7).

നാം നമ്മെ എന്തു വിളിച്ചാലും ദൈവം നമ്മെ വിളിക്കാനാഗ്രഹിക്കുന്ന ഒരു സംബോധനയുണ്ട്. അതു 'വിലയേറിയ ദാസൻ' എന്നല്ല മറിച്ച് 'വിശ്വസ്ത ദാസ'നെന്നാണ്. (1 കൊരിന്ത്യ. 4;1, 2; ലൂക്കോ. 12:43; മത്താ.25:21, 23; ലൂക്കോ. 19:17).

വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരുടെ ഇടയിൽ കുറയുന്ന ഈ കാലത്തു കർത്താവിന്റെ വിശ്വസ്തദാസനായിരിക്കാൻ നാം എന്താണു ശ്രദ്ധിക്കേണ്ടത്? രണ്ടു ചോദ്യങ്ങൾക്കുള്ള മറുപടി ഇവിടെ പ്രസക്തമാണ്: ഒന്ന് നാം ആരുടെ ദാസരാണ്? രണ്ട് നമ്മുടെ ശുശ്രൂഷയുടെ ഉദ്ദേശ്യം എന്താണ്?

ഇതിൽ ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടിയായി തങ്ങൾ യേശുകർത്താവിന്റെ ദാസന്മാരാണെന്ന് ക്രിസ്തീയലോകത്ത് എല്ലാവരും അവകാശപ്പെട്ടേക്കാം. എന്നാൽ കർത്താവ് ആരായിരുന്നു? അവിടുന്നു സ്വയം ഇങ്ങനെ പ്രഖ്യാപിച്ചു: 'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനു'മാണു വന്നത് (മത്തായി 20:28). ശുശ്രൂഷിപ്പാൻ വന്നദാസനായിരുന്നു യേശു. അവിടുന്നു ദാസനായിരിക്കുമെന്നു കർത്താവിന്റെ വരവിന് 700 വർഷം മുൻപ് യെശയ്യാവും ചൂണ്ടിക്കാട്ടി (42:1, മത്തായി12:17-21). പ്രവചനം ശരിവച്ചുകൊണ്ട് കാലസമ്പൂർണതയിൽ അവിടുന്നു ദാസനായി (ഫിലി.2:7).

അവിടുന്നു ദാസനാണെങ്കിൽ ഇന്നത്തെ 'കർത്താവിന്റെ ദാസൻ', ദാസന്റെ ദാസനാണ് . അങ്ങനെയാണെങ്കിൽ ശുശ്രൂഷ ചെയ്യാനും ജീവനെ നൽകാനും ദാസനായിരിക്കാനും വന്ന യേശുവിന്റെ ജീവതദർശനത്താൽ പിടിക്കപ്പെടാത്ത ഒരുവൻ താൻ കർത്താവിന്റെ ദാസനാണെന്ന് അവകാശപ്പെടുന്നതിൽ എന്തർത്ഥമാണുള്ളത്? യേശു ത്യാഗത്തിലൂടെയാണ് ഈ ലോകത്തെ രക്ഷിച്ചത്. സ്വയം നഷ്ടപ്പെടുത്തുന്നതും ഉപേക്ഷിക്കുന്നതും വിട്ടുകൊടുക്കുന്നതുമായ മാർഗ്ഗമാണ് അവിടുന്നു കാണിച്ചു തന്നത്. എന്നാൽ കർത്താവിന്റെ ഈ ജീവിതവീക്ഷണം സ്വീകരിക്കുവാൻ മനസ്സില്ലാതെ യേശുവിനെ സ്വർഗ്ഗത്തിൽ പോകാനുള്ള ഉപാധിയായും ഭൗതികനേട്ടങ്ങൾ കയ്യാളാനുള്ള മാർഗ്ഗമായും കാണുന്നവർ കർത്താവിന്റെ ദാസരാണെന്ന് അവകാശപ്പെട്ടാൽ അതു കാപട്യമല്ലേ?

ഒരിക്കൽ ജീവിതത്തിൽ യേശുവിന്റെ കർതൃത്വംസ്വീകരിച്ച് അവിടുത്തെ ദാസനായി മാറിയവൻ പിന്നീട് ആ മനോഭാവത്തിൽ നിന്നു മാറി, 'ഇപ്പോൾ തനിക്ക് ഒരു യജമാനനേയുള്ളൂ അതു താൻ തന്നെയാണ്' എന്ന നിലപാടിൽ എത്തിച്ചേരുന്നതും ഇന്നു ക്രിസ്തീയലോകത്തിൽ കാണാം. എന്നാൽ കർത്താവിന്റെ യഥാർത്ഥദാസൻ അവിടുത്തെ ആജീവനാന്തദാസൻ (Bonded servant) ആയിരിക്കണം. ദാസൻ ആയിരിക്കുക എന്നത് ഒരു പാർട്ട് ടൈം ജോലിയല്ല. കർത്താവിന്റെ യഥാർത്ഥ ആജീവനാന്തദാസ്യത്തിലേക്ക് ഒരുവനെ നയിക്കുന്നതു കർത്താവിനോടുള്ള കറയില്ലാത്ത സ്നേഹവും ഈ വഴിയിൽ അവനു ലഭ്യമാകുന്ന സ്വസ്ഥതയുമാണ്. (ആവർത്തനം15:16; പുറപ്പാട് 21:5).

ഇനി രണ്ടാമത്തെ ചോദ്യം. നമ്മുടെ ശുശ്രൂഷയുടെ ലക്ഷ്യം എന്തായിരിക്കണം? യേശു പറഞ്ഞ ദാസന്റെയും യജമാനന്റേയും ഉപമയിൽ നിന്നു ഇക്കാര്യം വ്യക്തമാണ്. വയലിൽ അധ്വാനിക്കുന്ന ദാസൻ തിരികെ വീട്ടിലെത്തിയപ്പോൾ യജമാനൻ പറയുന്നു: 'ആദ്യം എനിക്ക് അത്താഴം ഒരുക്കുക. ഞാൻ തിന്നുകുടിച്ചു തീരുവോളം അരകെട്ടി എനിക്കു ശുശ്രൂഷ ചെയ്ക. പിന്നെ നീയും തിന്നു കുടിച്ചുകൊൾക.' (ലൂക്കോ. 17:9). അർത്ഥം: നീ ആദ്യം എന്നെ തൃപ്തിപ്പെടുത്തുക. അതെ, ഒന്നാമതു യജമാനനു തൃപ്തിവരണം. മറ്റെല്ലാം അതിനുശേഷം മാത്രം.

നാം ശുശ്രൂഷിക്കുന്ന ആളുകളുടെ തൃപ്തിയോ അവരുടെ അംഗീകാരമോ പ്രവർത്തനത്തിന്റെ വൈപുല്യമോ ഒന്നും ആയിരിക്കരുത് നമ്മുടെ ശുശ്രൂഷയുടെ ലക്ഷ്യം. മറിച്ച് ഒന്നാമതു യജമാനനു തൃപ്തി വരട്ടെ.

നമ്മുടെ ഉപദേശനിശ്ചയമോ പ്രവർത്തനവൈപു

*ശേഷം പേജ് 28 ൽ*

വചനം

# പുതിയ നിയമദാസന്മാരും പുതിയ നിയമസഭകളും


സാക് പുന്നൻ

**പു**തിയ ഉടമ്പടിയുടെ കീഴിലെ യഥാർത്ഥ ദൈവവേലക്കാർ ആരാണെന്നു വ്യക്തമാക്കുന്ന മൂന്നു വേദഭാഗങ്ങളുണ്ട്. ഈ മൂന്നു ഭാഗങ്ങളും മുൻവിധികൂടാതെ വായിച്ചാൽ ആഗ്രഹമുണ്ടെങ്കിൽ ഈ കാലത്ത് ദൈവത്തിന്റെ ദാസന്മാരായിരിക്കുവാൻ നമുക്കു കഴിയുമെന്ന യാഥാർത്ഥ്യം നാം കണ്ടെത്തും.

പഴയ ഉടമ്പടിയുടെ കീഴിൽ ലേവ്യർക്കു മാത്രമേ ദൈവത്തിന്റെ ദാസന്മാരായിരിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. അവർ ഭൗതികമായ മറ്റു ജോലികളൊന്നും ചെയ്യാൻ പാടില്ലായിരുന്നു. അവരെ യിസ്രയേലിലെ മറ്റു ഗോത്രങ്ങൾ ദശാംശം നൽകി സഹായിച്ചു. പുതിയ ഉടമ്പടിയുടെ കീഴിലും ബാബിലോണ്യ ക്രിസ്ത്യാനികൾ ഇന്നു പഠിപ്പിക്കുന്നത് ഭൗതിക ജോലികൾ വിട്ടുകളഞ്ഞവർക്കുമാത്രമേ ദൈവത്തിന്റെ ദാസന്മാരായിട്ട് ഇരിക്കുവാൻ കഴിയുകയുള്ളൂ എന്നാണ്. മറ്റു ക്രിസ്ത്യാനികൾ അവരുടെ ദശാംശംകൊണ്ട് ഇവരെ സഹായിക്കണം! എന്നാൽ ഇത് മനുഷ്യരുടെ സമ്പ്രദായങ്ങൾക്കനുസരിച്ചുള്ള പഠിപ്പിക്കലാണ്, ദൈവവചനപ്രകാരമുള്ളതല്ല.

**1. പാപത്തിൽ നിന്നുസ്വാതന്ത്ര്യം**

"പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിന്റെ ദാസന്മാരായി തീരുക" (റോമ 6:22). പുതിയ ഉടമ്പടിയനുസരിച്ചുള്ള വേലക്കാരായിരിക്കാൻ ഒന്നാ



*സാത്താനു നിങ്ങൾക്കു തരാൻ കഴിയുന്ന ഏറ്റവും വലിയ അധിക്ഷേപം, ലോകമനുഷ്യരിൽ നിന്നു ബഹുമതി ലഭിക്കുവാൻ നിങ്ങളെ തനിയേ വിടുക എന്നതാണ്.*

**കോപിക്കുകയും സമനില തെറ്റുകയും ചെയ്യുന്ന ഒരുവന് ദൈവത്തിന്റെ ദാസൻ ആയിരിക്കുവാൻ കഴിയുകയില്ല. അയാൾ ഒരു പ്രസംഗകനോ മുഖ്യപാസ്റ്ററോ ആയിരിക്കാം. എന്നാൽ ഒരു ദൈവദാസൻ ആയിരിക്കുകയില്ല. പല പാസ്റ്ററന്മാരും ഞായറാഴ്ച രാവിലെ അന്യഭാഷയിൽ ദൈവത്തെ ഉച്ചത്തിൽ സ്തുതിക്കും. ഉച്ചകഴിഞ്ഞ് മാതൃഭാഷയിൽ ഭാര്യയോട് ഉച്ചത്തിൽ അട്ടഹസിക്കും.**

മതു വേണ്ടത് ഇതാണ്: പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കുക. തീർച്ചയായും പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിക്കുന്നതിനേക്കാൾ എളുപ്പം ഒരുവന്റെ ഭൂമിയിലെ ജോലിയിൽ നിന്നു സ്വാതന്ത്ര്യം പ്രാപിക്കുന്നതാണ്. യേശു ഐഹികമായ ഒരു ജോലി ചെയ്തിരുന്നു. എന്നിട്ടും അവിടുന്നു ദൈവത്തിന്റെ ദാസൻ ആയിരുന്നു.

കോപിക്കുകയും സമനില തെറ്റുകയും ചെയ്യുന്ന ഒരുവന് ദൈവത്തിന്റെ ദാസൻ ആയിരിക്കുവാൻ കഴിയുകയില്ല. അയാൾ ഒരു പ്രസംഗകനോ മുഖ്യപാസ്റ്ററോ ആയിരിക്കാം. എന്നാൽ ഒരു ദൈവദാസൻ ആയിരിക്കുകയില്ല. പല പാസ്റ്ററന്മാരും ഞായറാഴ്ച രാവിലെ അന്യഭാഷയിൽ ദൈവത്തെ ഉച്ചത്തിൽ സ്തുതിക്കും. ഉച്ചകഴിഞ്ഞ് മാതൃഭാഷയിൽ ഭാര്യയോട് ഉച്ചത്തിൽ അട്ടഹസിക്കും. പരിശുദ്ധാത്മാവിനു നാം അന്യഭാഷയിൽ സംസാരിക്കുമ്പോൾ മാത്രമേ നമ്മെ നിയന്ത്രിക്കാൻ കഴിയുകയുള്ളോ? നമ്മുടെ മാതൃഭാഷയിൽ സംസാരിക്കുമ്പോൾ കഴിയുകയില്ലേ? ഇതൊരു ചതിയാണ്.

ഞാൻ 22 വർഷമായി അന്യഭാഷയിൽ സംസാരിക്കുന്നു. അതിനായി ദൈവത്തിനു നന്ദി പറയുന്നു. ഇത് എനിക്ക് ആത്മീയ അഭിവൃദ്ധി നൽകുകയും വിഷണ്ണതയിൽ നിന്നും മന്ദതയിൽ നിന്നും നിരാശയിൽ നിന്നും എന്നെ മുഴുവനായി വിടുവിക്കുകയും ചെയ്യുന്നുണ്ട്. ഞാൻ എന്റെ മാതൃഭാഷയിൽ എന്റെ ഭാര്യയോടും സഹോദരന്മാരോടും അപരിചിതരോടും എന്തിന് ഭിക്ഷക്കാരോടുപോലും സംസാരിക്കുമ്പോൾ പരിശുദ്ധാത്മാവ് എന്റെ ഭാഷയെ നിയന്ത്രിക്കുന്നതിനായും ഞാൻ ദൈവത്തിനു നന്ദി പറയുന്നു.

തന്റെ കണ്ണുകൊണ്ട് സ്ത്രീകളെ മോഹിക്കുന്ന ഒരുവന് സുവിശേഷത്തിന്റെ പ്രസംഗകനോ ദൈവത്തിന്റെ ദാസനോ ആയിരിക്കുവാൻ കഴിയുകയില്ല. പാപം ചെയ്യാതിരിപ്പാൻ തന്റെ കണ്ണുകളെ ചൂഴ്ന്നെടുത്തു കളയുവാൻ തക്കവണ്ണം മൗലികതയുള്ളവനു മാത്രമേ ദൈവത്തിന്റെ ദാസനായിരിക്കാൻ കഴിയുകയുള്ളൂ. നിങ്ങളുടെ കണ്ണുകൾ കൊണ്ട് തെറ്റുപറ്റി എന്നകാരണത്താൽ രാത്രിയിൽ നിങ്ങളുടെ കിടക്കയിൽ കണ്ണീരൊഴുക്കിയ അവസാന ദിവസം എന്നായിരുന്നു? ഈ കാര്യത്തെ 'യാദൃച്ഛികമായത്' എന്നു കരുതിയാൽ നിങ്ങൾക്ക് അകമേ നിന്ന് അല്പാല്പമായി പിന്മാറ്റം സംഭവിക്കുകയും ഒരു ദിവസം എല്ലാവരുടെയും കൺമുമ്പിൽ വീണു പോകുകയും ചെയ്യും.

അല്പം കൂടി പണം സമ്പാദിക്കാനോ മാനം നേടുന്നതിനോ വേണ്ടി കള്ളം പറയുന്ന ഒരുവൻ വാസ്തവത്തിൽ പിശാചിന്റെ ദാസനാണ്. (കാരണം പിശാചാണ് എല്ലാ കള്ളത്തിന്റെയും പിതാവ്.) അങ്ങനെയൊരുവന് ദൈവത്തിന്റെ ദാസനായിരിക്കാൻ കഴിയുകയില്ല.

തന്റെ എല്ലാ ശത്രുക്കളെയും സ്നേഹിക്കുവാൻ കഴിയാത്തവനും തനിക്കു ദോഷം ചെയ്തവർക്കെല്ലാം നന്മ ചെയ്യാൻ





കഴിയാത്തവനും സുവിശേഷം പ്രസംഗിക്കുവാൻ യോഗ്യതയില്ല. നിങ്ങളുടെ ഹൃദയത്തിൽ അല്പമെങ്കിലും കയ്പോ മറ്റൊരുവനോട് ക്ഷമിക്കാത്ത മനോഭാവമോ ഉണ്ടെങ്കിൽ അപ്പോൾ നിങ്ങൾക്കു ചെയ്യാവുന്ന ഏറ്റവും നല്ലകാര്യം നിങ്ങളുടെ വായ് അടച്ചുവച്ച് വീട്ടിൽ പോയി അനുതപിക്കുകയും ആ ദോഷങ്ങളിൽ നിന്നും ഹൃദയത്തെ ശുദ്ധീകരിക്കുകയുമാണ്. അല്ലാതെ നിങ്ങൾക്ക് ദൈവത്തിന്റെ ദാസൻ ആയിരിക്കാൻ കഴിയുകയില്ല.

**2. മാമ്മോനിൽ നിന്നുള്ള സ്വാതന്ത്ര്യം.**

നിങ്ങൾക്ക് ഒരേസമയം ദൈവത്തിന്റെ ദാസനും മാമ്മോന്റെ ദാസനും ആയിരിക്കുവാൻ കഴിയുകയില്ല. നിങ്ങൾ ഒന്നിനെ വെറുത്ത് മറ്റതിനെ സ്നേഹിക്കണം. നിങ്ങൾ ഒന്നിനോട് പറ്റിച്ചേർന്ന് മറ്റതിനെ നിന്ദിക്കണം (ലൂക്കോ 16:13)

ഇതാണ് രണ്ടാമതായി ആവശ്യമുള്ളത് - മാമ്മോനിൽ നിന്ന് (പണവും വസ്തുവകകളും) സ്വതന്ത്രനാകുക. എന്നാൽ വീണ്ടും പറയട്ടെ; മാമ്മോനിൽ നിന്നും സ്വതന്ത്രനാകുന്നതിലും എളുപ്പം ഐഹികമായ ഒരു ജോലിയിൽ നിന്നു സ്വതന്ത്രനാകുന്നതാണ്!

നിങ്ങൾ സേവിക്കാൻ പോകുന്നത് ഏതിനെ ആണെന്നുള്ള ഒരു തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ് - ദൈവത്തേയോ മാമ്മോനെയോ? അനേകം മുഴുവൻ സമയ പ്രവർത്തകരും ദൈവത്തെയും മാമ്മോനെയും ഒരേസമയം സേവിക്കാനാണ് ശ്രമിക്കുന്നത്. അവർ ഐഹികമായ ഏതെങ്കിലും ജോലിയിൽ ആയിരുന്നെങ്കിൽ സമ്പാദിക്കുമായിരുന്നതിൽ ഏറെ ഇന്ന് 'ദൈവത്തിന്റെ ദാസൻ' എന്ന പേരിൽ സമ്പാദിക്കുന്നു! ആരെങ്കിലും ദൈവത്തെ സേവിക്കുന്നതിന് ഭൗതികസുഖങ്ങളും പണവും വസ്തുവകകളും ത്യജിച്ചിട്ടില്ലെങ്കിൽ അവർ യഥാർത്ഥത്തിൽ ദൈവത്തെ സേവിക്കുകയല്ല.

അനേകം മുഴുവൻ സമയ പ്രവർത്തകരും ദൈവത്തെയും മാമ്മോനെയും ഒരേസമയം സേവിക്കാനാണ് ശ്രമിക്കുന്നത്. അവർ ഐഹികമായ ഏതെങ്കിലും ജോലിയിൽ ആയിരുന്നെങ്കിൽ സമ്പാദിക്കുമായിരുന്നതിൽ ഏറെ ഇന്ന് 'ദൈവത്തിന്റെ ദാസൻ' എന്ന പേരിൽ സമ്പാദിക്കുന്നു! ആരെങ്കിലും ദൈവത്തെ സേവിക്കുന്നതിന് ഭൗതികസുഖങ്ങളും പണവും വസ്തുവകകളും ത്യജിച്ചിട്ടില്ലെങ്കിൽ അവർ യഥാർത്ഥത്തിൽ ദൈവത്തെ സേവിക്കുകയല്ല.

ഏതു വിശ്വാസിക്കും ദൈവത്തിന്റെ ദാസനായിരിക്കുവാൻ കഴിയും, എന്നാൽ അവൻ 'മാമ്മോനിൽ' നിന്നു സ്വതന്ത്രനായിരിക്കണം. വാസ്തവത്തിൽ മുകളിൽ പറഞ്ഞ വാക്യം സൂക്ഷിച്ചുവായിച്ചാൽ യേശു പറഞ്ഞത് ദൈവത്തിന്റെ ദാസന്മാരായിരിക്കുവാൻ നാം മാമ്മോനെ വെറുക്കണം എന്നും നിന്ദിക്കണം എന്നും ആണെന്നു കാണാൻ കഴിയും.

ദൈവത്തിന്റെ മുമ്പിൽ അതാണ് നിങ്ങളുടെ മനോഭാവം എന്നോ അല്ലെങ്കിൽ കുറഞ്ഞപക്ഷം ഈ മനോഭാവമാണ് മാമ്മോനോട് ഉണ്ടാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നതെന്നോ പറയുവാൻ കഴിയുമെങ്കിൽ ദൈവത്തിന്റെ ദാസനായിരിക്കുവാനുള്ള യോഗ്യത നിങ്ങൾ നേടുന്നു. അല്ലാത്തപക്ഷം ഇല്ല. യേശു ഇവിടെ വച്ചിരിക്കുന്ന നിലവാരമനുസരിച്ച് എത്ര മുഴുവൻ സമയ പ്രവർത്തകർ യോഗ്യത നേടിയിട്ടുണ്ട്? വളരെ കുറച്ചുപേർമാത്രം!

ആരെയാണ് നാം സേവിക്കുന്നതെന്നു കണ്ടുപിടിക്കുന്നതിനുള്ള മാർഗം ആരുടെ ആജ്ഞകളാണ് നാം അനുസരിക്കുന്നത്

പല മുഴുവൻ സമയ പ്രവർത്തകരും ഇപ്പോൾ അമേരിക്കയിൽ താമസിച്ചുകൊണ്ട് ഇൻഡ്യയ്ക്കുവേണ്ടി വലിയ ഭാരം തങ്ങൾക്കുണ്ടെന്ന് അവകാശപ്പെടാറുണ്ട്. ഇത് അങ്ങേയറ്റത്തെ കപടനാട്യമാണ്. എന്നിട്ടും വിശ്വാസികൾ അവരാൽ വിഡ്ഢികളാക്കപ്പെടുന്നു! അവർക്ക് ഇന്ത്യയെപ്പറ്റി ഭാരം ഉണ്ടായിരുന്നെങ്കിൽ ഇന്ത്യയിൽ തന്നെ ജീവിക്കുമായിരുന്നു!

എന്നു കണ്ടെത്തുന്നതാണ് - ദൈവത്തിന്റെയോ മാമ്മോന്റെയോ? ആരുടെ അവകാശവാദത്തിനാണ് നമ്മുടെ ജീവിതത്തിൽ മുൻഗണനയുള്ളത് - ദൈവത്തിന്റെയോ മാമ്മോന്റെയോ? ആർക്കും രണ്ട് യജമാനന്മാരെ സേവിക്കുവാൻ കഴിയുകയില്ല. പണം നിങ്ങളെ മാടിവിളിക്കുമ്പോൾ നിങ്ങൾ ഉടൻതന്നെ അനുകൂലമായി പ്രതികരിക്കുന്നുവെങ്കിൽ നിങ്ങൾ മാമ്മോന്റെ ഒരു ദാസനാണ്.

എന്തുകൊണ്ടാണ് മിക്കവാറും ക്രിസ്തീയ പ്രസംഗകർ ധനികരായ വിശ്വാസികളുള്ള, സുഖപ്രദമായ സ്ഥലങ്ങളിലേക്ക് മാത്രം പ്രസംഗിക്കാനായി യാത്ര ചെയ്യുന്നത്? ദരിദ്രരായ വിശ്വാസികളുള്ള ഇന്ത്യയിലെ ഗ്രാമങ്ങളിൽ ക്രമമായി സന്ദർശിക്കുകയും അവരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്യാൻ എത്ര പ്രസംഗകർ താത്പര്യം കാണിക്കാറുണ്ട്? അങ്ങനെ ചെയ്യുന്നവരാണ് ഇൻഡ്യയിലെ യഥാർത്ഥദൈവദാസന്മാർ.

പല മുഴുവൻ സമയ പ്രവർത്തകരും ഇപ്പോൾ അമേരിക്കയിൽ താമസിച്ചുകൊണ്ട് ഇൻഡ്യയ്ക്കുവേണ്ടി വലിയ ഭാരം തങ്ങൾക്കുണ്ടെന്ന് അവകാശപ്പെടാറുണ്ട്. ഇത് അങ്ങേയറ്റത്തെ കപടനാട്യമാണ്. എന്നിട്ടും വിശ്വാസികൾ അവരാൽ വിഡ്ഢികളാക്കപ്പെടുന്നു! അവർക്ക് ഇന്ത്യയെപ്പറ്റി ഭാരം ഉണ്ടായിരുന്നെങ്കിൽ ഇന്ത്യയിൽ തന്നെ ജീവിക്കുമായിരുന്നു!

ഒരു വിശ്വാസി തന്റെ താമസം മറ്റൊരു രാജ്യത്തേക്ക് മാറ്റുന്നതിൽ ഒരു തെറ്റുമില്ല. എന്നാൽ ആ സ്ഥാനമാറ്റത്തിന്റെ ആന്തരീകോദ്ദേശ്യമാണ് പ്രധാനം. യേശുവും തന്റെ വാസം സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്ക് മാറ്റി. എന്നാൽ എന്തായിരുന്നു അപ്പോൾ അവിടുത്തെ ഉദ്ദേശ്യം? അത് സുഖസൗകര്യങ്ങളും നേട്ടങ്ങളും പണവും ആയിരുന്നോ? അതോ അത് ദൈവനാമം മഹത്വപ്പെടുന്നതിനും ആവശ്യത്തിലിരുന്ന ആളുകളെ സഹായിക്കുന്നതിനും വേണ്ടി ആയിരുന്നോ? ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറിത്താമസിക്കുവാൻ തീരുമാനിക്കുമ്പോൾ നിങ്ങളും എന്തുകൊണ്ട് അങ്ങനെ തീരുമാനിച്ചു എന്ന് ആലോചിക്കേണ്ടതാണ്. അത് നിങ്ങൾ ദൈവത്തിന്റെ ദാസനോ മാമ്മോന്റെ ദാസനോ എന്നതു സംബന്ധിച്ചു സൂചന നല്കും.

മാമ്മോനെ സേവിക്കുന്ന ഒരുവൻ ദൈവത്തിന് ഉപയോഗമില്ലാത്തവൻ ആണെന്ന് പിശാചിന് അറിയാം. സാത്താനു നിങ്ങൾക്കു തരാൻ കഴിയുന്ന ഏറ്റവും വലിയ അധിക്ഷേപം, ലോകമനുഷ്യരിൽ നിന്നും വീഴ്ചപറ്റിയ ക്രിസ്തീയ ലോകത്തെ ലൗകികരായ നേതാക്കന്മാരിൽ നിന്നും ബഹുമതി ലഭിക്കുവാൻ നിങ്ങളെ തനിയേ വിടുക എന്നതാണ്.

ഒരു ദൈവദാസൻ സ്ഥിരമായി ചിന്തിക്കേണ്ടത് എങ്ങനെ ആത്മാക്കളെ നേടും എന്നും എങ്ങനെ സഭ പണിയും എന്നും ആണ്. അതാണ് അവൻ ഉറക്കത്തിലും സ്വപ്നം കാണുന്നത്. ഒരു മാമ്മോന്റെ ദാസൻ രാത്രിയിലും പകലിലും ചന്തിക്കു





കയും സ്വപ്നം കാണുകയും ചെയ്യുന്നത് കൂടുതൽ പണം എങ്ങനെ ഉണ്ടാക്കും എന്നതാണ്. നമുക്കു നമ്മുടെ ഉപബോധമനസ്സിനെ കബളിപ്പിക്കാൻ കഴിയുകയില്ല. നാം യഥാർത്ഥത്തിൽ എന്താണ് ആഗ്രഹിക്കുന്നതെന്ന് മറ്റാരെക്കാളും അധികം അതിനറിയാം. നാം മാമ്മോനെയാണു സ്നേഹിക്കുന്നതെങ്കിൽ സത്യസന്ധരായി നമുക്ക് അതു ദൈവത്തോടു പറയാം - അതിൽ നിന്നു നമ്മെ വിടുവിക്കാനായി അവിടുത്തോടു ചോദിക്കുകയും ചെയ്യാം. സത്യസന്ധരായ വിശ്വാസികൾക്ക് വലിയ പ്രത്യാശയുണ്ട് - എന്നാൽ സത്യസന്ധരല്ലാത്ത കപടനാട്യക്കാർക്ക് പ്രത്യാശയ്ക്ക് വഴിയില്ല.

ഈ കാലത്ത് ‘അത്ഭുത ശുശ്രൂഷ’കളെപ്പറ്റി നാം കേൾക്കാറുണ്ട്. എന്നാൽ ഒരു ‘മിറക്കിൾ’ ക്രൂസേഡിലെങ്കിലും ആളുകളോടു പണം ചോദിക്കാതിരിക്കുക എന്ന അത്ഭുതം നടന്നു കാണുവാൻ ഞാൻകാത്തിരിക്കുകയാണ്. യേശുവും അപ്പൊസ്തന്മാരും ഒരു യോഗത്തിലും ആളുകളിൽ നിന്നും ഒരിക്കലും സ്തോത്രക്കാഴ്ച സ്വീകരിച്ചിരുന്നില്ല. എന്നിട്ടും അന്ധരായ വിഡ്ഢികളായ വിശ്വാസികൾ, ലജ്ജകൂടാതെ പണം ചോദിക്കുന്ന പ്രസംഗകരെ പുകഴ്ത്തുകയും ഇവരൊക്കെ ദൈവത്തിന്റെ ശ്രേഷ്ഠദാസന്മാരാണെന്ന് സങ്കല്പിക്കുകയും ചെയ്യുന്നു! ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ തെളിഞ്ഞ വെളിച്ചത്തിൽ ഇത്തരം പ്രസംഗകർ തങ്ങളെത്തന്നെയാണ് സേവിച്ചത്, ദൈവത്തെയല്ല എന്ന് വെളിപ്പെടും.

സുവിശേഷവിഹിത വിശ്വാസികൾ എന്നും അല്ലാത്തവരെന്നും എല്ലാവരേയും രണ്ടായി വേർ തിരിക്കുന്ന ഒരു രേഖ ഇന്നു വിശ്വാസികൾ വരയ്ക്കാറുണ്ട്. അത്തരം ഒരു സാഹചര്യത്തിൽ പിശാചും അവന്റെ ദൂതന്മാരും സുവിശേഷവിഹിതരുടെ കൂടെ ആയിരിക്കും. കാരണം പിശാചും സുവിശേഷവിഹിതരെപ്പോലെ ദൈവ

ഈ കാലത്ത് ‘അത്ഭുത ശുശ്രൂഷ’കളെപ്പറ്റി നാം കേൾക്കാറുണ്ട്. എന്നാൽ ഒരു ‘മിറക്കിൾ’ ക്രൂസേഡിലെങ്കിലും ആളുകളോടു പണം ചോദിക്കാതിരിക്കുക എന്ന അത്ഭുതം നടന്നു കാണുവാൻ ഞാൻകാത്തിരിക്കുകയാണ്. യേശുവും അപ്പൊസ്തന്മാരും ഒരു യോഗത്തിലും ആളുകളിൽ നിന്നും ഒരിക്കലും സ്തോത്രക്കാഴ്ച സ്വീകരിച്ചിരുന്നില്ല. എന്നിട്ടും അന്ധരായ വിഡ്ഢികളായ വിശ്വാസികൾ, ലജ്ജകൂടാതെ പണം ചോദിക്കുന്ന പ്രസംഗകരെ പുകഴ്ത്തുകയും ഇവരൊക്കെ ദൈവത്തിന്റെ ശ്രേഷ്ഠദാസന്മാരാണെന്ന് സങ്കല്പിക്കുകയും ചെയ്യുന്നു!

ത്തിൽ വിശ്വാസമുള്ളവനാണല്ലോ (യാക്കോ 2:19). എന്നാൽ ദൈവം ആളുകളെ രണ്ടായി വേർതിരിക്കാനായി വരയ്ക്കുന്നത് മാമ്മോനെ സ്നേഹിക്കുന്നവരുടെയും ദൈവത്തെ സ്നേഹിക്കുന്നവരുടെയും മദ്ധ്യത്തിൽകൂടി ആയിരിക്കും. അപ്പോൾ സാത്താനും അവന്റെ സേനകളും മാമ്മോനെ സ്നേഹിക്കുന്നവരോടൊപ്പം ആയിരിക്കും.

നാം ഒന്നാമതായി ദൈവത്തിന്റെ രാജ്യം അന്വേഷിക്കുന്നു എങ്കിൽ നമുക്കു ഭൂമിയിലെ നമ്മുടെ ജീവിതത്തിന് ആവശ്യമായതെല്ലാം നാം അവയുടെ പിന്നാലെ ഓടാതെ തന്നെ ദൈവം തരും. എന്റെ 40 വർഷത്തെ ക്രിസ്തീയ ജീവിതത്തിലും ഇതു സത്യമാണെന്നു ഞാൻ കണ്ടിട്ടുണ്ട്. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്നാൽ ദൈവത്തിന്റെ വചനങ്ങൾ ഒരുനാളും ഒഴിഞ്ഞുപോകയില്ല. മുമ്പേ അവിടുത്തെ രാജ്യം അന്വേഷിക്കുന്നവരുടെ ‘എല്ലാ ന്യായമായ ആവശ്യവും’ ദൈവം നടത്തിക്കൊടുക്കും എന്ന വസ്തുതയുടെ ജീവിക്കുന്ന സാക്ഷ്യം ആയിരിക്കണം നാം ഓരോരുത്തരും. നമ്മുടെ ക്രിസ്തീയ

നാം പ്രസംഗകരാണെങ്കിൽ കൂടുതൽ പണം കിട്ടുമെന്ന ഉദ്ദേശ്യത്തോടു കൂടി ഒരിടത്തും പ്രസംഗിക്കുവാൻ പോകരുത്. ധനികരെ പ്രസാദിപ്പിക്കാൻ ശ്രമിക്കരുത്. ദരിദ്രരെ അവഗണിക്കരുത്. സ്തോത്രക്കാഴ്ച എടുക്കുന്നതിൽ ഞങ്ങൾക്കു താല്പര്യം ഇല്ലെന്നും, ഞങ്ങളുടെ ധനപരമായ ആവശ്യങ്ങൾ മനുഷ്യരോടു പറയുകയില്ലെന്നും, ആളുകൾ ഞങ്ങൾക്കു പണം തരുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്നുമുള്ളതെല്ലാം നമ്മുടെ സാക്ഷ്യം ആയിരിക്കേണ്ടതാണ്.

ജീവിതത്തിൽ മുഴുവൻ എപ്പോഴും ദൈവത്തിന്റെ രാജ്യമാണ് നാം ഒന്നാമത് അമ്പേഷിച്ചത് എന്നു പറയുവാൻ നമുക്കാർക്കും കഴിഞ്ഞില്ലെങ്കിലും നമ്മളാരും പണത്തിന് പിന്നാലെ ഓടുന്നവരല്ല എന്നു സാക്ഷിക്കുവാനെങ്കിലും നമുക്കു സാധിക്കണം! നാം പ്രസംഗകരാണെങ്കിൽ കൂടുതൽ പണം കിട്ടുമെന്ന ഉദ്ദേശ്യത്തോടു കൂടി ഒരിടത്തും പ്രസംഗിക്കുവാൻ പോകരുത്. ധനികരെ പ്രസാദിപ്പിക്കാൻ ശ്രമിക്കരുത്. ദരിദ്രരെ അവഗണിക്കരുത്. സ്തോത്രക്കാഴ്ച എടുക്കുന്നതിൽ ഞങ്ങൾക്കു താല്പര്യം ഇല്ലെന്നും, ഞങ്ങളുടെ ധനപരമായ ആവശ്യങ്ങൾ മനുഷ്യരോടു പറയുകയില്ലെന്നും, ആളുകൾ ഞങ്ങൾക്കു പണം തരുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്നുമുള്ളതെല്ലാം നമ്മുടെ സാക്ഷ്യം ആയിരിക്കേണ്ടതാണ്. അങ്ങനെയുള്ള ഒരു ജീവിതം ജീവിച്ചതായി പൗലൊസിന് സാക്ഷിക്കുവാൻ കഴിഞ്ഞു. പൗലൊസ് ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തെപ്പോലെ തന്നെ തങ്ങളും ദൈവത്തെ സേവിക്കുകയാണെന്ന് അവകാശപ്പെട്ട പണസ്നേഹികളായ പ്രസംഗകരെ തുറന്നുകാണിക്കുവാനാണ് താൻ അങ്ങനെയാണു ജിവിച്ചതെന്നു പൗലൊസ് തുറന്നു പറഞ്ഞത് (2 കൊരി 11:10-13).

നമ്മുടെ കാലത്തും ഇന്ത്യയിൽ പൗലൊസിനെപ്പോലെയുള്ള ജീവിക്കുന്ന സാക്ഷികളുടെ വലിയ ആവശ്യമുണ്ട്. ക്രൈസ്തവ ലോകത്ത് ഇന്നു ധാരാളമായി കാണുന്ന പണസ്നേഹികളായ പ്രസംഗകരെ തുറന്നു കാണിക്കാൻ അവർക്കേ കഴിയുകയുള്ളൂ. എന്തുകൊണ്ടാണ് പിശാച് ഇന്ന് ഇന്ത്യയിൽ ഞങ്ങളെയും ഞങ്ങളുടെ ശുശ്രൂഷയെയും ഇത്രയധികം വെറുക്കുന്നത്? പിശാച് വിശ്വാസികളെക്കൊണ്ട് (ഞങ്ങളുടെ യോഗങ്ങളിൽ ഒരിക്കലും സംബന്ധിക്കുകയോ ഞങ്ങളുടെ പ്രസംഗം കേൾക്കുകയോ ചെയ്യാത്തവരാണവർ) ഞങ്ങളെ ദുരുപദേശക്കാർ, അന്തിക്രിസ്തു, തീവ്രവാദികൾ, കള്ളപ്രവാചകന്മാർ എന്നീ പേരുകൾ വിളിപ്പിക്കുന്നതിന്റെ കാരണം ഞങ്ങൾ സാത്താന്റെ രാജ്യത്തെ അത്രയധികം ഉപദ്രവിക്കുകയും പണസ്നേഹികളായ മുഴുവൻ സമയപ്രവർത്തകരും സുവിശേഷപ്രസംഗകരും യഥാർത്ഥത്തിൽ സാത്താന്റെ ദാസന്മാരാണെന്ന് തുറന്നുകാണിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. (2 കൊരി. 11: 10-15 കാണുക.)

യേശു പറഞ്ഞു 'മാമ്മോന്റെ ഉപയോഗത്തിൽ നാം വിശ്വസ്തരായില്ലെങ്കിൽ ദൈവം അവിടുത്തെ രാജ്യത്തിന്റെ യഥാർത്ഥധനം നമ്മെ വിശ്വസിച്ചേല്പിക്കയില്ല' (ലൂക്കോ 16:11)

പാശ്ചാത്യരാജ്യങ്ങളിലെ ക്രിസ്ത്യാനികളെ ഇൻഡ്യൻ ക്രിസ്ത്യാനികൾ അന്ധമായി അനുകരിക്കുന്നത്, ദൈവവചനത്തിലുള്ള വെളിപ്പാടിന്റെ വലിയകുറവ്, ഇന്നത്തെ പ്രസംഗകരുടെ വിരസതയുണ്ടാക്കുന്ന പ്രസംഗങ്ങൾ എന്നിവ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ

*ശേഷം പേജ് 14 ൽ*





ക്രിസ്തീയജീവിതത്തിനു മാധുര്യം പകരുന്നതിൽ ക്രിസ്തീയകീർത്തനങ്ങൾക്കുള്ള പങ്ക് ഒട്ടും ചെറുതല്ല. പ്രശസ്തമായ ഓരോ ക്രിസ്തീയഗാനത്തിനും പിന്നിൽ സന്തോഷകരമായ അനുഭവങ്ങളുടെ പുഞ്ചിരിയോ ദുഃഖകരമായ ഓർമ്മകളുടെ കണ്ണീരോ ഉണ്ടാകും. അനുഭവങ്ങളിൽ വിശ്വാസം ചാലിച്ച് എഴുതിയ അത്തരം ഗാനങ്ങളുടെയും ഗാനരചയിതാക്കളെയും പരിചയപ്പെടുത്തുന്ന പുതിയ പംക്തി പുതുവർഷത്തിൽ ആരംഭിക്കുന്നു: **'അനുഭവങ്ങളിൽ ചാലിച്ചെഴുതിയ കീർത്തനങ്ങൾ'**

# എന്തു നല്ലോർ സഖി യേശു

**സുരേഷ്, ബാംഗ്ളൂർ**

**ജോ**സഫ് സ്ക്രിവെന്റെ രോഗശയ്യയിൽ സന്ദർശകനായെത്തിയ സുഹൃത്ത് അവിടെക്കണ്ട കടലാസ്താളിൽ കുറിച്ചിട്ടിരുന്ന കവിത ആരുടേതെന്നു ചോദിച്ചു. അതു കർത്താവും ഞാനും തമ്മിലുള്ള ബന്ധത്തിൽ ചെയ്തതാണെന്നു മറുപടി. ഇന്നു നാം പാടുന്ന പ്രശസ്തമായ "എന്തു നല്ലോർ സഖി യേശു" എന്ന ഗാനമായിരുന്നു ആ താളിൽ. ആ വരികൾക്കു ജന്മം നൽകിയ സാഹചര്യങ്ങളെ നാം ശ്രദ്ധിക്കുമ്പോൾ ജോസഫ് സ്ക്രിവന്റെ ജീവിതത്തിൽ പ്രവർത്തിച്ചിരുന്ന കർത്താവിനെ നാം കണ്ടെത്തുന്നു.



അയർലണ്ട് സേനയിലെ ഒരു സേനാപതിയുടെ സമ്പന്ന കുടുംബത്തിലാണ് ജോസഫിന്റെ ജനനം. സൈനികസേവനമെന്ന തന്റെ കുടുംബപാരമ്പര്യത്തിന് ഒരു പിന്തുടർച്ചക്കാരനാകാൻ അനാരോഗ്യം മൂലം ജോസഫിനു കഴിഞ്ഞില്ല. സൈനികസ്കൂളിലെ വിദ്യാഭ്യാസം രണ്ടു വർഷം കൊണ്ടു തന്നെ അവസാനിപ്പിക്കേണ്ടിവന്നു. 24-ാം വയസ്സിൽ അദ്ധ്യാപകവൃത്തി സ്വീകരിക്കുകയും വിവാഹിതനാകുവാൻ താത്പര്യപ്പെടുകയും ചെയ്തു. വിവാഹത്തലേന്ന് ബാൻ നദിക്കക്കരെ തന്റെ വധുവിനെ സ്വീകരിക്കാൻ കാത്തുനിന്ന ജോസഫിന്റെ മുമ്പിൽത്തന്നെ കുതിരപ്പുറത്തുനിന്നു നദിയിലേക്കു വീണ് ആ പെൺകുട്ടി മുങ്ങി മരിച്ചു.

തകർന്നുപോയ ജോസഫ് ഒരു പുതിയജീവിതം ആരംഭിക്കാൻ കാനഡായിലെ പോർട്ട് ഹോപ്പിലേക്കു കപ്പൽ കയറി. അവിടെ അദ്ധ്യാപകനായിരിക്കെ തന്റെ ഒരു വിദ്യാർത്ഥിനിയുടെ ബന്ധുവായ ഒരു പെൺകുട്ടിയുമായി 39-ാം വയസ്സിൽ വിവാഹമുറപ്പിച്ചു. വിവാഹത്തിനു മുൻപായി ആ കുട്ടിക്കു മുഴുകൽ സ്നാനം നൽകേണ്ടതുണ്ടായിരുന്നു. ആ പെൺകുട്ടി കാനഡായിലെ തണുത്തുറഞ്ഞ തടാകജലത്തിൽ മുങ്ങിയതോടെ രോഗം മൂർച്ഛിച്ചു. ന്യൂമോണിയ ബാധിച്ച് അവൾ കിടപ്പിലാവുകയും ആരോഗ്യം നാൾക്കുനാൾ ക്ഷയിക്കുകയും ചെയ്തു. നാലു മാസത്തെ രോഗബാധ അവളെ മരണത്തിലേക്കു നയിച്ചു. അതോടെ ജോസഫിന്റെ ആ വിവാഹപ്രതീക്ഷയും തകർന്നു.

ജോസഫ് സ്ക്രിവൻ രോഗികളെയും അശരണരെയും അധഃസ്ഥിതരെയും ശുശ്രൂഷിച്ച് തന്റെ സമ്പാദ്യങ്ങൾ അവർക്കായി ചെലവഴിച്ച് ജീവിച്ചു. സ്വന്തം ദേഹത്തു കിടന്ന വസ്ത്രങ്ങൾക്കൂടി അവർക്കു നൽകിക്കൊണ്ട് ഗിരിപ്രഭാഷണം ജീവിതത്തിൽ അന്വർത്ഥമാക്കുവാൻ താൻ യത്നിച്ചു. സ്വന്തം മരങ്ങൾ മുറിക്കുവാൻ കഴിവില്ലാത്തവർക്കു മരങ്ങൾ മുറിച്ചു സഹായിക്കുവാൻ സദാ ഈർച്ചവാളുമായി കറങ്ങി നടക്കുന്ന വെള്ളിത്താടിയും വെളുത്ത കുറ്റിത്തലമുടിയുമുള്ള ദീർഘകായനായ ആ മനുഷ്യൻ പോർട്ട് ഹോപ്പിലെ പരിചിതമായ ഒരു കാഴ്ചയായിരുന്നു.

തുടർന്നുള്ള തന്റെ ജീവിതകാലം രോഗികളെയും അശരണരെയും അധഃസ്ഥിതരെയും ശുശ്രൂഷിച്ച് തന്റെ സമ്പാദ്യങ്ങൾ അവർക്കായി ചെലവഴിച്ച് ജീവിച്ചു. സ്വന്തം ദേഹത്തു കിടന്ന വസ്ത്രങ്ങൾക്കൂടി അവർക്ക് നൽകിക്കൊണ്ട് ഗിരിപ്രഭാഷണം ജീവിതത്തിൽ അന്വർത്ഥമാക്കുവാൻ താൻ യത്നിച്ചു. സ്വന്തം മരങ്ങൾ മുറിക്കുവാൻ കഴിവില്ലാത്തവർക്കു മരങ്ങൾ മുറിച്ചു സഹായിക്കുവാൻ സദാ ഈർച്ചവാളുമായി കറങ്ങി നടക്കുന്ന വെള്ളിത്താടിയും വെളുത്ത കുറ്റിത്തലമുടിയുമുള്ള ദീർഘകായനായ ആ മനുഷ്യൻ പോർട്ട് ഹോപ്പിലെ പരിചിതമായ ഒരു കാഴ്ചയായിരുന്നു. ഒരിക്കൽ ജോസഫിനെ വാളുമായി കണ്ട ഒരു വ്യക്തി തനിക്ക് അദ്ദേഹത്തെ ജോലിക്കു വേണമെന്ന് ആവശ്യപ്പെട്ടു. കേട്ടുനിന്നവർ പറഞ്ഞു: "ഇല്ല. ജോസഫിനെ നിങ്ങൾക്ക് അങ്ങനെ ലഭിക്കില്ല. പണം കൊടുത്ത് ജോലിക്ക് ആളെ നിർത്താൻ വകയില്ലാത്ത ദരിദ്രർക്കും വിധവമാർക്കും രോഗികൾക്കും വേണ്ടി മാത്രമേ ജോസഫ് ജോലി ചെയ്യൂ."

പട്ടണക്കാർ ജോസഫിനെ ഭ്രാന്തൻ എന്നു കരുതിയിരുന്നു. എന്നാൽ "പോർട്ട് ഹോപ്പിലെ നല്ല ശമര്യക്കാരൻ" എന്ന പേര് പെട്ടെന്നു തന്നെ അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹം പൊതുനിരത്തിൽ പ്രസംഗിക്കുമായിരുന്നു. അതിന് അറസ്റ്റ് ചെയ്യപ്പെട്ടിട്ടുമുണ്ട് ജോസഫ്. ഞായറാഴ്ചകളിൽ റെയിൽ റോഡിലെ തൊഴിലാളികളോട് സംഭാഷിക്കുവാൻ അദ്ദേഹം പോകുമായിരുന്നു-പ്രതിഫലമോ കൃതജ്ഞതയോ സ്വീകരിക്കാതെ.

1855 ൽ തന്റെ മാതാവ് അത്യാസന്നനിലയിലാണെന്ന് ജോസഫിനു വിവരം ലഭിച്ചു. പോയി കാണുവാൻ കഴിയില്ലായിരുന്നു. എങ്കിലും അമ്മയ്ക്ക് ആശ്വാസത്തിനായി ഒരു കത്തയച്ചു. അതിൽ എഴുതിയയച്ച പാട്ടിന്റെ വരികളാണ് പിൽക്കാലത്ത് തന്റെ രോഗശയ്യയിൽ സന്ദർശകനായെത്തിയ സുഹൃത്തിന്റെ ശ്രദ്ധയിൽ പെട്ടത്. അതു പ്രസിദ്ധീകരിക്കുവാൻ വേണ്ടി എഴുതിയതായിരുന്നില്ല. എങ്കിലും സുഹൃത്തിന്റെ നിർബന്ധത്തിനു വഴങ്ങി ദിനപ്പത്രത്തിൽ പേരു വയ്ക്കാതെ പ്രസിദ്ധീകരണത്തിനു നൽകി. ആ ഗാനത്തിന്റെ വരികൾ വായനക്കാരുടെ ഹൃദയങ്ങളെ കീഴടക്കി. വ്യക്തികളിൽ നിന്നു വ്യക്തികളിലേക്കും പത്രങ്ങളിൽ നിന്നു പത്രങ്ങളിലേക്കും നഗരങ്ങളിൽ നിന്നു നഗരങ്ങളിലേക്കും (ഓൻടാറിയോ മുതൽ ന്യൂയോർക്ക് മുതൽ എറീ, പെൻസിൽവേനിയാ വരെ) അത് അഗ്നിപോലെ പടർന്നു. ചാൾസ് കൊൺവേഴ്സ് എന്ന സുപ്രസിദ്ധ സംഗീതജ്ഞന്റെ കരങ്ങളിലെത്തിയതോടെ അതിനു സംഗീതരൂപമായി.ഹൃദ്യമായ, ആലാപന മാധുര്യമുള്ള ഈണം അതിനു ലഭിച്ചു.

ഈ പാട്ടിന്റെ വരികൾ രചിച്ച ജോസഫ് സ്ക്രിവനുമായി ചാൾസ് സി. കൊൺവേഴ്സിനെ താരതമ്യം ചെയ്യാൻ കഴിയില്ലായിരുന്നു. വിദ്യാഭ്യാസം കൊണ്ടും പദവികൾകൊണ്ടും സമുന്നതനായിരുന്നു ചാൾസ്. അമേരിക്കയിലെ എണ്ണപ്പെട്ട നിയമജ്ഞരിലൊരാൾ, സംഗീതത്തിൽ അവഗാഹമുള്ള സംഗീതജ്ഞൻ... അങ്ങനെ പലതും. അക്കാലത്തെ പ്രസിദ്ധങ്ങളായ ഗാനങ്ങളിൽ പലതും ചാൾസിന്റെ സംഭാവനയായിരുന്നു. ഈ ഗാനവും ചാൾസിന്റെതായി ആളുകൾ കരുതി.

ഇറാ ഡി. സാങ്കി ഈ ഗാനം കണ്ടെത്തി തന്റെ പ്രസിദ്ധമായ "സാങ്കിയുടെ പ്രഥമ സുവിശേഷകീർത്തനങ്ങൾ" എന്ന പുസ്തകത്തിൽ ഒടുവിലത്തെ പാട്ടായി ചേർത്തു പ്രസിദ്ധീകരിച്ചു. പിൽക്കാലത്ത് സാങ്കി ഇങ്ങനെ എഴുതി: "അവസാനത്തെ പാട്ടായി ഞാൻ ചേർത്ത ഗാനം ജനപ്രീതിയിലും പ്രചാരത്തിലും ഒന്നാമതായി".

1896 ൽ ആയിരുന്നു ജോസഫ് സ്ക്രിവന്റെ മരണം. അദ്ദേഹത്തിന്റെ മരണം സംബന്ധിച്ചുള്ള വസ്തുതകൾ അധികമൊന്നും അറിയില്ലെങ്കിലും അന്ത്യനാളുകളിൽ ഒരു ഭ്രമചിത്താവസ്ഥയിൽ ആയിരുന്നു. ഇടറുന്ന കാൽച്ചുവടുകളുമായിട്ടായിരുന്നു നടത്തവും. ആ നടപ്പിലെങ്ങോ ഒരു ജലാശയത്തിൽ വീണു മുങ്ങി ഈ ഭൂമിയിലെ ആ ജീവിതത്തിനു തിരശ്ശീലവീണു.

താൻ എഴുതിയ ഗാനത്തിനു മുപ്പതു വർഷം വരെ തനിക്കു ബഹുമതിയൊന്നും ലഭിച്ചില്ല. മുപ്പതുവർഷം കഴിഞ്ഞാണ് "കീർത്തനങ്ങളും മറ്റു ചില പദ്യങ്ങളും" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചത്. തന്റെ മരണത്തെക്കുറിച്ചുള്ള ഒരു റിപ്പോർട്ടിൽ ഒരു പത്രം ഇങ്ങനെയെഴുതി:"മി. സ്ക്രിവന് ശത്രുക്കളാരുമുണ്ടായിരുന്നില്ല. അദ്ദേഹം വാസ്തവമായും ഒരു നല്ല മനുഷ്യനായിരുന്നു. അദ്ദേഹം പോർട്ട് ഹോപ്പിലെ തെരുവുകളിൽ പ്രസംഗിച്ച പ്രസംഗങ്ങളത്രയും വെള്ളത്തിന്മേൽ എറിഞ്ഞ അപ്പങ്ങളായിരുന്നു. വരും കാലങ്ങളിൽ അവയുടെ ഫലങ്ങൾ നാം കാണുമെന്നും പ്രതീക്ഷിക്കുന്നു".

"ഞാനും കർത്താവും തമ്മിൽ ചെയ്തതാണ്" എന്ന ജോസഫിന്റെ വാക്കുകൾ പ്രാവചനികമായിരുന്നു എന്നത് ആ ഗാനം ലോകമെമ്പാടും ഹൃദയങ്ങളിലുണ്ടാക്കിയ സ്വാധീനത്തിൽ നിന്നു വ്യക്തമാണ്. തന്റെ ആവശ്യങ്ങളിൽ യേശുവിനെ സ്നേഹിതനായി കണ്ട, വിശ്വാസത്താൽ കർത്താവിനോടു പ്രതികരിച്ച ജോസഫ് നമുക്ക് ഒരു പാഠമായിരിക്കട്ടെ.

'എന്തുനല്ലോർ സഖിയേശു' എന്ന ഗാനത്തിലെ വരികൾ ശ്രദ്ധിക്കുക.

പരിഭാഷ വി. നാഗൽ.

*എന്തു നല്ലോർ സഖി യേശു*
*പാപദുഃഖം വഹിക്കും*
*എല്ലാം യേശുവോടു ചെന്നു*
*ചൊല്ലിടുമ്പോൾ താൻ കേൾക്കും*
*നൊമ്പരമേറെ സഹിച്ചു*
*സമാധാനങ്ങൾ നഷ്ടം*
*എല്ലാം യേശുവോടു ചെന്നു*
*ചൊല്ലിടായ്ക നിമിത്തം*
*കഷ്ടം ശോധനകളുണ്ടോ*
*എവ്വിധദുഃഖങ്ങളും*
*ലേശവുമധൈര്യം വേണ്ട*
*ചൊല്ലാം യേശുവോടെല്ലാം*
*ദുഃഖം സർവം വഹിക്കുന്ന*
*മിത്രംമറ്റാരുമുണ്ടോ*
*ക്ഷീണമെല്ലാം അറിയുന്ന*
*യേശുവോടു ചൊല്ലിടാം*
*ഉണ്ടോ ഭാരം വൈഷമ്യങ്ങൾ*
*ദുഃഖങ്ങളും അസംഖ്യം?*
*രക്ഷകനല്ലോ സങ്കേതം*
*യേശുവോടറിയിക്കാം*
*മിത്രങ്ങൾ നിന്ദിക്കുന്നുണ്ടോ?*
*പോയ്ചൊല്ലേശുവോടെല്ലാം*
*ഉള്ളംകയ്യിൽ ഈശൻ കാക്കും*
*അങ്ങുണ്ടാശ്വാസമെല്ലാം.*

**മൊഴിമാറ്റം: ബോബി ചെറിയാൻ**

# പുതിയ നിയമദാസന്മാരും...

*10-ാം പേജിൽ നിന്നു തുടർച്ച*

നമുക്കു വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്നത് ഈ പ്രസംഗകർ ആരും പണത്തിന്റെ കാര്യത്തിൽ വിശ്വസ്തത കാണിച്ചിരുന്നില്ല എന്നതാണ്.

**3. മനുഷ്യരെ പ്രസാദിപ്പിക്കലിൽ നിന്നു സ്വതന്ത്രരാക്കുക.**

"ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ എനിക്കു ക്രിസ്തുവിന്റെ ദാസനായിരിപ്പാൻ കഴിയുകയില്ല" (ഗലാ 1:10) മൂന്നാമത്തെ ആവശ്യം മനുഷ്യരെ പ്രസാദിപ്പിക്കുന്നതിനുള്ള മാർഗ്ഗം അന്വേഷിക്കുന്നതിൽ നിന്നു സ്വതന്ത്രരാകുക എന്നതാണ്.

ഐഹിക ജോലിയിൽ നിന്നു സ്വതന്ത്രരാകുകയാണ് മനുഷ്യരെ പ്രസാദിപ്പിക്കുന്നതിൽ നിന്നു സ്വതന്ത്രരാകുന്നതിലും എളുപ്പമെന്ന് ഒരിക്കൽകൂടി പറയട്ടെ.

നാം മനുഷ്യരെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി ദൈവവചനം പ്രസംഗിച്ചാൽ നാം മനുഷ്യരുടെ ദാസന്മാരാണ്, ദൈവത്തിന്റെ അല്ല. കൂടുതൽ പണവും ബഹുമാനവും നേടിത്തരുന്ന പേരുകേട്ട ഒരു കൺവൻഷനിലേക്കു വീണ്ടും വീണ്ടും ക്ഷണിക്കപ്പെടാൻ ഒരു പ്രസംഗകൻ ആഗ്രഹിച്ചാൽ അവൻ തന്റെ സന്ദേശം കേൾവിക്കാർക്ക് ആർക്കും പിണക്കംവരാത്ത രീതിയിൽ ഭേദഗതി വരുത്തുവാൻ പരീക്ഷിക്കപ്പെട്ടേക്കാം. ഫലത്തിൽ അങ്ങനെ അവൻ മനുഷ്യന്റെ ദാസനായിത്തീരുന്നു.

നിങ്ങൾ പൊതുസ്ഥലത്ത് മനുഷ്യരിൽ മതിപ്പുണ്ടാക്കുന്ന രീതിയിൽ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾ മനുഷ്യരുടെ അഭിപ്രായങ്ങളെ ആണ് ആരാധിക്കുന്നത്, ജീവനുള്ള ദൈവത്തെ അല്ല. ഇത്തരം പ്രാർത്ഥനകൾ ദൈവത്തിനല്ല മനുഷ്യർക്ക് അർപ്പിക്കുന്നതുകൊണ്ട് ദൈവം അതു കേൾക്കുന്നില്ല.

ഇതേ മട്ടിൽ നാം വസ്ത്രധാരണം ചെയ്യുന്നരീതി, നാം മനുഷ്യരോടു സംസാരിക്കുന്ന രീതി, നാം നടക്കുന്ന രീതി എന്നിവയിൽ പോലും നാം നമ്മെത്തന്നെ പരിശോധിക്കേണ്ടതാണ്. ഇതിലേതെങ്കിലും കാര്യം നമ്മുടെ വിശുദ്ധിയോ താഴ്മയോ കൊണ്ട് മറ്റുള്ളവർക്ക് മതിപ്പുണ്ടാക്കാനാണ് ചെയ്യുന്നതെങ്കിൽ നാം മനുഷ്യരുടെ ദാസന്മാരാണ്; ദൈവത്തിന്റെ ദാസന്മാരല്ല.

നിങ്ങളുടെ ഭാര്യയെയോ ഭർത്താവിനെയോ പ്രസാദിപ്പിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല.

നിങ്ങൾ എത്ര അധികം ദൈവത്തെ പ്രസാദിപ്പിക്കുന്നുവോ അത്രയധികം ദൈവത്തെ അറിയാത്ത മനുഷ്യരാൽ - ക്രൈസ്തവലോകത്തെ മതനേതാക്കളാൽ - നിങ്ങൾ നിന്ദിക്കപ്പെടും. യേശുവിനെ 'ഭൂതങ്ങളുടെ തലവൻ' എന്നു വിളിച്ചിരുന്നു. അങ്ങനെയെങ്കിൽ അവിടുത്തെ യഥാർത്ഥ ശിഷ്യന്മാരെ അത്തരം പേരുകൾ എത്രയധികം വിളിക്കും! - എന്തുകൊണ്ടെന്നാൽ അവർ ഒരു പോപ്പിനെയോ, ആർച്ചുബിഷപ്പിനെയോ, ഒരു മുഖ്യ പാസ്റ്ററെയോ ഭൂമിയിലുള്ള ഏതെങ്കിലും മനുഷ്യനെയോ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നവരല്ല.

**പുതിയ ഉടമ്പടിയിലെ സഭകൾ**

ഈയിടെയായി അനേകം വിശ്വാസികൾ അവർ ആയിരിക്കുന്ന ക്രിസ്തീയ സമുദായങ്ങളോട് വിരക്തി തോന്നിയിട്ട് അവയെ വിട്ട് പുതിയ നിയമസഭകൾ തേടാറുണ്ട്. 'പുതിയ ഉടമ്പടി സഭ' എന്ന്





അവകാശപ്പെടുന്ന അനേക കൂട്ടങ്ങൾ ഇന്നുണ്ട്.

എന്നാൽ നാം എങ്ങനെയാണ് ഒരു പുതിയ ഉടമ്പടി സഭയെ തിരിച്ചറിയേണ്ടത്? തീർച്ചയായും അവിടത്തെ യോഗങ്ങളുടെ മാതൃക അനുസരിച്ചല്ല. ഒരു ശക്തമായ സഭയിൽ കാണുന്ന പല മാതൃകകളും നമുക്ക് അനുകരിക്കുവാൻ കഴിഞ്ഞേക്കും. എന്നാൽ നമുക്കു തന്നെ ഒരു ശക്തമായ സഭയാകുവാൻ ഒരിക്കലും കഴിയുകയില്ല.

മോശെ പണിതതുപോലെയുള്ള ഒരു സമാഗമന കൂടാരം കൃത്യമായി പണിയുവാൻ ഫെലിസ്ത്യർക്കും കഴിയുമായിരുന്നു; കാരണം അതിന്റെ പണി സംബന്ധിച്ച വിവരങ്ങൾ എല്ലാം വളരെ വ്യക്തമായി പുറപ്പാടു പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ യിസ്രായേൽ മക്കളെ സംബന്ധിച്ച ഒരു കാര്യം മാത്രം ആർക്കും അനുകരിക്കുവാൻ സാധ്യമായിരുന്നില്ല. അത് കൂടാരത്തിൽ അധിവസിച്ചിരുന്ന ദൈവതേജസ്സിന്റെ അഗ്നിയായിരുന്നു. മരുഭൂമിയിലെ യഥാർത്ഥദൈവസാന്നിദ്ധ്യം തിരിച്ചറിയാൻ സഹായിക്കുന്ന പ്രത്യേകമായ അടയാളം അതൊന്നു മാത്രമായിരുന്നു. അതില്ലായെങ്കിൽ കൂടാരം ശൂന്യമായ ഒരു പുറംതോടു മാത്രമാകുമായിരുന്നു. ശലോമോന്റെ കാലത്ത് കൂടാരത്തിന്റെ സ്ഥാനത്ത് ദേവാലയം വന്നപ്പോൾ ദൈവത്തിന്റെ തേജസ്സ് അതിനെ നിറച്ചു. എന്നാൽ പിന്നീട് യിസ്രായേൽ പിന്മാറ്റത്തിലായപ്പോൾ ആ തേജസ്സ് സാവധാനം പുറത്തേക്കു മാറിപ്പോയി. (യെഹ 10:4, 18, 19) ആ ദേവാലയം അപ്പോൾ ശൂന്യമായ ഒരു പുറന്തോടു മാത്രമായി. ഇതുതന്നെയാണ് ഇന്നു പല സഭകളുടെയും സ്ഥിതി.

പുതിയ ഉടമ്പടി സഭയുടെ ഒരു തിരിച്ചറിയൽ അടയാളം ദൈവത്തിന്റെ സാന്നിദ്ധ്യം അവരുടെ മദ്ധ്യേ ഉണ്ടെന്നുള്ളതാണ്. പ്രവചനത്തിന്റെ ആത്മാവ് ശക്തിയോടുകൂടി ഒരു സഭായോഗത്തിൽ ഉണ്ടെങ്കിൽ യോഗത്തിനു വരുന്നവർ കവിണ്ണുവീണ് ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ട് എന്ന് ഏറ്റുപറഞ്ഞു നമസ്കരിക്കും. (1 കൊരി 14:24, 25). സഭയിൽ പ്രാവചനികമായി ദൈവം സംസാരിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങൾ കത്തിക്കൊണ്ടിരിക്കും; എമ്മവുസിലേക്കുള്ള വഴിയിൽ യേശു സംസാരിച്ചപ്പോൾ കൂടെയുണ്ടായിരുന്ന രണ്ടു ശിഷ്യന്മാരുടെ ഹൃദയങ്ങൾ കത്തിക്കൊണ്ടിരുന്നതുപോലെ (ലൂക്കോ 24:32).

> നാം മനുഷ്യരെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി ദൈവവചനം പ്രസംഗിച്ചാൽ നാം മനുഷ്യരുടെ ദാസന്മാരാണ്, ദൈവത്തിന്റെ അല്ല. കൂടുതൽ പണവും ബഹുമാനവും നേടിത്തരുന്ന പേരുകേട്ട ഒരു കൺവെൻഷനിലേക്കു വീണ്ടും വീണ്ടും ക്ഷണിക്കപ്പെടാൻ ഒരു പ്രസംഗകൻ ആഗ്രഹിച്ചാൽ അവൻ തന്റെ സന്ദേശം കേൾവിക്കാർക്ക് ആർക്കും പിണക്കുവരാത്ത രീതിയിൽ ഭേദഗതി വരുത്തുവാൻ പരീക്ഷിക്കപ്പെട്ടേക്കാം. ഫലത്തിൽ അങ്ങനെ അവൻ മനുഷ്യന്റെ ദാസനായിത്തീരുന്നു.

ദൈവം ദഹിപ്പിക്കുന്ന അഗ്നി ആകുന്നു. മോശെയോടു സംസാരിക്കാൻ ദൈവം മുൾപ്പടർപ്പിൽ ഇറങ്ങിവന്നപ്പോൾ മുൾപ്പടർപ്പ് കത്തിക്കൊണ്ടിരുന്നു. ഒരു കീടത്തിനും ആ മുൾപ്പടർപ്പിലെ അഗ്നിയെ അതിജീവിക്കാൻ കഴിഞ്ഞില്ല. ഇതേ രീതിയിൽ തന്നെ ഒരു പാപത്തിനും

> മോശെയോടു സംസാരിക്കാൻ ദൈവം മുൾപ്പടർപ്പിൽ ഇറങ്ങിവന്നപ്പോൾ മുൾപ്പടർപ്പ് കത്തിക്കൊണ്ടിരുന്നു. ഒരു കീടത്തിനും ആ മുൾപ്പടർപ്പിലെ അഗ്നിയെ അതിജീവിക്കാൻ കഴിഞ്ഞില്ല. ഇതേ രീതിയിൽ തന്നെ ഒരു പാപത്തിനും മറഞ്ഞിരിക്കാനോ തുറന്നുകാട്ടപ്പെടാതിരിക്കാനോ ഇന്ന് ദൈവത്തിന്റെ ശക്തിയുള്ള സാന്നിദ്ധ്യം ഉള്ളിടത്ത് സാധ്യമല്ല. അത്തരത്തിലുള്ള ഒരു സഭ മാത്രമാണ് പുതിയ ഉടമ്പടി സഭ. യേശുവിന്റെ കണ്ണുകൾ അഗ്നി ജ്വാലയ്ക്കു സമമാണ് അവിടുന്നു പണിയുന്ന എല്ലാ സഭകളിലെയും പാപത്തെയും, മാനുഷിക സമ്പ്രദായങ്ങളെയും പരീശത്വത്തെയും ദൈവം സ്ഥിരമായി പരിശോധിക്കുകയും തുറന്നുകാട്ടുകയും ചെയ്യുന്നു.

മറഞ്ഞിരിക്കാനോ തുറന്നുകാട്ടപ്പെടാതിരിക്കാനോ ഇന്ന് ദൈവത്തിന്റെ ശക്തിയുള്ള സാന്നിദ്ധ്യം ഉള്ളിടത്ത് സാധ്യമല്ല. അത്തരത്തിലുള്ള ഒരു സഭ മാത്രമാണ് പുതിയ ഉടമ്പടി സഭ. യേശുവിന്റെ കണ്ണുകൾ അഗ്നി ജ്വാലയ്ക്കു സമമാണ് (വെളി 1:14) അവിടുന്നു പണിയുന്ന എല്ലാ സഭകളിലെയും പാപത്തെയും, മാനുഷിക സമ്പ്രദായങ്ങളെയും പരീശത്വത്തെയും ദൈവം സ്ഥിരമായി പരിശോധിക്കുകയും തുറന്നുകാട്ടുകയും ചെയ്യുന്നു.

സ്വർഗരാജ്യത്തിന്റെ സുപ്രധാന താക്കോൽ 'ആത്മാവിന്റെ ദാരിദ്ര്യം' ആണ് (മത്താ 5:3). ഇതില്ലാതെ ഒരു പുതിയ ഉടമ്പടി സഭ പണിയുവാൻ നമുക്കു കഴിയുകയില്ല. ആത്മാവിൽ ദരിദ്രരായിരിക്കുക എന്നാൽ അവശ്യബോധത്തോടുകൂടി സ്ഥിരമായി ദൈവമുമ്പാകെ നുറുക്കമുള്ളവനായിരിക്കുക എന്നാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നാമും പൂർണ്ണരായിരിക്കുവാനുള്ള ശ്രേഷ്ഠവും ശക്തവുമായ ഒരു ആഗ്രഹം നമുക്കുണ്ട്. 'ഹൃദയം തകർന്നവർക്ക് യഹോവ സമീപസ്ഥൻ' (സങ്കീ 34:18). അവിടുന്നു സമീപത്തുള്ളപ്പോൾ അവിടുത്തെ സാന്നിദ്ധ്യം സ്വർഗ്ഗത്തിന്റെ അഗ്നി നമ്മുടെ ഹൃദയത്തിലേക്കും നാം പോകുന്നിടത്തൊക്കെ നമ്മിൽകൂടി മറ്റുള്ളവരിലേക്കും കൊണ്ടുവരുന്നു.

(തുടരും)

**മൊഴിമാറ്റം: വി.എം. വർഗീസ്**

**'Now, you can pay your subscription, online!'.**

**Jeevamozhikal - Direct Fund transfer Details**

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677

**Note:**
Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-6

**കഥ ഇതുവരെ..** *വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പണസമ്പാദനത്തിനായി അമേരിക്കയിൽ എത്തി. അവിടെ മൗറീസ് രൂബേന്റെ സാക്ഷ്യത്തിലൂടെ റീസിനെ ദൈവം സന്ദർശിച്ചു. അവൻ ദൈവത്തിനായി സമർപ്പിച്ചു. വെയിൽസിലേക്കു മടങ്ങി. വെയിൽസിലെ ഉണർവിനുശേഷം റീസ് ലാൻഡ്രിൻ ഡോഡിൽ ഒരു കൺവൻഷനുവേണ്ടി പോയി.അവിടെ അവൻ തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.തിരിച്ചു വന്ന റീസിനെ അസാധാരണമായ ശുശ്രൂഷകളിലേക്കു പരിശുദ്ധാത്മാവ് നടത്തി*

**തുടർന്നു വായിക്കുക**

## ഒരു വിശ്വാസി പോലും ഇല്ലാത്ത ഗ്രാമം

ഒരു ക്രിസ്ത്യാനിപോലും ഇല്ലാത്ത, ഒരു ക്രിസ്തീയദേവാലയം പോലും ഇല്ലാത്ത ഒരു ഗ്രാമം-ജിംസ്റ്റേക്സിന്റെ വീട്ടിൽ നിന്ന് ഏകദേശം അരമൈൽ അകലെയായിരുന്നു അത്. വെയിത്സിലെ ഉണർവ്വിന്റെ സമയത്ത് ഇവിടെ പ്രാർത്ഥനായോഗങ്ങൾ നടത്താൻ ശ്രമിച്ചിരുന്നു. പക്ഷേ പ്രയോജനം ഉണ്ടായില്ല.

ജിം സ്റ്റേക്സും ഭാര്യുയും റീസിനാൽ അനുഗ്രഹിക്കപ്പെട്ടു കഴിഞ്ഞ് ഒരു ദിവസം കർത്താവ് റീസിനോട് ഇങ്ങനെ ചോദിച്ചു:"രണ്ടു പേരെ സഹായിച്ചപ്പോൾ ഇത്രയേറെ സന്തോഷം നിനക്കുണ്ടെങ്കിൽ ഒരു ഗ്രാമത്തെ മുഴുവൻ സഹായിക്കാൻ നിനക്കു താൽപര്യമില്ലേ? പക്ഷേ അവിടെ പോകുമ്പോൾ നിന്നെ എനിക്കു മറ്റൊരു പാഠം പഠിപ്പിക്കാനുണ്ട്. അവിടെ നീയായിരിക്കണം ആദ്യം കഷ്ടം സഹിക്കേണ്ടേത്".

റീസിനു കാര്യം മനസ്സിലായി-കുടംബത്തിനുവേണ്ടി പിതാവാണല്ലോ കഷ്ടം സഹിക്കേണ്ടത്. ആടുകൾക്കു വേണ്ടി ജീവൻ നൽകേണ്ടതു നല്ല ഇടയനും.

രക്ഷകൻ പാപം വഹിച്ചു; രോഗം വഹിച്ചു; ഭാരം വഹിച്ചു. ആ ഗ്രാമത്തിലേക്കു പോകുമ്പോൾ രക്ഷകന്റെ സ്നേഹം പ്രായോഗികമായ വിധത്തിൽ നിന്നിലൂടെ പ്രദർശിപ്പിക്കാൻ പരിശുദ്ധാത്മാവിനെ നീ അനുവദിക്കണം-പരിശുദ്ധാത്മാവ് റീസിനോടു നിർദ്ദേശിച്ചു. ഉണർവ്വിന്റെ സമയത്ത് ഈ ഗ്രാമത്തിലെ ആളുകൾ ഏറ്റവും നല്ല പ്രസംഗങ്ങൾ കേട്ടവരാണ്.പക്ഷേ അത് അവരെ സ്പർശിച്ചില്ല. അവിടേക്കു തന്റെ ദാസനെ പരിശുദ്ധാത്മാവ് അയയ്ക്കുകയാണ്. ആദ്യസഹനത്തിനായി. ആവശ്യക്കാർക്കെല്ലാം തങ്ങളുടെ ആവശ്യങ്ങൾ സാധിച്ചു കിട്ടുന്നതിന് അവന്റെ മേൽ അവർക്ക് അവകാശമുണ്ടായിരിക്കും.

അങ്ങനെ ഒരു ഞായറാഴ്ച രാവിലെ സുഹൃത്തുക്കളായ ജോണി ലൂയിസ്, മിസ് എലിസബത്ത് ഹന്നാ ജോൺസ് (പിന്നീട് മിസ്സിസ് റീസ് ഹൊവൽസ്) തുടങ്ങിയവരോടും മറ്റു ചെറുപ്പക്കാരായ

ക്രിസ്തീയപ്രവർത്തകരോടും ഒപ്പം റീസ് ഈ ഗ്രാമത്തിലേക്കു ചെന്നു. അവിടെ കണ്ട കാര്യങ്ങൾ അവരെ അമ്പരപ്പിച്ചു. ബാരൽ കണക്കിനു ബിയർ പൊതുസ്ഥലത്തു വച്ചിരിക്കുന്നു. കുടിയും ചൂതുകളിയും അവിടെ നിർബാധം നടക്കുന്നു-ഇതുപോലെരു കാഴ്ച ഇതിനു മുൻപ് റീസും കൂട്ടരും കണ്ടിരുന്നില്ല. 'നരകാഗ്നി' എന്ന ആ സ്ഥലത്തിന്റെ പേര് അന്വർത്ഥമായി അവർക്കു തോന്നി. പക്ഷേ അവിടേക്കു ചെല്ലുമ്പോൾ തന്റെ മനസ്സിലുണ്ടായിരുന്ന ചിന്ത ഇങ്ങനെയായിരുന്നുവെന്നു റീസ് സാക്ഷിച്ചിട്ടുണ്ട്:'എനിക്ക് അപ്പോൾ ഒരേയൊരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളൂ-പരിശുദ്ധാത്മാവാണ് അവിടം സന്ദർശിക്കുന്നത്. അവിടുത്തേക്ക് പിശാചുക്കളെ പുറത്താക്കാനും പാപം ക്ഷമിക്കാനും കഴിയും!'

അവർ ആദ്യം സന്ദർശിച്ച ഭവനം തന്നെ അതു തെളിയിച്ചു.'വിശുദ്ധ ദിവസമായ'ഞായറാഴ്ച രാവിലെ അവൾ പാചകത്തിൽ വ്യാപൃതയായിരുന്നു എന്നു സമ്മതിക്കാൻ ആ വീട്ടിലെ ഗൃഹനാഥ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് തന്റെ ഓവനിലെ റൊട്ടി കരിഞ്ഞുപൊയ്ക്കൊള്ളാൻ അവൾ അനുവദിച്ചു! പിന്നീടാണു റീസ് ഇതറിയുന്നത്. ഉടനെ അവൻ ആ വീട്ടിലേക്കു തിരിച്ചോടി. തന്റെ വരവു മൂലം ആ വീട്ടിലുണ്ടായ നഷ്ടം നികത്തുവാനാണ് ഇപ്പോൾ വന്നിരിക്കുന്നതെന്ന് ആ വീട്ടമ്മയോടു പറഞ്ഞ് ഒരു വെള്ളിനാണയം അടുക്കളമേശയുടെ പുറത്തുവച്ച ശേഷം റീസ് വേഗം തിരിഞ്ഞു നടന്നു.

നല്ല പ്രവൃത്തിക്കു ചിറകുകളുണ്ടെന്നു പറയാറുണ്ട്. റീസ് ചെയ്ത നല്ല കാര്യത്തിനു ഗ്രാമത്തിൽ വേഗം പ്രചാരം കിട്ടി. ഈ ചെറുപ്പക്കാർ-അവരെല്ലാവരും ഖനികളിലും കടകളിലും തങ്ങളെപ്പോലെ പണിയെടുക്കുന്നവരാണ്-വാക്കുകൾക്കപ്പുറത്തുള്ള ചില കാര്യങ്ങളുമായാണ് വന്നിരിക്കുന്നതെന്ന് ഗ്രാമവാസികൾക്കു വേഗം മനസ്സിലായി. ആ സ്ത്രീ തന്റെ ഭവനത്തിന്റെ വാതിലുകൾ മീറ്റിംഗുകൾക്കായി തുറന്നുകൊടുത്തു. ആ സ്ത്രീയും ഭർത്താവും-ഇരുവരും മദ്യപരായിരുന്നു-ഗ്രാമത്തിലെ 'ആദ്യഫല'മായി വിശ്വാസത്തിലേക്കു വന്നു. ആ സ്ത്രീ നല്ല ഒരു വിശ്വാസിനിയായി തുടരുകയും ചെയ്തു. ആളുകളോട് 'ബൈബിളിൽ നിന്നെന്ന വണ്ണം' ജീവിക്കാനാണ് റീസ് വിളിക്കപ്പെട്ടിരിക്കുന്നതെന്ന് വളരെ വ്യക്തമായി പരിശുദ്ധാത്മാവ് അവനെ അറിയിച്ചു. വേഷത്തിൽപോലും റീസ് സാധാരണ ഗ്രാമീണരിൽ നിന്നു വ്യത്യസ്തനാകരുത്. അവരെപ്പോലെ സാധാരണവേഷമേ ധരിക്കാവൂ. തന്റെ മേൽ ശ്രദ്ധ വരരുത്. അമേരിക്കയിൽ നിന്നു വന്നകാലത്തു റീസ് തനിക്കും തന്റെ സഹോദരങ്ങൾ ഓരോരുത്തർക്കും ആളാംപ്രതി ഓരോ സ്വർണ വാച്ചുകൊണ്ടുവന്നിരുന്നു. പക്ഷേ പരിശുദ്ധാത്മാവിന്റെ ഈ ഉണർത്തലിനുശേഷം റീസ് ആ വാച്ച് ധരിച്ചിട്ടേയില്ല.

"നീ ഇവരുടെ മുന്നോടിയായി കഷ്ടം സഹിക്കുന്നവനാണെങ്കിൽ ഇവർക്കില്ലാത്ത ഒന്നും നിനക്കുണ്ടായിരിക്കുവാൻ പാടില്ല". കർത്താവ് റീസിനോടു പറഞ്ഞു. ആ ഗ്രാമത്തിലെ ഏറെക്കുറെ മിക്കവരും ആവശ്യത്തിലുള്ളവരായിരുന്നു. ഈ സാഹചര്യത്തിൽ പരിശുദ്ധാത്മാവ്, പർവ്വതപ്രസംഗത്തിലെ വചനം റീസിനെ ഓർമ്മിപ്പിച്ചു; 'നിന്നോടു ചോദിക്കുന്ന ഏവനും കൊടുക്കുക'.

''ആവശ്യത്തിലായിരിക്കുന്ന എല്ലാവർക്കും നിന്റെ മേൽ ഒരു അവകാശം ഉണ്ടായിരിക്കും. നീ നിന്റേതെല്ലാം എനിക്കു തന്നു. അതെല്ലാം ജനങ്ങൾക്കു വേണ്ടിയായിരിക്കുമെന്നു ഞാൻ നിന്നോടു പറയുന്നു. അതിന്മേൽ നിനക്കുള്ള അത്രയും അവകാശം തന്നെ മറ്റുള്ളവർക്കും ഉണ്ടായിരിക്കും" -പരിശുദ്ധാത്മാവ് റീസിനോട് പറഞ്ഞു.

ആ ഗ്രാമത്തോടുള്ള ബന്ധത്തിൽ, മദ്യപന്മാരുടെ നേതാവ് മാനസാന്തരപ്പെട്ടതാണ് ഏറ്റവും വലിയ നേട്ടമായിത്തീർന്നത്.





വളരെ നാളുകളായി റീസ് അയാൾക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. മറ്റുള്ളവർക്കു നേരെ ദൈവസ്നേഹം പ്രകടിതമാകുന്നത് ഇയാൾ അറിഞ്ഞിരുന്നു. പക്ഷേ അതു നേരിട്ടനുഭവിക്കാൻ അയാൾക്ക് ഒരവസരം ഉണ്ടായിരുന്നില്ല. അങ്ങനെയിരിക്കെ അത്തരം ഒരവസരം അയാൾക്കു കൈവന്നു. ഗ്രാമത്തിനു പുറത്തുള്ളവരുമായി ഒരു പ്രശ്നം ഉണ്ടായി. ഇയാൾ അതിൽ ഇടപെട്ടു. ഒടുവിൽ അതു കോടതി കേസായി.

'ഇപ്പോൾ ഇതാ നിനക്കൊരവസരം' - കർത്താവ് റീസിനോടു പറഞ്ഞു: 'ഈ കേസ് അവനുവേണ്ടി ഒത്തുതീർപ്പാക്കാമെന്ന് അവനോടു പറയുക.'

റീസ് പിന്നെ മടിച്ചില്ല. അയാളെ വീട്ടിൽപോയി കണ്ടു ചോദിച്ചു: "സുഹൃത്തേ, ഈ കേസ് കോടതിക്കു പുറത്ത് ഒത്തുതീർന്നാൽ താങ്കൾക്കതൊരു ആശ്വാസമാകുകയില്ലേ? മറുപക്ഷം നഷ്ടപരിഹാരം സ്വീകരിക്കുമെങ്കിൽ താങ്കൾക്കു വേണ്ടി ഞാനതു കൊടുക്കട്ടേ?"

അയാൾ അതുകേട്ട് നിശ്ശബ്ദം നിന്നുപോയി.

"എന്നാൽ അയാൾ കേവലം വാക്കുകളിൽ വിശ്വസിക്കുന്നവനായിരുന്നില്ല." റീസ് ആ സംഭവം ഓർക്കുന്നു "അതേസമയം വാക്കുകൾപ്പുറത്ത് പ്രവൃത്തികൊണ്ടുതന്നെ അയാളെ സഹായിക്കാൻ ഞാൻ തയ്യാറായപ്പോൾ അയാൾ തകർന്നുപോയി. അയാളുടെ ബലമേറിയ നിർണായകമായ ഭാഗത്തു തന്നെ ദൈവസ്നേഹം സ്പർശിച്ചപ്പോൾ പിന്നെ അയാൾക്കു പിടിച്ചു നിൽക്കാനായില്ല. തന്നെ മാത്രമാണ് ഇക്കാര്യത്തിൽ കുറ്റപ്പെടുത്തേണ്ടതെന്ന് അയാൾ ഏറ്റുപറഞ്ഞു. തുടർന്ന് യോഗങ്ങൾക്ക് അയാൾ ക്രമമായി വരാൻ തുടങ്ങി."

വൈകാതെ ഒരു ഡസനോളം പേർ മാനസാന്തരപ്പെട്ടു. അതോടെ ഞായറാഴ്ച യോഗങ്ങൾ ആ ഗ്രാമത്തിൽ ആരംഭിച്ചു; സണ്ടേസ്കൂളും. പലരും മദ്യശാലയോടു വിടപറഞ്ഞ് യോഗങ്ങളിൽ സ്ഥിരമായി വരാൻ തുടങ്ങിയപ്പോൾ റീസിന്റെ നേതൃത്വത്തിലുള്ള 'സുവിശേഷസന്നദ്ധസംഘ'ത്തിന് അവരോടൊപ്പം കൂടുതൽ സമയം ചെലവഴിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടു. ആഴ്ചയിൽ അഞ്ചു ദിവസം വൈകുന്നേരങ്ങളിൽ ആ ഗ്രാമത്തിൽ യോഗങ്ങൾ അവർ സംഘടിപ്പിച്ചു. അവശേഷിക്കുന്ന രണ്ടു ദിവസങ്ങളിൽ ഭവനസന്ദർശനവും. പരിശുദ്ധത്മാവിന്റെ പ്രവർത്തനം ശക്തമായി. അത് ആ ഗ്രാമത്തിൽ മാത്രം ഒതുങ്ങി നിന്നില്ല. ചുറ്റുപാടുകളിലേക്കും അതു വ്യാപിച്ചു. അവിടങ്ങളിലും വിശ്വാസികളും കൂടിവരവുകളും ഉടലെടുത്തു. പ്രവർത്തനം അതീവ ശക്തമായിരുന്നു. അന്ന് റീസ് ഹൊവൽസ് ഒരു ഭവനം സന്ദർശിച്ചാൽ അവിടെ കുറഞ്ഞത് ഒരു മാനസാന്തരം ഉണ്ടാകും എന്നായിരുന്നു പറച്ചിൽ.

കൽക്കരി ഖനിയിലെ പണിയിൽ നിന്നു റീസിന് ആഴ്ചയിലൊരിക്കൽ ശമ്പളം കിട്ടിയിരുന്നു. മറ്റു ചില വരുമാനങ്ങളുണ്ട്. പക്ഷേ ഈ പോക്കുപോയാൽ കൈയിലുള്ള പണം മുഴുവൻ ഉടനെ തീരുമെന്നു റീസിനു മനസ്സിലായി. ഈ സമയത്താണ് ഒരു കല്പനയും ഒരു വാഗ്ദാനവും പരിശുദ്ധത്മാവ് അവനെ കാണിച്ചത്. കല്പന, സമ്പന്നനായ ചെറുപ്പക്കാരന് യേശു നൽകിയതാണ്: "നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക, പിന്നെ വന്ന് എന്നെ അനുഗമിക്കുക." തന്നെ അങ്ങനെ അനുഗമിച്ചവർക്ക് യേശു തുടർന്ന് ഇങ്ങനെയൊരു വാഗ്ദാനം നൽകി: "വീടോ സഹോദരങ്ങളെയോ സ്ഥലമോ തുടങ്ങി എന്തെങ്കിലും എന്റെയോ സുവിശേഷത്തിന്റെയോ പേരിൽ ഉപേക്ഷിക്കുന്ന ഒരുവനും ഈ കാലഘട്ടത്തിൽ തന്നെ അതു നൂറു മടങ്ങായി കിട്ടാതിരിക്കുകയില്ല."

താൻ ഒരു പൗണ്ടു നൽകിയാൽ രക്ഷകൻ 100 പൗണ്ടു തിരികെ നൽകുമെന്നു റീസ് കണ്ടു. പക്ഷേ ഇതു സത്യമാണോ? ഇതു സത്യമാണെങ്കിൽ തനിക്കുള്ളതെല്ലാം ചെലവഴിക്കുന്ന ദിവസത്തെ ആകാംക്ഷയോടെ, പ്രതീക്ഷയോടെ, മുന്നോട്ടു നോക്കേണ്ടതുണ്ട്. എന്നാൽ ഇതു വാസ്തവമായാൽ എങ്ങനെയിരിക്കും? റീസിന്റെ സ്വപ്നങ്ങൾക്കു ചിറകു മുളച്ചു. പണം തീർന്നുപോകുന്നതല്ല മറിച്ച് വാഗ്ദാന പ്രകാരം തിരികെ കിട്ടുന്നതിനെയാണു റീസ് സങ്കല്പത്തിൽ കണ്ടത്. ഈ കൈമാറ്റം യഥാർത്ഥത്തിൽ നടന്നാൽ, തനിക്കു നൂറുമടങ്ങ് മടക്കി ലഭിച്ചാൽ അതുകൊണ്ട് എന്തെല്ലാം ചെയ്യാം? – റീസ് 'മലർപൊടിക്കാരന്റെ സ്വപ്നങ്ങൾ' നെയ്തു.

ഒടുവിൽ ആ ദിവസം എത്തി – കയ്യിൽ ഒരേ ഒരു പൗണ്ടു മാത്രം അവശേഷിച്ച ദിവസം. 'ആ കയറും അറുത്തുകളയുക; വാഗ്ദാനം സ്വന്തമാക്കുക' – പരിശുദ്ധാത്മാവ് റീസിനെ ഉദ്ബോധിപ്പിച്ചു.

പറയാൻ എളുപ്പം; പക്ഷേ പ്രവർത്തിക്കാനോ? പണം ധാരാളം ഉണ്ടെങ്കിൽ അതിൽ നിന്നു 100 പൗണ്ടു വേണമെങ്കിലും കൊടുക്കാൻ കഴിയും. എന്നാൽ കയ്യിൽ ആകെ ഒരു പൗണ്ടു മാത്രം അവശേഷിക്കുമ്പോൾ അതുകൊടുക്കാൻ കഴിയുന്നതാണ് പ്രയാസം. 15 വർഷത്തിനിടയിൽ ആദ്യമായി അത്തരം ഒരവസ്ഥയിൽ റീസ് എത്തിച്ചേർന്നു: 'പിശാച് എന്നോട് എത്ര സഹതപിക്കുകയും വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്തെന്നോ! കൺവൻഷനോ അതുപോലെയുള്ള അത്യാവശ്യങ്ങളോ ഉണ്ടായാൽ എന്തുചെയ്യുമെന്ന് അവൻ ചോദിച്ചു. ഒരു പൗണ്ടു പോലും കയ്യിലില്ലാതെ അതിന് എങ്ങനെ പോകും?

എന്നാൽ ഞാൻ എവിടെയെങ്കിലും പോകണമെന്നു പരിശുദ്ധാത്മാവ് ആഗ്രഹിച്ചാൽ അതിനുള്ള മുഖാന്തരങ്ങളും അവിടുന്നു ക്രമീകരിക്കും. അവിടുന്ന് ആവശ്യമുള്ളതു തക്ക സമയത്തു നൽകും. എന്നാൽ പണം ആവശ്യത്തിലേറെ കയ്യിലുണ്ടെങ്കിലാണു പ്രശ്നം. അങ്ങനെ പണം ഉള്ള ഒരുവൻ ദൈവത്തോട് ചോദിക്കാതെ തീരുമാനങ്ങളെടുത്ത് ഇഷ്ടമുള്ളിടത്തു പോകും എന്നതാണ് അപകടം. ദൈവസന്നിധിയിൽ നിന്ന് ഓടിപ്പോകാൻ കപ്പലിനു കൂലി കൊടുക്കാൻ യോനയുടെ പക്കൽ പണം ഉണ്ടായിരുന്നു എന്ന കാര്യം ഓർക്കുക. നമ്മുടെ ആവശ്യങ്ങളുടെ മേൽ ദൈവത്തിനു നിയന്ത്രണം ഇല്ലെങ്കിൽ അവിടുത്തെ കെട്ടപ്പെട്ട ദാസനായിരിക്കാൻ നമുക്കു കഴിയുന്നതെങ്ങനെ?' – റീസ് ചോദിക്കുന്നു.

അങ്ങനെ റീസ് ആ 'വിശ്വാസത്തിന്റെ കുതിച്ചു ചാട്ടം' നടത്തി. തന്റെ തീവ്രനിലപാട് ദൈവത്തിനു പുതിയ അവസരങ്ങൾക്കുള്ള സാധ്യത നൽകുമെന്ന അനുഗൃഹീതമായ സത്യം റീസ് പഠിച്ചു. തന്റെ കഴിവുകളുടെ നെല്ലിപ്പലകയിലെത്തുമ്പോൾ സർവ്വശക്തനായ ദൈവത്തിന്മേൽ തനിക്ക് അവകാശം ഉന്നയിക്കാം. ആ ഗ്രാമത്തിലെ ജനങ്ങൾക്ക് റീസിന്റെ കൈയിലുള്ള പണത്തിന്മേൽ അവകാശമുണ്ടെന്ന് പരിശുദ്ധാത്മാവ് നേരത്തെ പറഞ്ഞല്ലോ. ഇതേ ന്യായം അനുസരിച്ച് തന്റെ ആവശ്യങ്ങൾ സാധിക്കാൻ ദൈവത്തിന്റെ ഖജനാവിൻ മേൽ തനിക്കും അവകാശം ഉന്നയിക്കാമെന്നു റീസ് മനസ്സിലാക്കി.

പണം എല്ലാം ചെലവഴിച്ചു കഴിഞ്ഞ ആദ്യ ആഴ്ചയിൽ റീസിനു രണ്ടു പൗണ്ടിന്റെ ആവശ്യം നേരിട്ടു. തന്റെ കൈവശം രണ്ട് പൗണ്ട് ഉണ്ടായിരുന്നെങ്കിൽ താൻ ഈ ആവശ്യവുമായി ദൈവത്തിന്റെ അടുത്തു വരുമായിരുന്നില്ലെന്നു പ്രാർത്ഥനയിൽ റീസ് ദൈവത്തോടു പറഞ്ഞു. ഇപ്പോൾ കയ്യിൽ പണമില്ല. രണ്ടു പൗണ്ട് ആവശ്യമുണ്ട്. അതും ദൈവിക





പ്രവർത്തനങ്ങൾക്കു വേണ്ടിയാണ്.

പ്രാർത്ഥനയ്ക്ക് ഉടൻ മറുപടി ലഭിച്ചു. എന്തൊരാനന്ദം! ഇനിമേൽ മനുഷ്യന്റെ പരിമിതമായ കലവറയെ ആശ്രയിക്കേണ്ട. മറിച്ച് ദൈവത്തിന്റെ കലവറ തനിക്കുവേണ്ടിയാണ് – റീസിനതു ബോദ്ധ്യമായി. "ഞാനിനി എന്റെ പേഴ്സ് കൊണ്ടുനടക്കേണ്ട. യഥാർത്ഥ ഖജനാവ് എവിടെയാണെന്ന് എനിക്കറിയാം. അവിടേക്കു ചെല്ലാനുള്ള മാർഗ്ഗവും എനിക്കറിയാം. എത്രയെളുപ്പം!" പുതിയ ബോധ്യത്തെ റീസ് ഈ മട്ടിലാണു വിവരിച്ചത്.

കാര്യങ്ങൾ ഇങ്ങനെ പോകുമ്പോൾ പൊടുന്നനെ കൽക്കരിഖനികളിൽ സമരം വരുന്നു എന്ന ആശങ്ക ഗ്രാമത്തിലാകെ മ്ലാനത പരത്തി. ഖനികൾ അടഞ്ഞുകിടന്നാൽ ഗ്രാമം പട്ടിണിയിലാകും. ഇതിനു മുൻപ് പണിമുടക്കു വന്നപ്പോൾ മുതലാളിമാർ എട്ടുമാസമാണ് ഖനികൾ അടച്ചിട്ടത്. ജനം ദാരിദ്ര്യംകൊണ്ടു പൊറുതിമുട്ടി.

പക്ഷേ ഇക്കുറി ഖനിപൂട്ടലിനെക്കുറിച്ചുള്ള ആശങ്ക അന്തരീക്ഷത്തിൽ ഉരുണ്ടുകൂടിയപ്പോൾ റീസിന് ആത്മാവിൽ വലിയ ഭാരം അനുഭവപ്പെട്ടു. ഇങ്ങനെയൊരു സാഹചര്യത്തിൽ സ്വന്തം കുടുംബത്തിനു വേണ്ടി എന്തു ചെയ്യുമായിരുന്നുവോ അത് ഈ ഗ്രാമത്തിലുള്ളവർക്കു വേണ്ടിയും റീസ് ചെയ്യണം – പരിശുദ്ധാത്മാവ് അവനെ ഉദ്യമിപ്പിച്ചു. അപ്പവും വെള്ളവും മുടക്കുകയില്ലെന്നു ബൈബിൾ വാഗ്ദാനം ചെയ്യുന്നു. ഈ വാഗ്ദാനം ഗ്രാമീണരോട് ആവർത്തിക്കുകയും അവർക്ക് റൊട്ടിയും ചീസും ചായയും പഞ്ചസാരയും മുട്ടില്ലാതെ നൽകാമെന്നു താൻ വാഗ്ദാനം ചെയ്യുകയുമാണോ വേണ്ടത്? – റീസിനു വ്യക്തത കിട്ടിയില്ല.

തനിക്കു കടം തരുന്ന രണ്ടു പച്ചക്കറി കടക്കാരെ റീസിനറിയാം. ഗ്രാമത്തിൽ മറ്റാർക്കും അവർ കടം കൊടുക്കുകയില്ല. അത്ര വിശ്വാസമാണു റീസിനെ. പക്ഷേ അവിടെ നിന്നു കടം പറ്റിയാൽ, 100 പൗണ്ടിലേറെ അതു കവിഞ്ഞാൽ, എന്തു ചെയ്യും? എല്ലാം വലിയ വെല്ലുവിളിയായി റീസിനു തോന്നി. ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞതുമില്ല.

ഒടുവിൽ ഖനി പൂട്ടലിനു തൊട്ടു മുൻപുള്ള ഞായറാഴ്ച എത്തി.അന്ന് റീസിനു പരിശുദ്ധാത്മാവു വ്യക്തമായ ബോധ്യവും നൽകി. ഞായറാഴ്ച യോഗത്തിൽ റീസ് പ്രഖ്യാപിച്ചു. ''ഈ ഖനിപൂട്ടൽ ഒൻപതു മാസം വരെ നീണ്ടുനിന്നേക്കാം. എന്നാൽ ദൈവം തന്റെ വാഗ്ദാനത്തിൽ നിന്നു പിന്നോട്ടു പോകുകയില്ല. നിങ്ങളിലൊരാൾ പോലും ബുദ്ധിമുട്ടേണ്ടി വരികയില്ല. അതുകൊണ്ട് ഭയപ്പെടരുത്."

ആഹാ! എന്തൊരാശ്വാസം! ആ രാത്രി യോഗത്തിൽ അനുഗ്രഹത്തിന്റെ കവിഞ്ഞൊഴുക്കുതന്നെ അനുഭവപ്പെട്ടു. അപ്പോൾ റീസ് നിർദ്ദേശിച്ചു: "നമുക്കിനി യോഗം പുറത്തു തുറസ്സായ സ്ഥലത്തു നടത്താം. സ്തോത്രഗാനങ്ങൾ നേരേ സ്വർഗ്ഗത്തിലേക്കുയരട്ടെ. ദൂതന്മാർ നമ്മുടെ ആരാധനയിലേക്കു കുനിഞ്ഞു നോക്കട്ടെ."

പിറ്റേന്ന് റീസ് യാദൃച്ഛികമായി നാട്ടിലെ അറിയപ്പെടുന്ന സംശയവാദിയും വിമർശകനുമായ ഒരുവനെ കണ്ടുമുട്ടി. കണ്ടപാടെ,അയാൾ പരാതിയുടെ കെട്ടാണഴിച്ചത്– "നോക്ക്, ആളുകളെ പട്ടിണിയിലാഴ്ത്തി ഖനികൾ പൂട്ടുന്നു. ഇതിനിടയിൽ വകയ്ക്കുകൊള്ളാത്ത കുറെ സഭകളും. ഇവരൊക്കെ എന്താ ചെയ്യുന്നത്?"

കുറേനേരം ഈ കുറ്റപ്പെടുത്തൽ കേട്ടിരുന്നശേഷം റീസ് ശാന്തമായി അയാളോടു ചോദിച്ചു: "ആട്ടെ, ആളുകൾ കഷ്ടപ്പെടുന്നു. ആളുകളെ സഹായിക്കാൻ നിങ്ങൾ എന്താണു ചെയ്യുന്നത്?"

വിമർശകൻ പരുങ്ങി: "ഞാനോ?... ഞാനെന്തോ ചെയ്യാനാ...."

അപ്പോൾ റീസ്, ദൈവം ഈ ഗ്രാമീ

*ശേഷം പേജ് 28 ൽ*

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

## യോഹന്നാന്റെ സുവിശേഷം

### അധ്യായം ആറ്

യോഹന്നാൻ 6:37-ൽ യേശു പറഞ്ഞു: പിതാവ് എനിക്കു തരുന്നതൊക്കെയും എന്റെ അടുക്കൽ വരും. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളയില്ല. ഈ വാകൃത്തിലും രണ്ടു പരാമർശങ്ങൾ എന്നെ സഹായിച്ചു. ഒന്ന് എന്റെ ജീവിതത്തിലും മറ്റൊന്ന് എന്റെ ശുശ്രൂഷയിലും. 1959 ജൂലൈയിൽ എനിക്ക് രക്ഷയുടെ ഉറപ്പു നൽകിയത് ഈ വാക്യത്തിന്റെ രണ്ടാംഭാഗമാണ്. ആറുവർഷത്തോളം എന്റെ രക്ഷയെക്കുറിച്ച് ഉറപ്പില്ലാതെ നടക്കുകയായിരുന്നു ഞാൻ. എന്നാൽ ആ ദിവസം കർത്താവിന്റെ ഈ വചനം എന്റെ ഉള്ളിൽ ഒരു നങ്കൂരം പോലെ വീണു. അതിനുശേഷം ഒരിക്കലും ഞാൻ എന്റെ രക്ഷയെ സംശയിച്ചിട്ടില്ല.

ആ വാകൃത്തിന്റെ ആദ്യഭാഗം എന്റെ ശുശ്രൂഷയിൽ എന്നെ സഹായിച്ചു. കർത്താവു ശുശ്രൂഷയ്ക്കായി എന്നിലൂടെ വിളിച്ചിട്ടുള്ളവരൊക്കെ എന്റെ അടുക്കൽ വരും. ആളെ പിടിക്കാൻ വേണ്ടി ഞാൻ അവിടെയും ഇവിടെയും ഓടി നടക്കേണ്ടതില്ല. ദൈവത്തിനു നിരവധി ഭൃതൃന്മാർ ഈ ഭൂമിയിലുണ്ട്. ആരൊക്കെ എവിടെ എങ്ങനെ ശുശ്രൂഷിക്കണമെന്നു ദൈവം നിശ്ചയിച്ചിരിക്കുന്നു. ഒരു സഹോദരനെ മറ്റൊരു മൂപ്പൻ ശുശ്രൂഷിക്കുവാനാണ് ദൈവം ഉദ്ദേശിക്കുന്നതെങ്കിൽ ദൈവത്തോടു കൂട്ടായ്മയിലായിരിക്കുന്ന ഞാൻ അക്കാര്യത്തെ പിന്തുണയ്ക്കുകയും ആ സഹോദരനെ എന്റെ സഭയിലേക്കല്ല ആ സഭയിലേക്കു പോകുവാൻ സഹായിക്കുകയും വേണം. ഇക്കാര്യം എനിക്കു വലിയ സമാധാനം തന്നു.



കേന്ദ്രനിയന്ത്രണനിലയവുമായി
കയ്യിലുള്ള വയർലെസ് സെറ്റിലൂടെ
നിരന്തരം ബന്ധപ്പെട്ടു
നിൽക്കുന്ന ഒരു
പോലീസുദ്യോഗസ്ഥ
നെപ്പോലെ എപ്പോഴും
നാം ഉയരത്തിൽ
നിന്നുള്ള നിർദ്ദേശം
കേൾക്കുന്ന
വരായിരിക്കണം

6:38 -ൽ യേശു ഭൂമിയിൽ വന്നതെന്തിനെന്നതിന്റെ വ്യക്തമായ വിശദീകരണം നാം കാണുന്നു. ഞാൻ എന്റെ ഇഷ്ടം ചെയ്‌വാനല്ല (എന്റെ ഇഷ്ടം തൃജിക്കുവാനും) എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്‌വാനുമത്രേ സ്വർഗ്ഗത്തിൽ നിന്നും വന്നത്.ഒരു മനുഷ്യൻ എന്ന നിലയിൽ സ്വന്തമായി ഒരു ഇച്ഛ തനിക്കും ഉണ്ടായിരുന്നു എന്നും അത് അവിടുന്ന് തൃജിക്കേണ്ടിയിരുന്നു എന്നും നാം മനസ്സിലാക്കുന്നു. ക്രൂശെടുക്കുക എന്നാൽ സ്വന്തം ഇഷ്ടം തൃജിക്കുക എന്നാണർത്ഥം. സ്വർഗ്ഗത്തിൽ തനിക്കെപ്പോഴും സ്വന്തയിഷ്ടം ചെയ്‌വാൻ കഴിയുമായിരുന്നു. കാരണം അതും പിതാവിന്റെ ഇഷ്ടവും ഒന്നായിരുന്നു. എന്നാൽ മാനുഷികശരീരം എടുത്തതോടെ പിതാവിൽ നിന്നന്യമായ ഒരു ഹിതം തനിക്കുണ്ടായി. അതു എല്ലാ സമയത്തും തൃജിക്കേണ്ട ആവശ്യമുണ്ടായിരുന്നു. ഇതു ഗത്സെമെനെയിൽ വളരെ വ്യക്തമായിരുന്നു. അവിടെ യേശുവിന്റെ ഇഷ്ടം പാനപാത്രം ഒഴിവാക്കണമെന്നതായിരുന്നു. എന്നാൽ പിതാവിന്റെ ഇഷ്ടം അതു കുടിക്കണമെന്നുതന്നെ ആയിരുന്നു. അങ്ങനെ അവിടുന്നു സ്വന്ത ഹിതം തൃജിച്ചു പിതാവിന്റെ ഹിതം ചെയ്തു. അതുതന്നെയായിരുന്നു അതിനു മുമ്പുള്ള സമയങ്ങളിലും യേശു ചെയ്തു പോന്നത്. നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുവാൻ മാത്രമല്ല അവിടുന്നു ഭൂമിയിലേക്കു വന്നത്. മനുഷ്യനെന്ന നിലയിൽ സ്വന്തഹിതം തൃജിച്ചു പിതാവിന്റെ ഹിതം ചെയ്യുവാൻ കൂടിയായിരുന്നു. പിതാവിന്റെ ഹിതത്തിലെ ഒരു തലം നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുക എന്നതും മറ്റേ തലം നമുക്കൊരു മാതൃകയായി 33 $^{1}/_{2}$ വർഷം ഭൂമിയിൽ ജീവിക്ക എന്നതുമായിരുന്നു. ഭൂമിയിലെ ജീവിതത്തിന്റെ ഓരോ അണുനിമിഷത്തിലും സ്വന്ത ഹിതത്തോടു നിഷേധവും പിതാവിന്റെ ഹിതത്തോട് അതെ എന്നുമായിരുന്നു അവിടുത്തെ നിലപാട്. അതുകൊണ്ടായിരുന്നു അവിടുന്ന് ഒരിക്കലും പാപം ചെയ്യാതിരുന്നത്.

സ്വന്തം ഇഷ്ടം ചെയ്യുവാനാണല്ലോ എല്ലാ പരീക്ഷയും വരുന്നത്. സ്വന്തഹിതം നിഷേധിക്കുമ്പോൾ നിങ്ങൾ സ്വയം തൃജിക്കയും സ്വയത്തിനു മരിക്കുകയും ക്രൂശ് എടുക്കുകയുമാണ്. അപ്പോൾ പരീക്ഷയെ അതിജീവിക്കുകയും ജയം പ്രാപിക്കുകയും ചെയ്യുന്നു. അപ്പോൾ പിതാവിന്റെ ഹിതം ചെയ്യുന്നു. ഇപ്രകാരം നമ്മുടെ ഹിതത്തെ തൃജിക്കുവാൻ പരിശുദ്ധാത്മാ ശക്തി നമുക്ക് ആവശ്യമുണ്ട്. ഗലാ.5:24-ലെ ജഡത്തെ ക്രൂശിക്ക എന്നതിന്റെ അർത്ഥവും ഇതുതന്നെ: സ്വന്ത ഹിതത്തെ മരണത്തിന് ഏൽപ്പിക്കുക. അത് ഒരിക്കലും നിങ്ങൾക്കു സ്വയം ചെയ്യുവാൻ കഴിയില്ല. പരിശുദ്ധാത്മ ശക്തിയാൽ മാത്രമെ ഓരോ സമയത്തും അതു സാദ്ധ്യമാകൂ. ദൈവത്തിന്റെ ശക്തി കൂടാതെ ദാവീദിനു ഗോല്യാത്തിനെയും ശിംശോനു സിംഹത്തെയും നിഗ്രഹിക്കുക അസാദ്ധ്യമായിരുന്നു. അതുപോലെ ദൈവത്തിന്റെ ശക്തി കൂടാതെ നിങ്ങൾക്കും നിങ്ങളുടെ ജഡത്തെ നിഗ്രഹിക്കുക സാദ്ധ്യമല്ല. എന്നാൽ ദൈവശക്തിയുണ്ടെങ്കിൽ അതു തികച്ചും സാദ്ധ്യം തന്നെ. അതിനാണു നാം പരിശുദ്ധാത്മാവിനാൽ നിറയണം എന്നു പറയുന്നത്.

6ാം അധ്യായം ആരംഭിക്കുന്നതു വലിയ ഒരു പുരുഷാരത്തെയും കൊണ്ടാണ്. (വാ. 2) അവസാനിക്കുന്നത് പതിനൊന്നുപേരെക്കൊണ്ടുമാണ് (വാ.70). നിങ്ങൾക്ക് നിങ്ങളുടെ സഭയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുകയും അധികമായിരിക്കുന്ന ആളുകളെ നീക്കിക്കളയുകയും ചെയ്യുന്നതെങ്ങനെയെന്ന് ഇവിടെ യേശുവിൻ നിന്നും പഠിക്കുവാൻ കഴിയും. അധികം പ്രസംഗകരും പാസ്റ്റർമാരും

യേശുവിനെ സംബന്ധിച്ച പിതാവിന്റെ ഹിതത്തിലെ ഒരു തലം നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുക എന്നതും മറ്റേ തലം നമുക്കൊരു മാതൃകയായി മുപ്പത്തിമൂന്നര വർഷം ഭൂമിയിൽ ജീവിക്കഎന്നതുമായിരുന്നു. ഭൂമിയിലെ ജീവിതത്തിന്റെ ഓരോ അണുനിമിഷത്തിലും സ്വന്ത ഹിതത്തോടു നിഷേധവും പിതാവിന്റെ ഹിതത്തോട് അതെ എന്നുമായിരുന്നു അവിടുത്തെ നിലപാട്. അതുകൊണ്ടായിരുന്നു അവിടുന്ന് ഒരിക്കലും പാപം ചെയ്യാതിരുന്നത്.

അക്കാര്യത്തിൽ താത്പര്യമുള്ളവരല്ല. എണ്ണം കൂട്ടുന്നതിലാണ് അവർക്കു താത്പര്യം. ആളെണ്ണം കുറച്ച് ഗുണനിലവാരം കൂട്ടുന്നതിൽ യേശു ഒരു വിദഗ്ദ്ധനായിരുന്നു. തനിക്ക് വിജയം ഉറപ്പാക്കപ്പെട്ട ദൈവസാന്നിദ്ധ്യം നൽകും മുമ്പെ ഗിദെയോന്റെ സൈന്യത്തെ ദൈവം 99% കണ്ട് വെട്ടിക്കുറച്ചു. 33,000 ൽ നിന്നും 300 ലേക്ക്. തെരെഞ്ഞെടുക്കപ്പെട്ട ചുരുക്കം പേരിലൂടെ എക്കാലവും ദൈവം തന്റെ ദൗത്യം നിറവേറ്റി. ഇവിടെ യേശുവും അക്കാര്യം എങ്ങനെ ചെയ്യുന്നു എന്നു നാം കാണുന്നു. തന്നോടൊപ്പം ക്രൂശിക്കപ്പെടുക എന്നു യേശു പ്രസംഗിക്കുന്നു. (എന്റെ രക്തം കുടിക്കയും എന്റെ മാംസം തിന്നുകയും ചെയ്യുക- വാ. 56). മഹാ പുരുഷാരത്തിലെ അധികം ആളുകളെയും ഈ വാക്കുകൾ വേദനിപ്പിച്ചു. "ഇത് കഠിന വാക്ക്" എന്നു പറഞ്ഞു കൊണ്ട് അവർ സ്ഥലം വിട്ടു. (വാ.60-66). ആരോടും അവിടെ നില്ക്കണമെന്ന് യേശു അഭ്യർത്ഥിച്ചില്ല. യേശു തിരിഞ്ഞ് 12 പേരോടായി ചോദിച്ചു: നിങ്ങൾക്കും പോകുവാൻ മനസ്സുണ്ടോ? "ക്രൂശിന്റെ വചനം ആരെയെങ്കിലും വേദനിപ്പിച്ചിട്ട് അവർക്ക് നില്ക്കാൻ കഴിയില്ലെങ്കിൽ അവർ പൊയ്ക്കൊള്ളട്ടെ" എന്നു തന്നെയാണ് യേശുവിന്റെ മനോഭാവം. താൻ ആരെയും പിടിച്ച് നിർത്തുകയില്ല. മറ്റാരുടെയും താത്പര്യത്തിനൊത്തവണ്ണം ശിഷ്യത്വത്തിന്റെ നിലവാരത്തെ താഴ്ത്തുവാൻ തനിക്കാവില്ല. എല്ലാ പ്രസംഗകർക്കും ഈ മനോഭാവമുണ്ടായിരുന്നെങ്കിൽ ഭൂമിയിലെ സഭകൾ എത്ര ശക്തിയുള്ളതായിരുന്നേനേം.

ഇന്ന് പ്രസംഗകർ ശാരീരിക സൗഖ്യത്തിനും സാമ്പത്തികാഭിവൃദ്ധിക്കും വേണ്ടി യേശുവിങ്കലേക്കു വരുവാനാണു ആളുകളെ ക്ഷണിക്കുന്നത്. അത്തരം ഒരു യേശുവിനെ ആർക്കാണു വേണ്ടാത്തത്? പക്ഷേ അതു മറ്റൊരു യേശുവാണ്. ഭൗതിക സമൃദ്ധിയെക്കുറിച്ച് പ്രസംഗിക്കാത്ത അധികം വിശ്വാസികളും ദൈവികാനുഗ്രഹത്തിന്റെ മാനദണ്ഡമായി കാണുന്നത് സമൃദ്ധിയെത്തന്നെയാണ്.. ഇതൊരു വഞ്ചനയാണ്. ഭൗതിക സമൃദ്ധിയെക്കുറിച്ചു പ്രസംഗിക്കാത്ത അധികം വിശ്വാസികളും ദൈവികാനുഗ്രഹത്തിന്റെ മാനദണ്ഡമായി കാണുന്നത് സമൃദ്ധിയെത്തന്നെയാണ്. ഇതൊരു വഞ്ചനയാണ്. എല്ലാ മതങ്ങളിലെയും കൗശലക്കാരായ ബിസിനസ്സുകാരെ ശ്രദ്ധിക്കുക. അവർ പണമുണ്ടാക്കുകയും ദൈവം തങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു എന്നു വിശ്വസിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ അനുഗ്രഹത്തിന് ഒരേ ഒരു അടയാളമേ ഉള്ളൂ. അധികമധികം ക്രിസ്തുതുല്യരാവുക. യഥാർത്ഥ യേശു നമ്മെ ക്ഷണിക്കുന്നത് മരിക്കുവാനാണ്. അത്തരം ഒരു സന്ദേശത്തോടു അധികം പേർക്കും താത്പര്യമില്ല . അതിൽ അത്ഭുതപ്പെടാനില്ല. കാരണം യേശുതന്നെ പറഞ്ഞു. ജീവനിലേക്കുള്ള വഴി കണ്ടെത്തുന്നവർ ചുരുക്കമത്രേ. (മത്താ. 7:14) എന്നാൽ ആ





ചുരുക്കം പേരാണ് സഭ പണിയുന്നത്. അവർക്കു യേശു പറഞ്ഞതുപോലെ വളരെ ഉപദ്രവവും പീഡനവും തെറ്റിദ്ധാരണകളും സഹിക്കേണ്ടിവരും (യോഹ: 16.33) എന്നാൽ നിത്യതയോളം നിലനിൽക്കുന്ന ഒരു പ്രവൃത്തി ദൈവത്തിനു വേണ്ടി ഈ ഭൂമിയിൽ അവർക്കു ചെയ്യുവാൻ കഴിയും.

**അധ്യായം ഏഴ്**

നാം നമ്മുടെ സാമാന്യബുദ്ധിയെ എങ്ങനെ ഉപയോഗിക്കണമെന്നു യോഹന്നാൻ ഏഴാം അധ്യായം ഒന്നാം വാക്യത്തിൽ നാം കണ്ടെത്തുന്നു. യഹൂദ്യയിൽ ഉള്ള ആളുകൾ യേശുവിനെ കൊല്ലുവാൻ ശ്രമിച്ചതുകൊണ്ട് അവിടുന്ന് അങ്ങോട്ടു പോയില്ല. നമ്മുടെ ജീവനു ഭീഷണിയുള്ള ഒരു സ്ഥലത്തേക്ക് വെറുതെ നാം പോയിക്കൂടാ. എന്നാൽ ചില വാക്യങ്ങൾക്കു ശേഷം യേശു യഹൂദ്യയിലേക്കു പോകുന്നതായി നാം വായിക്കുന്നു–കാരണം അതു പിതാവിന്റെ ഹിതമായതിനാൽ. ദൈവം ആവശ്യപ്പെടുന്ന ഏതു സ്ഥലത്തേക്കും നമുക്കു പോകാം. അവിടുന്നു നമുക്കു സംരക്ഷണം നൽകും.

7:5 ൽ 'യേശുവിന്റെ സ്വന്തം സഹോദരന്മാരും തന്നിൽ വിശ്വസിച്ചില്ല' എന്നു നാം കാണുന്നു. അവർ യേശുവിനെ നിന്ദിച്ചു. എന്നാൽ യേശു പുനരുത്ഥാനം ചെയ്തശേഷം സഹോദരന്മാരായ യാക്കോബും യൂദായും യേശുവിൽ വിശ്വസിക്കയും രണ്ടു ലേഖനങ്ങൾ എഴുതുകയും ചെയ്തു. ഇവിടെ 'യേശു പെരുന്നാളിനു പോകുന്നുണ്ടോ' എന്ന് സഹോദരന്മാർ ചോദിക്കുന്നു. അവരെപ്പോലെ തനിക്കു തോന്നുമ്പോൾ തോന്നുന്നിടത്തേക്കു പോകുവാൻ കഴിയില്ലെന്ന് യേശു മറുപടി പറയുന്നു. പിതാവിനെ കേൾക്കുവാൻ തനിക്കു സമയം വേണം. ഇതുവരെ പിതാവിൽ നിന്നു സന്ദേശമൊന്നും ലഭിച്ചിട്ടില്ല. അതുകൊണ്ടു പോകുന്നുമില്ല. താൻ ലോകത്തോടു അതിന്റെ പാപത്തെക്കു

ഇന്ന് പ്രസംഗകർ ശാരീരിക സൗഖ്യത്തിനും സാമ്പത്തികാഭിവൃദ്ധിക്കും വേണ്ടി യേശുവിങ്കലേക്കു വരുവാനാണു ആളുകളെ ക്ഷണിക്കുന്നത്. അത്തരം ഒരു യേശുവിനെ ആർക്കാണു വേണ്ടാത്തത്? പക്ഷേ അതു മറ്റൊരു യേശുവാണ്. ഭൗതിക സമൃദ്ധിയെക്കുറിച്ച് പ്രസംഗിക്കാത്ത അധികം വിശ്വാസികളും ദൈവികാനുഗ്രഹത്തിന്റെ മാനദണ്ഡമായി കാണുന്നത് സമൃദ്ധിയെത്തന്നെയാണ്.. ഇതൊരു വഞ്ചനയാണ്.

റിച്ചു സംസാരിച്ചതുകൊണ്ട് ലോകം തന്നെ വെറുക്കുന്നു എന്നും യേശു അവരോടു പറഞ്ഞു. പാപത്തെക്കുറിച്ചു സംസാരിക്കാത്തവർ ലോകത്തിൽ അംഗീകാരവും പ്രശസ്തിയുമുള്ളവരാകും. ഇത് എല്ലാ പ്രസംഗകരും ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. പാപത്തെക്കുറിച്ചു സംസാരിക്കാതിരിക്കുന്നു എങ്കിൽ അംഗീകാരമുള്ള ഒരു പ്രസംഗകനായിത്തീരുവാൻ നിങ്ങൾക്കു കഴിയും. യേശു അംഗീകാരമില്ലാത്ത പ്രസംഗകനായിരുന്നു കാരണം, യേശു അധികസമയവും നിഗളം, കാപട്യം, പണസ്നേഹം, അധാർമ്മികത, അശുദ്ധചിന്ത, അത്യാഗ്രഹം, കോപം, അസൂയ മുതലായ കാര്യങ്ങളെക്കുറിച്ചു സംസാരിച്ചിരുന്നു. ഈ പാപങ്ങൾക്കെതിരെ സംസാരിക്കുന്ന ആരെയും ലോകം വെറുക്കും.

സഹോദരന്മാർ പോയശേഷം യേശുവും പോകുവാൻ തീരുമാനമെടുത്തു. താൻ പോകുന്നില്ല എന്നു ചില നിമിഷങ്ങൾക്കു മുമ്പ് യേശു കളവു പറഞ്ഞതാണോ? അല്ല. യേശു പിതാവിൽ നിന്നും

> പാപത്തെക്കുറിച്ചു സംസാരിക്കാത്തവർ ലോകത്തിൽ അംഗീകാരവും പ്രശസ്തിയുമുള്ളവരാകും. ഇത് എല്ലാ പ്രസംഗകരും ശ്രദ്ധിക്കേണ്ട ഒരു വസ്തുതയാണ്. യേശു അംഗീകാരമില്ലാത്ത പ്രസംഗകനായിരുന്നു കാരണം, യേശു അധികസമയവും നിഗളം, കാപട്യം, പണസ്നേഹം, അധാർമ്മികത, അശുദ്ധചിന്ത, അത്യാഗ്രഹം, കോപം, അസൂയ മുതലായ കാര്യങ്ങളെക്കുറിച്ചു സംസാരിച്ചിരുന്നു. ഈ പാപങ്ങൾക്കെതിരെ സംസാരിക്കുന്ന ആരെയും ലോകം വെറുക്കും.

അനുവാദത്തിനായി കാത്തുനിൽക്കയായിരുന്നു. സഹോദരന്മാർ യെരുശലേമിലേക്കു പെരുന്നാളാഘോഷങ്ങൾക്കായി പുറപ്പെട്ട ശേഷമാണ് തനിക്കുള്ള കല്പന വന്നത്. അപ്പോൾ താനും പുറപ്പെട്ടു-താൻ ഒരു കള്ളനാണെന്നു സഹോദരന്മാർ കരുതുമെന്ന ഭയമൊന്നും കൂടാതെ തന്നെ. അനുനിമിഷവും സ്വർഗ്ഗത്തിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശമനുസിരിച്ചാണ് താൻ ജീവിക്കുന്നതെന്ന കാര്യമൊന്നും മനസ്സിലാക്കുവാൻ അവർക്കു കഴിയുമായിരുന്നില്ല. കേന്ദ്രനിയന്ത്രണനിലയവുമായി കയ്യിലുള്ള വയർലെസ് സെറ്റിലൂടെ നിരന്തരം ബന്ധപ്പെട്ടു നിൽക്കുന്ന ഒരു പോലീസുദ്യോഗസ്ഥനെപ്പോലെയായിരുന്നു താൻ. വയർലെസ് സെറ്റ് എപ്പോഴും പ്രവർത്തനക്ഷമമാണ്. കേന്ദ്രത്തിൽ നിന്നുള്ള ആജ്ഞ അനുസരിച്ചു മാത്രമേ അവർക്ക് അങ്ങോട്ടോ ഇങ്ങോട്ടോ പോകാൻ കഴിയൂ. സഹോദരന്മാരോടൊത്ത് പ്രയോജനമില്ലാത്ത കൊച്ചുവർത്തമാനവും ചർച്ചകളുമൊക്കെയായി യെരുശലേമിലേക്കു യാത്ര ചെയ്യുവാൻ പിതാവിനു താത്പര്യമുണ്ടായിരുന്നില്ല. ചില സഹോദരന്മാരോടൊത്ത് യാത്ര ചെയ്യുവാൻ പിതാവു നമ്മെ അനുവദിക്കാറില്ല. കാരണം, പ്രയോജനമില്ലാത്ത സംഭാഷണത്തിൽ സമയം പാഴാകും. അത്തരം സന്ദർഭങ്ങളിൽ ഒറ്റയ്ക്കു യാത്ര ചെയ്യുന്നതാണു നന്ന്.

7:24 ൽ യേശു, 'വിധിക്കരുത്...വിധിപ്പിൻ' എന്നീ രണ്ടു കാര്യങ്ങളിൽ ഒരു സന്തുലിതാവസ്ഥ പുലർത്തുന്നതു നമുക്കു കാണാം. ആരുടേയും ബാഹ്യരൂപഭാവത്താൽ ആരെയും വിധിക്കരുത്. നീതിയോടെ വിധിക്കണം. നമ്മുടെ അധികാരപരിധിക്കുള്ളിൽ കർത്താവു നൽകിയിരിക്കുന്നവരെ മാത്രമേ നാം വിധിക്കുവാൻ പാടുള്ളൂ. ഉദാഹരണമായി മാതാപിതാക്കൾ മക്കളെ, ഒരു സൂപ്പർവൈസർ തന്റെ കീഴിലുള്ള ജോലിക്കാരെ, ഒരു മൂപ്പൻ തന്റെ സഭയിലുള്ള അംഗങ്ങളെ. ഈ പരിധിക്കു പുറത്തു നാം വിധിച്ചാൽ അതു നീതിയുള്ളതായിരിക്കയില്ല. നമ്മുടെ കണ്ണുകൾ കാണുന്നതിലും കാതുകൾ കേൾക്കുന്നതിലും മാത്രം ആശ്രയിച്ചു നാം വിധിച്ചുകൂടാ. (യെശ 11:3). വിധിക്കും മുമ്പെ സൂക്ഷ്മമായ അന്വേഷണം അക്കാര്യത്തിൽ നടത്തണം (ആവ. 13:14; 19:18). ഒരു വ്യക്തി കള്ളപ്രവാചകനോ സത്യപ്രവാചകനോ എന്നു തിരിച്ചറിയുവാൻ അയാളുടെ ഫലത്തെ (ബാഹ്യമായ പെരുമാറ്റത്തെ) നാം വിധിക്കണമെന്ന് യേശു പറഞ്ഞിരിക്കുന്നു. (മത്താ. 7:15,16). അതുകൊണ്ട് വിധിക്കരുത് എന്നു പറഞ്ഞിരിക്കുന്നതിലൂടെ എല്ലാ തരത്തിലുള്ള വിധിയെയും അടച്ച് നിരോധിച്ചിരിക്കുകയല്ല. എന്നു നാം മനസ്സിലാക്കുന്നു. അങ്ങനെ നിരോധിച്ചെങ്കിൽ സഭയിൽ ആർക്കെങ്കിലും എതിരെ ശിക്ഷണനടപടികൾ എടുക്കാൻ കഴിയില്ല. കള്ളപ്രവാചകന്മാരാൽ വഞ്ചിതരാവുകയും ചെയ്യും.

### അധ്യായം എട്ട്

8:1-12 ൽ വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിയാൻ ദാഹിക്കുന്ന പരീശന്മാരുടെ കഥയുണ്ട്. ഇന്നും അപ്രകാരം മറ്റുള്ളവരെ എറിയുവാൻ കീശയിൽ കല്ലു നിറച്ചു നടക്കുന്ന ധാരാളം പരീശന്മാരുണ്ട്. തങ്ങളുടെ പ്രസംഗങ്ങളിലൂടെ മറ്റുള്ളവരെ കല്ലെറിയുന്നവരാണ് അധികം പ്രസംഗകരും. ആരെയും ഒരിക്കലും എറിയുവാൻ യേശു കല്ലുകൾ കരുതിയില്ല. പാപികളോടു മനസ്സലിവുകാട്ടിയായിരുന്നു തന്റെ വാക്കുകൾ. യേശു ഒരിക്കലും കൊലപാതകികളെയോ, കള്ളന്മാരെയോ വ്യഭിചാരിണികളെയോ വിമർശിക്കുന്നതു സുവിശേഷങ്ങളിലെങ്ങും നാം കാണുന്നില്ല. എന്നാൽ ദേവാലയത്തിലെ കപടഭക്തന്മാരേയും പരീശന്മാരേയും നരകവിധിക്കു യോഗ്യർ എന്ന നിലയിൽ വിധിക്കുന്നതു നമുക്കു കാണാം. വ്യഭിചാരത്തിൽ പിടിച്ച സ്ത്രീയോട്:'ഞാനും നിന്നെ വിധിക്കുന്നില്ല. പോക, ഇനിമേൽ പാപം ചെയ്യരുത്' (8:11) എന്നു മാത്രം പറയുന്നതു നാം കാണുന്നു. ആ രണ്ടു വാചകങ്ങളിൽ പൂർണ്ണസുവിശേഷം നമുക്കു കാണാം. നീതീകരണവും വിശുദ്ധീകരണവും. യേശു പരീശന്മാരോടു ഇങ്ങനെ പറഞ്ഞു: പാപമില്ലാത്തവൻ ഒന്നാമതു കല്ലെറിയട്ടെ (8:7). ഇന്നും നിങ്ങൾക്ക് ആരെയെങ്കിലും കല്ലെറിയുവാനുള്ള ഉൾപ്രേരണയുണ്ടായാൽ രണ്ടു കാര്യങ്ങൾ ഓർക്കുക. 1. എത്ര വലിയ കുഴിയിൽ നിന്നാണു ദൈവം നിങ്ങളെ രക്ഷിച്ചിരിക്കുന്നത്. 2. ഇന്നും നിങ്ങളുടെ ജഡത്തിൽ കുടികൊള്ളുന്ന പാപത്തിന്റെ ശക്തി. ഇതോടെ ആ പ്രേരണ ഇല്ലാതാകും. ഇനിമേൽ ആരെയും എറിയുവാൻ നിങ്ങൾക്കു സാദ്ധ്യമാകയില്ല.

അപ്പോൾ നിങ്ങൾ ചോദിച്ചേക്കാം "സാധുക്കളെ വഞ്ചിച്ച് അവരുടെ പണം തട്ടിയെടുക്കുന്ന പ്രസംഗകരെ നാം തുറന്നു കാട്ടേണ്ടതല്ലേ? അങ്ങനെ ചെയ്താൽ അതു കല്ലേറ് ആകുമോ?" 'ആരെക്കൊണ്ടും ദൂഷണം പറയരുതെ'ന്നു തീത്തൊ.3:2 ൽ പറയുന്നു. അതുകൊണ്ട് നമുക്കു ആരെക്കുറിച്ചും ദൂഷണം പറയാതിരിക്കാം. എന്നാൽ ആ വ്യക്തിയുടെ ഉപദേശവും നടപടികളും വചനവിരുദ്ധമാണ് എന്നും യേശു ഒരിക്കലും അപ്രകാരം ചെയ്യുമായിരുന്നില്ല എന്നും തീർച്ചയായും നമുക്കു പറയാം. അതിൽ തെറ്റില്ല. ആ വ്യക്തിക്കെതിരെ ദൂഷണം പറയാതെ അദ്ദേഹത്തിന്റെ ഉപദേശത്തിലെ പിശകുകളെയും ശുശ്രൂഷയിലെ വ്യതിചലനത്തെയുമൊക്കെ ചൂണ്ടിക്കാട്ടാം. ദൈവവചനം ശുശ്രൂഷിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ ആരെക്കുറിച്ചും തിന്മ പറയാതിരിക്കുവാൻ നാം സൂക്ഷിക്കേണ്ടതുണ്ട്. അതേ സമയം മറ്റുള്ളവരുടെ ശുശ്രൂഷയെ വിവേചനബുദ്ധിയോടെ ശ്രദ്ധിക്കേണ്ടതുമുണ്ട്.

> ആരുടേയും ബാഹ്യരൂപഭാവത്താൽ ആരെയും വിധിക്കരുത്. നീതിയോടെ വിധിക്കണം. നമ്മുടെ അധികാരപരിധിക്കുള്ളിൽ കർത്താവു നൽകിയിരിക്കുന്നവരെ മാത്രമേ നാം വിധിക്കുവാൻ പാടുള്ളൂ. ഉദാഹരണമായി മാതാപിതാക്കൾ മക്കളെ, ഒരു സൂപ്പർവൈസർ തന്റെ കീഴിലുള്ള ജോലിക്കാരെ, ഒരു മൂപ്പൻ തന്റെ സഭയിലുള്ള അംഗങ്ങളെ. ഈ പരിധിക്കു പുറത്തു നാം വിധിച്ചാൽ അതു നീതിയുള്ളതായിരിക്കയില്ല.

8:32 ൽ നാം കേൾക്കുന്നതു സത്യമാണോ എന്നു തിരിച്ചറിയുവാൻ കർത്താവ് ഒരു മാർഗ്ഗനിർദ്ദേശം നൽകുന്നു. "നിങ്ങൾ സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും". നിങ്ങൾ ഒരു കള്ളം പറയുമ്പോൾ പിശാച് അതിന്റെ 'അപ്പനും' നിങ്ങൾ അതിന്റെ 'അമ്മ'യുമാണ്. (തുടരും)

**മൊഴിമാറ്റം: സുജാ ഏബ്രഹാം**



ജീവമൊഴികൾ

## 21 ➤ ഓരോ ചുവടിലും അനുസരണം

ണരെ സഹായിക്കാൻ തന്നോട് ആവശ്യപ്പെട്ടകാര്യവും പണിമുടക്ക് ഒൻപതു മാസം നീണ്ടുനിന്നാലും ഇവരിലൊരാൾ പോലും പട്ടിണികിടക്കേണ്ടി വരികയില്ലെന്നു താൻ തലേന്നു നൽകിയ വാഗ്ദാനവും അതു പാലിക്കാനായി എടുക്കുന്ന നടപടികളുമെല്ലാം വിശദീകരിച്ചു പറഞ്ഞു.

ഇതെല്ലാം കേട്ടു വിമർശകൻ വായ് പൊളിച്ചുനിന്നുപോയി. അയാളുടെ നാവിറങ്ങിപ്പോയി. ഇത്തരം ഒരു ക്രിസ്തീയതയ്ക്കെതിരെ എന്തു വിമർശനമാണ് ഉന്നയിക്കാൻ കഴിയുക?

അയാൾ അമ്പരപ്പിൽ നിന്നു കരകയറി സമചിത്തതയിൽ എത്തുന്നതിനു മുൻപു തന്നെ ഒരു പത്രക്കാരൻ പയ്യൻ അന്നിറങ്ങിയ പത്രവുമായി അവരെ സമീപിച്ചു - അതിലെ പ്രധാന തലക്കെട്ട് ഇതായിരുന്നു 'ചർച്ചയെ തുടർന്നു പണിമുടക്കു പിൻവലിച്ചു. ഖനികളൊന്നും അടച്ചിടുന്നില്ല'

മൂന്നുവർഷം തുടർച്ചയായി എല്ലാദിവസവും ഖനിയിലെ ജോലിക്കുശേഷം വൈകുന്നേരം യോഗം നടത്താനായി ഈ ഗ്രാമത്തിലേക്കു റീസ് നടന്നുപോകുമായിരുന്നു. അങ്ങോട്ടു രണ്ടുമൈൽ; തിരിച്ചും. കാലാവസ്ഥയുടെ പ്രാതികൂല്യമൊന്നും റീസിനെ ബാധിച്ചതേ ഇല്ല.

ഒരു ദിവസം രാത്രി യോഗം കഴിഞ്ഞ് പെരുമഴയിൽ നനഞ്ഞൊലിച്ച് നടന്നു വീട്ടിലെത്തിയ റീസിനെ നോക്കി പിതാവ് ഇങ്ങനെയൊരു കമന്റ് പറഞ്ഞു: "ഇരുപത് പൗണ്ട് ആരെങ്കിലും തരാമെന്നു പറഞ്ഞാലും ഞാനിതുപോലെ രാത്രി നനഞ്ഞുകുളിച്ചു നടന്നുവരാൻ തയ്യാറാവുകയില്ല."

"ഇരുപതു പൗണ്ടിനു വേണ്ടിയാണെങ്കിൽ ഞാനും ഇങ്ങനെ ചെയ്യുകയില്ല" - ഇതായിരുന്നു റീസിന്റെ ആലോചനാമൃതമായ മറുപടി.

ഒരു ഘട്ടം അവിടെ അവസാനിക്കുകയായിരുന്നു. ഒരുഗ്രാമത്തെ മുഴുവൻ നേടിയ ശേഷം പരിശുദ്ധാത്മാവ് റീസിനെ തുടർന്നു നടത്തിയത് സമൂഹത്തിലെ അഗതികളുടെ അടുത്തേക്കാണ്. അവിടെ പുതിയ വെല്ലുവിളികളാണ് അവനെ കാത്തിരുന്നത്. അതിന്റെ കഥ അടുത്ത ലക്കത്തിൽ.( തുടരും)

⊙

## എഡിറ്റോറിയൽ തുടർച്ച

ല്യമോ ഒന്നുമല്ല മറിച്ച് നമ്മുടെ ജീവിതത്തിലെ വിശ്വസ്തതയാണു യജമാനനു തൃപ്തി വരുത്തുന്നത്. നമുക്കെല്ലാം ഒരേയൊരു ജീവിതമാണു ലഭിച്ചിട്ടുള്ളത്. ഈ ജീവിതത്തിലെ നമ്മുടെ വിശ്വസ്തതയാണ് യജമാനൻ കണക്കിലെടുക്കുന്നതെന്ന് പത്തു ദാസന്മാർക്ക് ഒരോ റാത്തൽ വെള്ളി കൊടുത്ത ഉപമയിൽ നിന്നു വ്യക്തമാണ് (ലൂക്കോ. 19:11-27). അതുപോലെ ഉപദേശമല്ല നമുക്ക് അലങ്കാരമായിരിക്കേണ്ടത് മറിച്ചു ജീവിതത്തിലെ വിശ്വസ്തതകൊണ്ട് ദാസന്മാർ ഉപദേശത്തെ അലങ്കരിക്കുകയാണു വേണ്ടതെന്നു പൗലൊസും ചൂണ്ടിക്കാണിക്കുന്നു. (തീത്തോസ് 2:9,10).

മുകളിൽപ്പറഞ്ഞ കാര്യങ്ങളെല്ലാം വിരൽചൂണ്ടുന്നത് ഈ സത്യത്തിലേക്കാണ്- കർത്താവിന്റെ ജീവിതദർശനം പങ്കിട്ട് അവിടുത്തെ ആജീവനാന്തദാസന്മാരായി നിൽക്കുക. അവിടുത്തെ തൃപ്തി മാത്രം ലക്ഷ്യം വച്ചു ശുശ്രൂഷിക്കുക. എങ്കിൽ, എങ്കിൽ മാത്രം 'നല്ലവനും വിശ്വസ്തനുമായ ദാസൻ' എന്ന വിളിക്ക് നാം അന്ന് അർഹരാകും.

⊙





# മരണം:നിങ്ങൾ ഒരുങ്ങിയിരിക്കുന്നുവോ?

സന്തോഷ് മാത്യു

*മകളുടെ വേർപാടിൽ അനുശോചനം അറിയിച്ച സുഹൃത്തുക്കൾ എല്ലാവർക്കുമായി ഒരു പിതാവ് അയച്ച ഹൃദയസ്പൃക്കായ ഒരു കത്താണിത്. ഒരേ സമയം നമ്മെ ചിന്തിപ്പിക്കുകയും വെല്ലുവിളിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന ഈ സന്ദേശം പൂർണരൂപത്തിൽ ഇവിടെ പ്രസിദ്ധീകരിക്കുകയാണ്.*

പ്രിയ സുഹൃത്തുക്കളേ,

നിങ്ങൾ നൽകിയ ആശ്വാസത്തിന്റെയും ബലപ്പെടുത്തലിന്റെയും വാക്കുകൾക്കു നന്ദി. ഞങ്ങളുടെ പ്രിയ മകളുടെ വേർപാട് തീർച്ചയായും വേദനാജനകം തന്നെ. ലഭ്യമാവുന്ന ഏറ്റവും നല്ല ചികിൽസ നൽകിക്കൊണ്ട് കഴിഞ്ഞ ഒരു വർഷം മാനസികമായും വൈകാരികമായും സാമീപ്യം കൊണ്ട് ഞങ്ങൾ അവൾക്കൊപ്പം തന്നെ ആയിരുന്നു.

9-11-2011 ൽ പതിനഞ്ചാമത്തെ വയസ്സിൽ അസ്ഥികൾക്ക് കാൻസർ ബാധിച്ചു മരണമടഞ്ഞ പെൺകുട്ടിയുടെ മാതാപിതാക്കളായ ഞങ്ങളെ ആശ്വസിപ്പിക്കുന്ന വിഷയത്തിൽ യുക്തിവാദവും മനഃശാസ്ത്രവും നിസ്സഹായരാണ് എന്ന് എനിക്കറിയാം.മദ്യപാനവും മയക്കുമരുന്നുകളും താല്ക്കാലികമായ ദുഃഖനിവാരണത്തിന് ഉപകരിച്ചേക്കാം, എന്നാൽ പരുക്കനായ ഈ ജീവിതയാഥാർഥ്യത്തിനു മുമ്പിൽ പകച്ചുനില്ക്കുന്ന അവളുടെ ഇളയ സഹോദരങ്ങളോടും എന്റെ ഭാര്യയോടും മറ്റു കുടുംബാംഗങ്ങളോടുമുള്ള എന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒളിച്ചോടുവാൻ, തികച്ചും സ്വാർത്ഥപരമായ ആ വഴിയും ആശാസ്യമല്ലല്ലോ.

എന്നാൽ പ്രിയരേ, ഇവയിൽ നിന്നെല്ലാം വിഭിന്നമായി അത്ഭുതകരമാം വണ്ണം ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ഞങ്ങൾ ഏറ്റുപറയുന്ന വിശ്വാസത്തിനു പ്രായോഗികജീവിതത്തിൽ പ്രസക്തി ഉണ്ട് എന്നതിന് ഈ സംഭവം ഞങ്ങൾക്കുതന്നെയും ഞങ്ങളുടെ ചുറ്റുമുള്ളവർക്കും ഒരു തെളിവും ഉത്തമഉദാഹരണവുമായിരിക്കുന്നു. ഞാനും എന്റെ ഭാര്യയും അഭിമുഖീകരിച്ച ഈ അഗ്നിശോധനയുടെ മധ്യത്തിൽ ഞങ്ങളിൽ വെളിപ്പെട്ടത് നെഞ്ചുറപ്പോ ധൈര്യമോ ആയിരുന്നില്ല, പിന്നെയോ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവിങ്കൽ നിന്നുമുള്ള ശക്തിയും കൃപയുമായിരുന്നു അത്.

ഞങ്ങൾക്കു ഞങ്ങളുടെ സ്വർഗ്ഗീയപിതാവുമായി സജീവമായ ഒരു ബന്ധമാണുള്ളത്. നിങ്ങളിൽ ചിലർക്കെങ്കിലും അറിവുള്ളതുപോലെ പലതിനോടും നിഷേധാത്മകമായ ഒരു സമീപനമായിരുന്നു ഒരു കാലത്ത് എനിക്കുണ്ടായിരുന്നത്. പിന്നീടു

ഞാൻ കേവലം ഒരു മതഭക്തനായി തീർന്നു. അതിനും ശേഷമാണ് ജീവിതത്തെയാകെ മാറ്റിമറിച്ച ആ അത്ഭുതം എന്റെ ജീവിതത്തിൽ നടക്കുന്നത്. യേശു മുഖാന്തരമായി ദൈവവുമായി ജീവനുള്ള ഒരു ബന്ധം എനിക്ക് അനുഭവവേദ്യമായിത്തുടങ്ങുകയായിരുന്നു. മനുഷ്യന് അപ്രാപ്യനും അവനോടു അസാധ്യങ്ങളായ കാര്യങ്ങൾ ചെയ്യുവാൻ ആവശ്യപ്പെടുന്നവനുമായ ഒരു ദൈവികസങ്കല്പത്തിൽനിന്നു വ്യത്യസ്തനായ ഒരു സ്വർഗീയപിതാവിനെ ക്രമേണ ഞാൻ അനുഭവിച്ചറിയുവാൻ തുടങ്ങുകയായിരുന്നു.എനിക്കു വളരെ അടുത്ത് എന്നല്ല എന്റെ ഉള്ളിൽത്തന്നെ വസിക്കുന്ന, എന്നോടു സംസാരിക്കുന്ന, എനിക്കു സംസാരിക്കുവാൻ കഴിയുന്ന, ആവശ്യഘട്ടങ്ങളിൽ എന്നെ ശക്തിപ്പെടുത്തുന്ന സ്നേഹസമ്പന്നനായ ഒരു സ്വർഗീയപിതാവിനെ ഞാൻ അങ്ങനെ അനുഭവിച്ചറിയുവാൻ ഇടയായി.

1987 ൽ ആണ് ദൈവികസാന്നിദ്ധ്യത്തിന്റെ അനുഭവവേദ്യതയിലേക്കുള്ള ഈ യാത്ര ഞാൻ ആരംഭിക്കുന്നത്. എന്നിലുള്ള പാപസ്വഭാവം എന്റെ മേൽത്തന്നെ ഒരു ഭാരമായി എനിക്ക് അനുഭവപ്പെട്ട നാളുകൾ. തികച്ചും അസന്തുഷ്ടിയുടേതായ ആ നാളുകളിൽ ബാഹ്യമായി ഞാൻ എന്നെ മാന്യനായി അവതരിപ്പിക്കുമ്പോഴും ആന്തരികമായി എന്നിൽ കുടികൊള്ളുന്ന പാപസ്വഭാവങ്ങളുടെ മലിനത ഞാൻ കാണുകയും തിരിച്ചറിയുകയും ചെയ്തു.ഒടുവിൽ യേശുവിന്റെ രക്തത്തിലൂടെ ലഭ്യമായ സൗജന്യപാപക്ഷമ അനുഭവിച്ചപ്പോൾ ഞാൻ സ്വതന്ത്രനും സന്തുഷ്ടനുമായ ഒരു മനുഷ്യനായി രൂപാന്തരപ്പെടുകയായിരുന്നു. മനുഷ്യന്റെ പാപഭാരങ്ങളിൽ നിന്നും അവനെ സ്വതന്ത്രനാക്കുവാനും അവനു ശാശ്വതസമാധാനം നൽകുവാനും ദൈവം ഒരുക്കിയിരിക്കുന്ന ഏകമാർഗ്ഗം ഇതുതന്നെയെന്ന് ഇന്നു ഞാൻ വിശ്വസിക്കുന്നു. സ്വാതന്ത്ര്യത്തിലേക്കും സമാധാനത്തിലേക്കുമുള്ള എന്റെ വരവ് സങ്കീർണതകൾ നിറഞ്ഞ ഒരനുഭവം ആയിരുന്നില്ല. സ്വയപീഡനത്തിന്റെ യാഗങ്ങളോ തീർത്ഥാടനങ്ങളോ നേർച്ചകാഴ്ചകളോ എനിക്കു നടത്തേണ്ടതായി വന്നില്ല. വാസ്തവത്തിൽ എന്റെ വരൾച്ചയെക്കുറിച്ചു സത്യസന്ധമായ തിരിച്ചറിവും രക്ഷകന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധവും മാത്രമായിരുന്നു എനിക്കുള്ളത്. തിരിഞ്ഞുനോക്കുമ്പോൾ ഇവയൊക്കെയും വിശ്വാസത്തിന്റെ പ്രവൃത്തിയായിരുന്നു എന്ന് ഇന്നു ഞാൻ കാണുന്നു. ഒപ്പം കഴിഞ്ഞകാലജീവിതത്തെക്കുറിച്ചുള്ള പശ്ചാത്താപവും വിശ്വാസത്താൽ ദൈവത്തിന്റെ പൈതൽ ആകുന്നതിനുള്ള ആഗ്രഹവും എനിക്കൊപ്പമുണ്ടായിരുന്നു.ദൈവം മനുഷ്യരൂപം സ്വീകരിച്ച് യേശുക്രിസ്തു എന്ന പേരിൽ ഈ ഭൂമിയിൽ വെളിപ്പെട്ടു വിശുദ്ധനായി ജീവിച്ചുവെന്നും എന്റെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിച്ചുവെന്നും ഞാൻ വിശ്വസിച്ചു. എന്റെ പാപങ്ങൾ ക്ഷമിക്കണമെന്നും എന്റെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കണമെന്നും യേശുവിനോടു ഞാൻ അപേക്ഷിച്ചു. അങ്ങനെ എന്റെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും അവയെല്ലാം അപ്രത്യക്ഷമാവുകയും ഞാൻ സന്തോഷവും സമാധാനവും അനുഭവിച്ചുതുടങ്ങുകയും ചെയ്തു. പിന്നീട് എന്റെ പുതിയ വിശ്വാസത്തിന്റെയും പുതിയ ജീവിതത്തിന്റെയും പരസ്യപ്രഖ്യാപനമായി ജലത്തിൽ പൂർണ്ണമായും മുങ്ങി ഞാൻ ജലസ്നാനം സ്വീകരിച്ചു. ആ ജലസ്നാനത്തിലൂടെ എന്റെ





‘പഴയ മനുഷ്യൻ’ മരിച്ചുവെന്നും ഞാനൊരു പുതിയ മനുഷ്യനായിരിക്കുന്നുവെന്നും എന്റെ ചുറ്റുമുള്ള ലോകത്തെ ഞാൻ വിളിച്ചറിയിച്ചു.

അന്നു മുതൽ എന്റെ ജീവിതത്തിനു വിപ്ലവകരമായ ഒരു മാറ്റം ഉണ്ടാവുകയും ദൈവത്തെ പ്രസാദിപ്പിക്കുകയെന്നതും ദൈവത്തെ മഹത്വപ്പെടുത്തുകയെന്നതും എന്റെ ജീവിതത്തിന്റെ പരമപ്രധാനമായ ലക്ഷ്യമാവുകയും ചെയ്തു. തുടർന്ന് എന്നിൽ രൂഢമൂലമായിരുന്ന ജഡാസക്തികളുടെ മേൽ ജയം പ്രാപിക്കുവാൻ ദൈവം എന്നെ ശക്തീകരിക്കുന്ന അത്ഭുതപ്രതിഭാസത്തിനു ഞാൻ സാക്ഷിയായി. അങ്ങനെ എന്നിൽനിന്നു കോപവും അത്യാഗ്രഹവും പോലുള്ള പാപസ്വഭാവങ്ങൾ അപ്രത്യക്ഷമായി. എന്റെ ജീവിതസാഹചര്യങ്ങളിൽ ഞാൻ സംതൃപ്തിയും പൂർണ്ണതയും അനുഭവിക്കുവാൻ തുടങ്ങി. ജീവിതപ്രാരാബ്ധങ്ങൾ സമചിത്തതയോടെ നേരിടുവാൻ ഞാൻ പ്രാപ്തനായി. ഞാൻ ബലഹീനനായപ്പോഴൊക്കെയും അവങ്കലേക്കു നോക്കുകയും അവൻ എന്നെ പരിശുദ്ധാത്മാവിനാൽ ബലപ്പെടുത്തുകയും ബൈബിൾവാക്യങ്ങൾ എനിക്കു മാർഗദർശകങ്ങളായി നൽകുകയും ചെയ്തുപോന്നു.ചില അവസരങ്ങളിൽ എനിക്കു വഴി തെറ്റുമ്പോൾ ഞാൻ പിതാവായ ദൈവത്തോടു സത്യസന്ധമായി എന്റെ തെറ്റുകൾ ഏറ്റുപറയുകയും മാനസാന്തരപ്പെടുകയും ചെയ്യും. അപ്പോൾത്തന്നെ ആ തെറ്റുകൾ ക്ഷമിക്കപ്പെടുകയും തുടർന്നു ദൈവിക സമാധാനം അനുഭവിക്കുവാൻ എനിക്ക് ഇടയാകുകയും ചെയ്യാറുണ്ട് എന്നതും ഞാൻ അനുഭവിച്ചറിഞ്ഞ യാഥാർഥ്യമാണ്.

അവൻ നൽകുന്ന ശക്തിയാൽ ഒരു കുടുംബമെന്ന നിലയിൽ ഞങ്ങൾ ഒന്നായിരിക്കുകയും പരസ്പരം സ്നേഹിക്കുകയും ക്ഷമിക്കുകയും അന്യോന്യം ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ മക്കൾക്കായി ഞങ്ങൾക്കു നൽകുവാൻ കഴിയുന്ന ഏറ്റവും വലിയ അവകാശം മാതൃകാപരമായ ജീവിതവും അതിലൂടെ പകർന്നു നൽകുവാൻ കഴിയുന്ന ജീവിതമൂല്യങ്ങളും മാത്രമായിരിക്കുമെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. അതിനു വിലയേറിയ സ്വർണത്തെക്കാളും അനേക ഏക്കർ ഭൂമിയെക്കാളും മൂല്യമുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു.ദൈവം, സ്വർഗം, നരകം, നിത്യത ഇവയൊക്കെയും യാഥാർഥ്യങ്ങളാണെന്നും ഒരു ദിവസം നാമോരോരുത്തരും നമ്മുടെ ജീവിതത്തിന്റെ കണക്കുകൾ ദൈവത്തിന്റെ മുമ്പാകെ നൽകേണ്ടിവരുമെന്നും ആ കണക്കുകളിൽ നമ്മുടെ വാക്കുകളും പ്രവൃത്തികളും അവയുടെ ഉദ്ദേശ്യങ്ങൾ വരെയും ഉണ്ടാവുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. മരിച്ച് ഉയർത്തെഴുന്നേറ്റ യേശു തന്റെ പിതാവിന്റെ സന്നിധിയിൽനിന്നും അധികം താമസിയാതെ മടങ്ങിവരുമെന്നും നമുക്ക് അനുവദിച്ചിരിക്കുന്ന പരിമിതമായ സമയം അവിടുത്തേക്കു പ്രസാദകരമായ ജീവിതം നയിക്കുന്നതിനുള്ള അവസരം മാത്രമാണെന്നുമാണ് ഞാൻ കരുതുന്നത്. ഈ ലഭ്യമായിരിക്കുന്ന അവസരം, ഒന്നുകിൽ അവിടുത്തെ മടങ്ങിവരവ് അല്ലെങ്കിൽ നമ്മുടെ മരണം, ഇതോടെ നമുക്കു നഷ്ടപ്പെടും.

മേൽപറഞ്ഞ വസ്തുതകളുടെയും വിശ്വാസങ്ങളുടെയും വെളിച്ചത്തിൽ ഞങ്ങളുടെ പ്രിയമകളായ ഷെക്കയ്നയുടെ ആകസ്മികമായ വേർപാടിനെ തികച്ചും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിലൂടെ

കാണുവാൻ ഞങ്ങൾക്കു കഴിഞ്ഞു.

1. ദൈവം ഞങ്ങൾക്കു നൽകിയ അമൂല്യമായ ഒരു നിധിയായിരുന്നു ഷെക്കയ്ന. അവിടുത്തെ കൃപയിലും ബലത്തിലും ആശ്രയിച്ച് അവളെ വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും എല്ലാറ്റിനുമുപരിയായി ദൈവവുമായുള്ള സജീവമായ ഒരു ബന്ധത്തിലേക്ക് അവളെ കൈ പിടിച്ചു നയിക്കുന്നതിനും ഞങ്ങൾക്കു കഴിഞ്ഞു. വീണ്ടുംജനനാനുഭവത്തിനും അപ്പുറത്ത് ജലസ്നാനത്തിലൂടെ തന്റെ വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനും അവൾക്കു ദൈവം അവസരം നല്കി. അവൾ ഞങ്ങൾക്ക് ഒരനുഗ്രഹവിഷയം ആയിരുന്നു.ഒപ്പം അവളുമായി ഇടപെട്ടിരുന്ന മറ്റു പലർക്കും അവൾ അങ്ങനെതന്നെയായിരുന്നു. അവൾ അവളുടെ മാതാപിതാക്കളെ ബഹുമാനിക്കുന്നതിലും വിലമതിക്കുന്നതിലും പ്രത്യേകശ്രദ്ധ ചെലുത്തി. തന്റെ സഹോദരങ്ങൾക്കായി കരുതുകയും അവരെ സ്നേഹിക്കുകയും ചെയ്യുന്നതിൽ അവൾ അത്യന്തം ഉത്സാഹം കാണിച്ചു. ഒപ്പം ദൈവത്തെയും ദൈവജനത്തെയും അവൾ വളരെ സ്നേഹിച്ചിരുന്നു.

ഒരിക്കൽ വെല്ലൂരിലെ ആശുപത്രിയിൽ വെച്ച് അല്പമായ ഭീതിയുടെ സ്വരത്തിൽ അവൾ മരണത്തെക്കുറിച്ചു ഞങ്ങളോടു സംസാരിക്കുകയുണ്ടായി. അന്നു ഞങ്ങൾ ദീർഘനേരം ഒരുമിച്ചിരിക്കുകയും മരണത്തെക്കുറിച്ചുതന്നെ തുടർന്നു സംസാരിക്കുകയും ചെയ്തു. യേശുവിന്റെ ക്രൂശുമരണവും പുനരുത്ഥാനവും നിമിത്തം മരണഭയത്തിൽനിന്നു നമുക്കു ജയം നേടുവാൻ കഴിയുമെന്ന ദൈവവചനം അന്നു ഞങ്ങൾ ധ്യാനിച്ചു. ആ ദിവസത്തിനു ശേഷം മരണഭയത്തിൽനിന്നു ജയം നേടുവാൻ അവൾക്കു കഴിഞ്ഞതായും അതിനൊപ്പം മറ്റെല്ലാ ഭയങ്ങളും അവളെ വിട്ടു പോയതായും അവളെന്നോടു പറയുകയുണ്ടായി.

അതികഠിനമായ വേദനയിലൂടെ കടന്നുപോയപ്പോഴും അവൾ തികഞ്ഞ ആത്മസംയമനം പ്രകടിപ്പിക്കുകയും ഏറെ പ്രസരിപ്പോടെ ഞങ്ങളോട് ഇടപെടുകയും ചെയ്തിരുന്നു. വളരെ തരളിതവും സംശുദ്ധവുമായ ഒരു മനസ്സാക്ഷി അവൾക്കു കൈമുതലായുണ്ടായിരുന്നു. നിർമ്മലമായി താൻ സൂക്ഷിച്ചിരുന്ന ആ മനസ്സാക്ഷിയിൽ ആർക്കും ഒന്നും അവൾ കടപ്പെട്ടിരുന്നില്ല. അവൾ മരിക്കുന്നതിനു തലേദിവസം ഉച്ചഭക്ഷണസമയത്ത് ക്രിസ്റ്റി നൽകിയ കറിക്കു പകരം സാമ്പാർ ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നെന്നു പറഞ്ഞു. എങ്കിലും അൽപനേരം കഴിഞ്ഞപ്പോൾ തന്റെ ആഗ്രഹം അമ്മയെ വേദനിപ്പിച്ചിരിക്കുമോ എന്ന ആശങ്ക നിമിത്തം അവൾ ക്രിസ്റ്റിയെ അരികിൽ വിളിച്ചു ക്ഷമാപണം നടത്തുകയുണ്ടായി. അതീവകാഠിന്യമേറിയ വേദനയുടെ നാളുകളിലും മരുന്നും ഭക്ഷണവും കഴിക്കുന്നതിനോടുള്ള ബന്ധത്തിൽ ഞങ്ങളോട് എന്തെങ്കിലും അനാദരവ് ഉണ്ടായിട്ടുണ്ടെങ്കിൽ പിന്നീടതോർത്ത് ക്ഷമാപണം നടത്തുന്നതിൽ അവൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വാസ്തവമായും ദൈവഭക്തിയുള്ള ഒരു ദൈവപൈതലായിട്ടാണ് അവൾ വളർന്നു വന്നത്.

അവളുടെ ഈ ഭൂമിയിലെ ദിനങ്ങൾ അവസാനിച്ചിരിക്കുന്നു. അവൾ അവളുടെ സ്വർഗീയപിതാവിനോടു കൂടെ ആയിരിക്കുവാനാണ് പോയിരിക്കുന്നത് എന്നതിൽ ഞങ്ങൾക്ക് അല്പംപോലും സംശയമില്ല. രോഗങ്ങളും വേദനകളുമില്ലാത്തതും ദുഃഖങ്ങളില്ലാത്തതുമായ പുതിയ ഒരു ലോകത്താണ് അവളിപ്പോൾ. അതെ,





അവളുടെ പരീക്ഷകളെല്ലാം നന്നായി എഴുതിയ ശേഷം തന്റെ സ്വർഗീയ പിതാവിനോടൊപ്പം സുഖകരമായ ഒരവധിക്കാലത്തേക്ക് കടന്നിരിക്കുകയാണ്. ദൈവം ഞങ്ങളെ ഭരമേല്പിച്ച ആ അമൂല്യമായ നിധി ദൈവം ആഗ്രഹിച്ച വിധത്തിൽത്തന്നെ തിരികെയേല്പിച്ച ആത്മസംതൃപ്തിയിലാണ് ഞങ്ങളിപ്പോൾ.

2. ഒരുനാൾ ഞങ്ങളും ഈ ഭൂമിയിൽനിന്നു മാറ്റപ്പെടും. ദൈവവുമായുള്ള സ്നേഹബന്ധം തുടർന്നും നിലനില്ക്കുന്നതിൽ ഞങ്ങൾ വിജയിക്കുമെങ്കിൽ ഞങ്ങൾക്കും ഒരുനാൾ സ്വർഗീയമായ ആ അനുഭൂതി നുകരുവാനാകും. അന്ന് തികഞ്ഞ ആരോഗ്യവതിയായ ഷെക്കയ്നയെ ഞങ്ങൾ മുഖാമുഖമായി കാണും.

3. രണ്ടായിരത്തി പത്തിന്റെ അവസാനത്തോടെയാണ് 'ഓസ്റ്റിയോസർക്കോമ' എന്നറിയപ്പെടുന്ന അസ്ഥികളെ ബാധിക്കുന്ന ഗുരുതരമായ കാൻസർ ആണ് ഷെക്കയ്നയുടെ രോഗമെന്നു വൈദ്യശാസ്ത്രം കണ്ടെത്തിയത്. ലഭ്യമാകുന്നതിൽ ഏറ്റവും മെച്ചമായ ചികിൽസ അവൾക്കു നൽകുന്നതിനു ദൈവം ഞങ്ങളെ സഹായിച്ചു. വെല്ലൂരിലെ സി.എം.സി യിലാണ് അവളെ ചികിത്സിച്ചിരുന്നതെങ്കിലും ലോകോത്തരനിലവാരമുള്ള ന്യൂയോർക്കിലെ എം.എസ്സ് സി.സിയിലെ കാൻസർ വിദഗ്ധനായ സീനിയർ ഡോക്ടറിന്റെ ചികിൽസയും ഞങ്ങൾ അവൾക്കായി ലഭ്യമാക്കിയിരുന്നു. എൻജിനീയറിങ് കോളജിലെ പ്രൊഫസറായ ഞാൻ ജോലിയിൽനിന്നു അവധിയെടുക്കുകയും ഭാര്യയോടൊത്ത് അവൾക്കൊപ്പം കഴിഞ്ഞ ഒരു വർഷം വെല്ലൂരിൽ ചെലവഴിക്കുകയും അവളെ സംരക്ഷിക്കുകയും ചെയ്തുപോന്നു. ഈ നാളുകളിൽ ഞങ്ങൾ കൂടുതൽ അടുക്കുവാനും പരസ്പരം അധികമായി വിലമതിക്കുവാനും തുടങ്ങി. അത്ഭുതകരമായ രീതിയിൽ ഞങ്ങളുടെ സാമ്പത്തികാവശ്യങ്ങളൊക്കെയും ദൈവം തന്നെ ഈ നാളുകളിൽ നിർവഹിച്ചു.

4. പ്രായോഗികജീവിതത്തിനുപകരിക്കുന്ന പല പാഠങ്ങളും ഈ നാളുകളിൽ ഞങ്ങൾ പഠിച്ചു. 2010 ഡിസംബറിലെ ആദ്യദിനങ്ങളിൽ ഞങ്ങളുടെ മുൻഗണന അവളുടെ പത്താംക്ലാസ് പരീക്ഷ മാത്രമായിരുന്നു. എന്നാൽ വളരെ പെട്ടെന്നു തന്നെ ഡിസംബറിന്റെ രണ്ടാമത്തെ പകുതിയോടെ അവളുടെ ജീവൻ രക്ഷിക്കുക എന്നതു മാത്രമായി ഞങ്ങളുടെ പരമപ്രധാനമായ ലക്ഷ്യം. അതേ, അവളുടെ ജീവനു മുമ്പിൽ പത്താംക്ലാസ്പരീക്ഷ പോലെയുള്ള വിഷയങ്ങൾ ഞങ്ങൾക്ക് അപ്രസക്തം ആകുകയായിരുന്നു. ഇന്നു നിത്യതയോടുള്ള ബന്ധത്തിലും ആ വീക്ഷണകോണിലൂടെ കാര്യങ്ങൾ നോക്കിക്കാണുമ്പോൾ മറ്റെല്ലാ വിഷയങ്ങളുടെയും മൂല്യങ്ങളും ആകർഷണങ്ങളും ഇല്ലാതാകുന്നതുപോലെ എനിക്കു തോന്നിപ്പോകുന്നു. നാം അത്യന്തം മൂല്യമേറിയതെന്നു കരുതിക്കൊണ്ട് മുറുകെപ്പിടിച്ചു വയ്ക്കുവാൻ അധ്വാനിക്കുന്ന പലതും ഒരു ഗ്ലാസ് വെള്ളം നമ്മുടെ കൈക്കുമ്പിളിൽ പിടിച്ചുനിർത്തുവാൻ നാം ശ്രമിക്കുന്നതുപോലെയല്ലേ? ഓരോ തുള്ളി തുള്ളിയായി അവ എത്ര പെട്ടെന്നാണ് താഴേക്കു വീണുപോകുന്നത്! നമ്മുടെ വിരലുകൾക്കിടയിലൂടെ അവ ഇറ്റിറ്റു വീഴുമ്പോൾ നാം വാസ്തവത്തിൽ നിസ്സഹായരല്ലേ? അതേ, നാമെല്ലാവരും ഒരു നാൾ വെറുംകയ്യോടെ മടങ്ങിപ്പോകേണ്ടവരാണ്. അതേ തീർച്ചയായും നമ്മുടെ ജീവിതത്തിന്റെ മുൻഗണനകളുടെ ക്രമമത്രേ നാം പുനരവലോകനം ചെയ്യേ

ണ്ടത്.

5. നമ്മുടെ ജീവിതം തീരെ ദൈർഘ്യമില്ലാത്തതും അനിശ്ചിതത്വങ്ങൾ നിറഞ്ഞതുമാണ്. നമ്മോടു വളരെ അടുത്തിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവർ ഏതുനിമിഷവും നമ്മെ വിട്ടുപിരിഞ്ഞേക്കാം. നമ്മുടെ പ്രിയപ്പെട്ടവരോട് സ്നേഹത്തോടും ആർദ്രതയോടും ഇടപെടേണ്ട ആവശ്യകത എത്ര അധികമാണെന്ന് ഈ നാളുകളിൽ ഞാൻ തിരിച്ചറിയുയുണ്ടായി. പിന്നീട് ഓർത്തോർത്ത് ദുഃഖിക്കാതിരിക്കുവാനായി കാഠിന്യമേറിയ വാക്കുകളും പരസ്പരമുള്ള പഴിചാരലും വിരൽ ചൂണ്ടലുകളുമെല്ലാം നമ്മുടെ ജീവിതപങ്കാളികളോടും കുട്ടികളോടുമുള്ള ബന്ധത്തിൽ നിന്നും നാം ഒഴിവാക്കിയാൽ എത്ര നന്നായിരിക്കും!

6. ഷെക്കയ്നയുടെ ഭൗതികശരീരത്തിന്റെ സംസ്കാരച്ചടങ്ങിലും തേജോമയമായ ദൈവികസാന്നിധ്യം ഞങ്ങൾ അനുഭവിക്കുയുണ്ടായി.ഷെക്കയ്നയുടെ ചലനമറ്റ ശരീരത്തിനടുത്ത് നിൽക്കുവാനും ഞങ്ങളുടെ അവളോടൊത്തുള്ള അനുഭവങ്ങളും അവളിൽ വെളിപ്പെടുവാനിരിക്കുന്ന തേജസ്സിനെക്കുറിച്ചു ഞങ്ങൾക്കുള്ള പ്രത്യാശയും പങ്കുവക്കുന്നവാനും ദൈവം ഞങ്ങളെ അത്ഭുതകരമായ രീതിയിൽ ബലപ്പെടുത്തി. ഞങ്ങൾ പങ്കുവച്ച സാക്ഷ്യം അനേക ഹൃദയങ്ങളെ ഉണർത്തുകയും അനേകർ തങ്ങളുടെ ജീവിതത്തെ വീണ്ടും യേശുവിനായി സമർപ്പിക്കുകയും ചെയ്തു. ഷെക്കയ്നയുടെ സംസ്ക്കാരശുശ്രൂഷ അനേകർക്ക് അനുഗ്രഹമായി ഭവിച്ചു എന്ന് അറിയിച്ചുകൊണ്ടുള്ള കത്തുകളും ഫോൺവിളികളും ഇപ്പോഴും ഞങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്നു.

ഇതിലൊക്കെ അധികമായി ഞങ്ങൾക്ക് എന്താണ് വേണ്ടത്? അവൾ ജീവിച്ചിരുന്നപ്പോൾ അനേകർക്കു അനുഗ്രഹവിഷയമായിരുന്നു. തന്റെ മരണത്തിലൂടെയും അവൾ അനേകരെ അനുഗ്രഹിക്കുകയും ബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇവയിലൂടെയെല്ലാം ദൈവത്തിന്റെ നാമം മഹത്വപ്പെട്ടിരിക്കുന്നു. മരണംപോലും അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തുവാനുള്ള അവസരങ്ങളാക്കപ്പെടുന്നു, ഓ, മരണമേ, നിന്റെ ജയമെവിടെ? ഓ മരണമേ, നിന്റെ വിഷമുള്ളെവിടെ? അതേ ദൈവസ്നേഹത്തിന്റെ സുരക്ഷിതവലയത്തിൽ കഴിയുന്ന ദൈവമക്കളെ കീഴടക്കുവാനോ ഭയപ്പെടുത്തുവാനോ മരണത്തിന് ഇനി കഴിയുകയില്ല.

ദൈവത്തിന് ഒരിക്കലും തെറ്റു പറ്റാറില്ല എന്നും സകലത്തിന്മേലും അവിടുത്തേക്ക് അപ്രമാദിത്യം ഉണ്ട് എന്നും ഞാൻ വിശ്വസിക്കുന്നു. അവിടുന്നു സർവ്വവ്യാപിയും സർവ്വശക്തനും സർവ്വജ്ഞാനിയും ആണെന്നും തന്റെ പ്രവൃത്തികളൊക്കെയും വ്യക്തമായ ഒരു പദ്ധതിയിലും രൂപകല്പനയിലും അധിഷ്ഠിതമാണെന്നും ഞാൻ വിശ്വസിക്കുന്നു.

അവിടുത്തെ വഴികളൊക്കെയും ഒരു പക്ഷേ ഇന്നു നമുക്കു ദുർഗ്രഹമായി തോന്നിയേക്കാം. എന്നാൽ നാമും ഒരു നാൾ നിത്യതയിലേക്കു മാറ്റപ്പെടുമ്പോൾ എല്ലാ സംശയങ്ങളും പരിഹരിക്കപ്പെടും. ആയതിനാൽ അവിടുത്തെ വഴികളെയും പ്രവൃത്തികളെയും ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ ഞാൻ ചോദ്യം ചെയ്യുകയില്ല.

ഇത്തരത്തിലുള്ള ദുരിതങ്ങൾ ദൈവത്തിൽ നിന്നുള്ള ശിക്ഷയോ ന്യായവിധിയോ അല്ല. ദൈവത്തെ സ്നേഹിക്കുകയും ദൈവവുമായി ജീവനുള്ള ഒരു ബന്ധം നിലനിർത്തുകയും ചെയ്യുന്നവ





ചിന്തയ്ക്ക്

# മനുഷ്യനെ സംബന്ധിച്ച സുപ്രധാന കാര്യങ്ങൾ

ഏ.ഡബ്ളിയു. ടോസർ

ഭൂമിയിൽ മനുഷ്യജീവിതത്തിന് ആധാരമായിത്തീർന്നിട്ടുള്ള ഒരു ചിന്താകേന്ദ്രമുണ്ട്. അതിൽ മനുഷ്യൻ അടിസ്ഥാനരൂപേണ കരുതുന്ന ചില സത്യങ്ങൾ അടങ്ങിയിരിക്കുന്നു. ഈ സത്യങ്ങൾ ചിരന്തനമാണ്. എത്രകാലം കഴിഞ്ഞാലും എല്ലാ ജനവർഗ്ഗങ്ങളിലും അവ മാറ്റമില്ലാതെ നിലകൊള്ളുന്നു.

ഈ ചിന്താകേന്ദ്രത്തിൽനിന്നകന്ന് ജീവിതത്തിന്റെ ചില അതിർത്തിമണ്ഡലങ്ങളും ഉണ്ട്. താരതമ്യേന അപ്രധാനമായ കാര്യങ്ങളാണ് ഈ അതിരുകളിലുള്ളത്. തലമുറയിൽനിന്നു തലമുറയിലേക്കും ജനവർഗ്ഗങ്ങളിൽനിന്നു ജനവർഗ്ഗങ്ങളിലേക്കും മാറ്റം വരുന്നതോടെ അതിർമേഖലകളിലുള്ള ഈ കാര്യങ്ങൾക്കു മാറ്റം സംഭവിക്കുന്നു.

കേന്ദ്രസത്യങ്ങളെ സംബന്ധിച്ചിടത്തോളം മനുഷ്യർ ഒന്നാണ്. അതിർത്തിരേഖകളിലാകട്ടെ, അവർ അന്യോന്യം വ്യത്യാസപ്പെട്ടവരായിത്തീരുന്നുണ്ട്. ലോകത്തിലെ ഭിന്നതകളും തർക്കങ്ങളും കലഹങ്ങളുമെല്ലാം അപ്രധാനമായ ഈവക കാര്യങ്ങളിൽ മാത്രമാണ്. കേന്ദ്രസത്യങ്ങളും അപ്രധാനവസ്തുതകളും തമ്മിൽ വകതിരിച്ചറിയാൻ മനുഷ്യർക്കു

രുടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും അവരുടെ നന്മയ്ക്കായി ഭവിക്കുവാനാണ് ദൈവം അനുവദിച്ചിരിക്കുന്നത്.ഈ നന്മയെന്നത് ആത്യന്തികമായി നിത്യതയുമായി ബന്ധപ്പെട്ടിരിക്കയാൽ തന്റെ ഓരോ ശോധനയിലൂടെയും അവിടുത്തെ പുത്രനായ ക്രിസ്തുവിന്റെ സ്വഭാവത്തോടു നാം അനുരൂപരാകണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്.

പ്രിയസുഹൃത്തേ, വാസ്തവമായും മനോഹരമായ ഒരു ജീവിതമാണിത്. ഇങ്ങനെയൊരു ജീവിതം നിങ്ങൾ ആഗ്രഹിക്കുന്നവെങ്കിൽ, നിങ്ങളുടെയും ഹൃദയത്തിന്റെ ഉത്ക്കടമായ വാഞ്ഛയാണിതെങ്കിൽ, നിങ്ങൾക്കും ഇത്തരത്തിലൊരു ജീവിതം ഈ ഭൂമിയിൽ സാധ്യമാണ്. നിങ്ങൾ നടന്നുവരുന്ന ജീവിതപാതയിൽ നിങ്ങൾ അസ്വസ്ഥരും മാറ്റം ആഗ്രഹിക്കുന്നവരുമാണെങ്കിൽ കേവലം വിശ്വാസത്തിന്റെ ഒരു ചെറിയപ്രവൃത്തിയിലൂടെ സ്വർഗ്ഗീയ പിതാവുമായുള്ള സജീവമായ ആ ബന്ധത്തിലേക്കു നിങ്ങൾക്കും കടന്നുവരാം. നിങ്ങൾക്ക് എന്നോടുള്ള സ്നേഹവും കരുതലും ഓർത്തപ്പോൾ ഞാൻ അറിഞ്ഞതും അനുഭവിച്ചതുമായ ഈ സന്തോഷവാർത്ത നിങ്ങളെയും അറിയിക്കണമെന്ന് എനിക്കു തോന്നി. മരണമെന്നത് സുനിശ്ചിതവും യഥാർഥവുമാണ്. അങ്ങനൊരു യാഥാർഥ്യത്തെക്കുറിച്ചു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ആ യാഥാർഥ്യം അഭിമുഖീകരിക്കുവാൻ നിങ്ങൾ ഒരുക്കമാണോ? നിങ്ങളുടെ പ്രിയപ്പെട്ടവരുടെ വേർപാടിനെ നേരിടുവാൻ നിങ്ങൾ ഒരുക്കമാണോ???

കൂടുതൽ വിവരങ്ങൾക്ക്:
shekinahsantoshmathew.blogspot.com

കേന്ദ്രസത്യങ്ങളെ സംബന്ധിച്ചിടത്തോളം മനുഷ്യർ ഒന്നാണ്. അതിർത്തിരേഖകളിലാകട്ടെ, അവർ അന്യോന്യം വ്യത്യാസപ്പെട്ടവരായിത്തീരുന്നുണ്ട്. ലോകത്തിലെ ഭിന്നതകളും കലഹങ്ങളുമെല്ലാം അപ്രധാനമായ കാര്യങ്ങളിൽ മാത്രമാണ്. കേന്ദ്രസത്യങ്ങളും അപ്രധാന വസ്തുതകളും തമ്മിൽ തിരിച്ചറിയാൻ മനുഷ്യർക്കു സാധിക്കാത്തതുമൂലമാണ് ശത്രുത്വങ്ങളും കലഹങ്ങളും പീഡനങ്ങളും രക്തരൂഷിതങ്ങളായ സമരങ്ങളുമെല്ലാം ഉദ്ഭവിക്കുന്നത്.

സാധിക്കാത്തതുമൂലമാണ് ശത്രുത്വങ്ങളും കലഹങ്ങളും പീഡനങ്ങളും രക്തരൂഷിതങ്ങളായ സമരങ്ങളുമെല്ലാം ഉദ്ഭവിക്കുന്നത്.

ഒട്ടും ഗൗരവമില്ലാത്ത അപ്രധാനകാര്യങ്ങളെ മറക്കുവാൻ സാധിക്കുകയും മുഖ്യകാര്യങ്ങൾക്കു പ്രാധാന്യം നൽകുകയും ചെയ്താൽ മനുഷ്യരെ തമ്മിൽ വിഭജിക്കുന്ന അതിർഭിത്തികൾ ഇല്ലാതെയാകും. അന്തമറ്റ ഭിന്നതകളും ദുഃഖങ്ങളും പോയി മറയുകയും ചെയ്യും.

മനുഷ്യനെ സംബന്ധിച്ച സുപ്രധാനമായ അടിസ്ഥാനകാര്യങ്ങൾ ഏതൊക്കെയാണ്? മനുഷ്യസമൂഹത്തിനൊന്നാകെ മൂല്യവത്തായും സുപ്രധാനമായുമിരിക്കുന്ന കാര്യങ്ങൾ ഏതൊക്കെയാണ്? ഭാഗ്യവശാൽ അവ എണ്ണത്തിൽ വളരെക്കുറച്ചുമാത്രമേയുള്ളൂ. ആ പ്രധാനകാര്യങ്ങൾ താഴെപ്പറയുന്നവയാണ്:-

1. ദൈവം മാത്രമാണ് ഏറ്റവും വലിയവൻ.

എങ്കിലും ഏറ്റവും വലിയ കാര്യം മറ്റു ചിലതാണെന്നു ചിന്തിക്കുന്ന ഒരു പ്രവണത മനുഷ്യരുടെ ഇടയിലുണ്ട്. ഇത്തരം ചില വസ്തുതകൾ, സംഭവങ്ങൾ, ആളുകൾ എന്നിവയെല്ലാം വലുതെന്ന് തെറ്റായിച്ചിന്തിക്കുന്നവരാണ് മനുഷ്യർ. എന്നാൽ തന്നിൽത്തന്നെ മഹത്വമാരോപിക്കുവാൻ കഴിയാത്തവിധം ഉന്നതമാണ് മനുഷ്യന്റെ ആത്മാവ്. അതുപോലെയുള്ള ചില വസ്തുതകളിലോ സംഭവങ്ങളിലോ വലിപ്പമാരോപിക്കുവാനും മനുഷ്യനു സാധ്യമല്ല.

മനുഷ്യന് ഉണ്ടെന്നു തോന്നുന്ന വലിപ്പം ചന്ദ്രപ്രകാശം പോലെയാണ്. ചന്ദ്ര നുണ്ടെന്നു തോന്നുന്ന പ്രകാശം സൂര്യപ്രകാശത്തിന്റെ പ്രഫലനം മാത്രമാണല്ലോ. മനുഷ്യന്റെ പ്രാധാന്യവും ഇതുപോലെ കടം കൊണ്ടതാണ്. തനിക്കു സ്വതേ ഇല്ലാത്തതും ദൈവത്തിൽനിന്നു പ്രാപിച്ചിട്ടുള്ളതുമായ മഹത്വം മാത്രമാണ് മനുഷ്യനുള്ളത്.

2. ദൈവം മാത്രമാണ് ജ്ഞാനമുള്ളവൻ

മനുഷ്യന്റെ ജ്ഞാനം തന്റെ വലിപ്പത്തിനൊരു കാരണമായി അവൻ എടുത്തുകാണിക്കുന്നതുമാത്രമാണ്. അത് അവന്റെ ദുരഭിമാനത്തിന് ഒരു ഹേതുവായിത്തീർന്നുമിരിക്കുന്നു. പക്ഷേ അത് എപ്പോഴും തോൽവിയടയുന്നു. തന്നെ സംബന്ധിച്ച കാര്യങ്ങളൊന്നും അവന് അറിഞ്ഞുകൂടാ. താൻ ആര്? എങ്ങനെ ഉണ്ടായി? എവിടെ നിന്നുവന്നു? എങ്ങോട്ടു പോകുന്നു? ഇതൊന്നും പറയുവാൻ അവനു കഴിവില്ല. അതിനാൽ താനാഗ്രഹിക്കുന്ന മഹത്വം പ്രാപിച്ച് ദുഃഖത്തിൽനിന്നു മോചനം നേടാനും അവനു കഴിയുന്നില്ല. തന്റെ യുവത്വം നിലനിർത്തുവാനോ ജീവനിൽ തുടരുവാനോ അവനു കഴിയുന്നതുമില്ല.

എന്നിട്ടും മനുഷ്യൻ തന്റെ ജ്ഞാനത്തെപ്പറ്റി സ്വയം പ്രശംസിക്കുന്നു. ദൈവമോ





കാത്തിരിക്കുന്നു. യുഗങ്ങൾ കഴിഞ്ഞുപോകുന്നു. കാലവും സ്ഥലവും വസ്തുവും ചലനവും ജീവനും മരണവുമെല്ലാം ഒന്നുചേർന്ന് ദൈവം മാത്രമാണ് ജ്ഞാനമുള്ളവനെന്ന് നമ്മെ അറിയിക്കയും ചെയ്യുന്നു.

3. ദൈവം ഒഴികെ മറ്റുള്ളതൊന്നും പ്രധാനമല്ല.

ആരോഗ്യം പ്രധാനമെന്നു നാം ചിന്തിക്കുന്നു. അതുപോലെ സ്വാതന്ത്ര്യം, ജ്ഞാനം, കല, സംസ്കാരം എന്നിവയെല്ലാം പ്രധാനമെന്ന് നാം വൃഥാ ചിന്തിക്കുന്നു. നിലനില്ക്കുന്നതായി ഒരൊറ്റ വാക്കു മാത്രമുണ്ട്. നിത്യത. മറ്റൊന്നും ആഴമായി ചിന്തിച്ചാൽ പ്രധാനമല്ലതന്നെ.

മനുഷ്യന് മരണില്ലാതെ അന്തമറ്റ ഒരു ജീവിതം ലഭിച്ചെന്നു സങ്കല്പിക്കുക. അതോടെ അവന്റെ എല്ലാ ഭൗമികനിക്ഷേപങ്ങളുടേയും വിലയിടിയുന്നു. നമ്മുടെ ശരീരത്തിന് ഹൃദയം എന്നതുപോലെ നമ്മുടെ നിത്യമായ നിലനിൽപ്പിന് ദൈവം അനുപേക്ഷണീയമത്രേ. ഹൃദയമുള്ളപ്പോൾ മാത്രമേ ശ്വാസകോശം, കരൾ, വൃക്കകൾ എന്നിവയ്ക്കെല്ലാം വിലയുള്ളൂ. ഹൃദയത്തിന്റെ മിടിപ്പു നില്ക്കട്ടെ, അതോടെ എല്ലാ അവയവങ്ങളുടേയും പ്രവർത്തനം നിന്നുപോകുന്നു. അതുപോലെതന്നെ ദൈവമില്ലെങ്കിൽ പണം, സൽകീർത്തി, വിദ്യാഭ്യാസം, സംസ്കാരം എന്നീവയ്ക്കെല്ലാം എന്തുവിലയാണുള്ളത്? യാതൊരു വിലയുമില്ലതന്നെ. ഇവയെയെല്ലാം പിന്നിൽ തള്ളിയിട്ട് മനുഷ്യരെല്ലാം നിത്യമരണത്തിൽ അമർന്നുപോകുന്നു. ദൈവം തന്റെ മുഖം മറച്ചുകളഞ്ഞാൽ പിന്നെ മറ്റു യാതൊന്നും പ്രാധാന്യമുള്ളതല്ല.

4. ദൈവത്തിലാശ്രയിച്ച് ചെയ്യുന്നവ മാത്രം ഒടുവിൽ നിലനിൽക്കും.

മനുഷ്യൻ തന്റെ സൃഷ്ടികർത്താവിന്റെ അതേ ഛായയിൽ നിർമ്മിക്കപ്പെട്ടവനാണ്. തന്മൂലം സൃഷ്ടിപരമായ പ്രവർത്തന

നമ്മുടെ ശരീരത്തിന് ഹൃദയം എന്നതുപോലെ നമ്മുടെ നിത്യമായ നിലനിൽപ്പിന് ദൈവം അനുപേക്ഷണീയമത്രേ. ഹൃദയമുള്ളപ്പോൾ മാത്രമേ ശ്വാസകോശം, കരൾ, വൃക്കകൾ എന്നിവയ്ക്കെല്ലാം വിലയുള്ളൂ. ഹൃദയത്തിന്റെ മിടിപ്പു നില്ക്കട്ടെ, അതോടെ എല്ലാ അവയവങ്ങളുടേയും പ്രവർത്തനം നിന്നുപോകുന്നു. അതുപോലെതന്നെ ദൈവമില്ലെങ്കിൽ പണം, സൽകീർത്തി, വിദ്യാഭ്യാസം, സംസ്കാരം എന്നീവയ്ക്കെല്ലാം എന്തുവിലയാണുള്ളത്? യാതൊരു വിലയുമില്ലതന്നെ.

ങ്ങൾക്കുള്ള ഒരു പ്രേരണ അവനിൽ കുടികൊള്ളുന്നുണ്ട്. അവൻ ഏദെൻതോട്ടത്തിൽനിന്നു പുറത്താക്കപ്പെട്ടപ്പോഴും സൃഷ്ടിക്കുവാനുള്ള ഈ വാസന അവനെ വിട്ടുപോയില്ല. അവൻ സൃഷ്ടികർമ്മത്തിൽ അഥവാ നിർമ്മാണത്തിൽ ഏർപ്പെട്ടേ മതിയാവൂ. അതിനുള്ള ഉപകരണങ്ങൾ ഇഷ്ടികയോ ചായങ്ങളോ സംഗീതസ്വരങ്ങളോ ശാസ്ത്രസത്യങ്ങളോ ചിന്താപദ്ധതികളോ എന്തുതന്നെയുമാകട്ടെ, അവൻ നിർമ്മാണത്തിൽ ഏർപ്പെട്ടേ മതിയാവൂ. നിസ്സാരമായ ഒരു കളിക്കോപ്പു നിർമ്മിക്കുന്ന ബാലൻ മുതൽ സാമ്രാജ്യം പടുത്തുയർത്തുന്ന ചക്രവർത്തിവരെ എല്ലാവരും ഇതാണ് ചെയ്യുന്നത്.

എങ്കിലും കാലം അവനെതിരാണ്. അത് അവൻ ചെയ്യുന്ന എല്ലാ പ്രവൃത്തിയെയും നാശത്തിലേക്കു നയിക്കുന്നു. അതിന്റെ സംഹാരശക്തി സംസ്കാരങ്ങളെയും നഗരങ്ങളെയും മനുഷ്യരെയുമെല്ലാം നശിപ്പിച്ച് പൊടിയാക്കിമാറ്റുന്നു. ഒരു ജീവിതകാലത്തെ അധ്വാനം മുഴുവൻ അധ്വാനിച്ച്

മനുഷ്യനോടൊപ്പം നാശമടയുന്നു. എന്നാൽ ദൈവത്തിനുവേണ്ടി നാം ചെയ്യുന്ന പ്രവർത്തനങ്ങളിലെല്ലാം ദൈവം അനശ്വരതയുടെ ആത്മാവിനെ പ്രതിഷ്ഠിക്കുന്നു. അപ്രകാരം തന്നെ സ്നേഹിക്കയും വിശ്വസിക്കുകയും ചെയ്യുന്ന എല്ലാവർക്കും തന്റെ നിത്യതയെ ദൈവം സംഭാവന ചെയ്യുന്നു.

5. ദുശ്ശങ്ക, വിദ്വേഷം, അസൂയ, അധികാരതൃഷ്ണ, ദുർമ്മോഹം, അത്യാഗ്രഹം എന്നിവയെല്ലാം ലോകത്തെ ദുരന്തദുരിതത്തിലാഴ്ത്തുന്നു. അപ്പോൾത്തന്നെ താൻ ബുദ്ധിമാനാണെന്നഭിമാനിക്കുന്ന മനുഷ്യൻ നിശ്ചിന്തനായി നിന്നുകൊണ്ട് തന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാവരോടും പാപമെന്നത് കാലഹരണപ്പെട്ട ഒരു കാര്യമാണെന്നും പാപം എന്നു പറയുന്ന ഒന്നു തന്നെ ഇല്ലെന്നും വ്യർത്ഥമായി ഉറപ്പു നൽകുന്നു.

എന്നാൽ മനുഷ്യന്റെ ഈ വ്യർത്ഥഭാഷണത്തിനപ്പുറമായി പാപം മനുഷ്യവർഗ്ഗത്തിന്റെ മേൽ ആധിപത്യം ചെലുത്തുന്നു. അതിന്റെ ഭാരിച്ച നുകം നമ്മുടെ ആത്മാവിന്റെ മേൽനിന്ന് എടുത്തുമാറ്റിയെങ്കിലല്ലാതെ മനുഷ്യനു രക്ഷ പ്രാപിക്കുവാൻ സാധ്യമല്ല; അവർ ചെയ്യുന്നതൊന്നും സഫലമായിത്തീരുകയുമില്ല. പാപം നമ്മെ ദൈവസന്നിധിയിൽനിനന്ന് അകറ്റിക്കളയുന്നു. ദൈവകൃപയാൽ പാപത്തെ ജയിച്ചല്ലാതെ മനുഷ്യന് ഒരിക്കലും നിലനിൽപ് ഉണ്ടാകുന്നില്ല.

6. ദൈവത്തിന്റെ പക്കൽ പാപക്ഷമയുണ്ട്.

സർവ്വത്തിന്റെയും അധീശനായ ദൈവം കാരുണ്യശാലിയും കൃപ നിറഞ്ഞവനുമാണ്. അവിടുന്ന് ആയിരം പതിനായിരങ്ങൾക്കു ദയ കാണിക്കുന്നവനും അനീതിയെയും ലംഘനത്തെയും പാപത്തെയും ക്ഷമിക്കുന്നവനുമാണെന്ന് പഴയനിയമം പ്രഖ്യാപനം ചെയ്യുന്നു. പുറപ്പാട് 34 :6 നോക്കുക. “യഹോവയായ ദൈവം കരുണയും കൃപയുമുള്ളവൻ...” മനുഷ്യപുത്രന് ഭൂമിയിൽ പാപങ്ങളെ ക്ഷമിക്കുവാൻ അധികാരമുണ്ടെന്ന് പുതിയനിയമവും ഉൽഘോഷിക്കുന്നു. (മത്തായി 9:6) മനുഷ്യനായ ക്രിസ്തുയേശുവിലൂടെ ദൈവത്തിന്റെ കരുണ സകലജനങ്ങൾക്കും പ്രത്യക്ഷമായിത്തീർന്നിരിക്കുന്നു. വചനം ജഡമായിത്തീർന്നുവെന്നത് ഒരു ദിവ്യരഹസ്യംതന്നെ. അവിടുന്ന് ഒരേ സമയം തന്നെ ദൈവവും മനുഷ്യനുമായി ഭൂമിയിൽ അവതരിച്ചു. ഈ ക്രിസ്തുവിൽ ആയിത്തീരുന്ന മനുഷ്യാത്മാവ് യഥാർത്ഥത്തിൽ മൂല്യവത്തായതിനെ കണ്ടെത്തിയിരിക്കുന്നു. അങ്ങനെ മനുഷ്യന്റെ ഏറ്റവും ഭാരിച്ച പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യുന്നു. ആ വിധത്തിൽ മനുഷ്യന്റെ സത്യബോധം സുസ്ഥിരവും അചഞ്ചലവുമായിത്തീരുന്നു. അവന്റെ കണ്ണുകൾ തുറക്കപ്പെടുന്നു. അപ്പോൾ സത്യത്തെ വ്യാജത്തിൽനിന്നു വേർതിരിച്ചറിയുവാൻ മനുഷ്യനു കഴിവു ലഭിക്കയും ചെയ്യുന്നു.

7. ദൈവം സംരക്ഷിക്കുന്നതു മാത്രമാണ് സുരക്ഷിതം

മറ്റെന്തെല്ലാം അവൻ കണ്ടെത്തിയാലും കൂട്ടിവച്ചാലും അതെല്ലാം നാശമടയുന്നു. “ഈ പരിജ്ഞാനം എങ്കൽ ഭരമേൽപിച്ചിരിക്കുന്നതായി ധന്യനായ ദൈവത്തിന്റെ മഹത്വമുള്ള സുവിശേഷത്തിന് അനുസാരമായതുതന്നെ” എന്നു പൗലോസ് പ്രസ്താവിക്കുമ്പോൾ അദ്ദേഹം വ്യക്തമാക്കുന്നത് ഈ സത്യം തന്നെ. (1 തിമോഥയോസ് 1:11)

അതിനാൽ ദൈവത്തിൽ അധിഷ്ഠിതമായ ഈ ഏഴുമഹാസത്യങ്ങളുടെ അടിസ്ഥാനത്തിൽ ജീവിതത്തെ പടുത്തുയർത്തുവാനും അനശ്വരതയെ സാക്ഷാൽക്കരിക്കുവാനും ദൈവം നമുക്കു കൃപ നൽകട്ടെ.





Youth Section




# How can I receive Holy Spirit?

Sandeep Poonen

***Question:***

Can you please explain the Holy Spirit, how I might receive Him, and His role in my life?

***Answer:***

Thank you for your question - a very short one. But unfortunately the answer is not as short. In fact, I would like to spend several of the next few articles to talk about the Holy Spirit.

To begin with, I want to talk about some basic truths about the Holy Spirit. Among various Christian groups, the role and function of the Holy Spirit has been abused and misused. So I want to shed some light on my understanding of the primary purpose of the Holy Spirit.

**1. THE HOLY SPIRIT IS A PERSON**

First of all, we must always remember that the Holy Spirit is a Person. He is fully God and one part of the Trinity of God who has been given to dwell inside of us. I know the tendency can be to think of the Holy Spirit as a thing, but that's wrong. The Holy Spirit is a Person. Some like to call Him "Holy Spirit" instead of "the Holy Spirit." To me, keeping or dropping the "the" is secondary - the question is whether we really interact with Him as a Person.

**2. THE HOLY SPIRIT HAS BEEN GIVEN TO ATTACK ALL OUR SINS**

Why has the Holy Spirit been given? Has He been given so that we can perform healings and walk on water and have all our comforts met? Far from it! I believe that the Holy Spirit has been given primarily to help us attack all our own sins. By His very name, we know that the Holy Spirit fundamentally stands opposed to sin. The opposite of sin is

holiness - so it only makes sense that the HOLY Spirit should primarily help us to be free from sin. So whenever we see Christians who claim to be filled with the Holy Spirit but live lives persistently defeated by sin, we can know for sure that the real Holy Spirit is definitely not effective, and He might not even be present at all.

Now how does the Holy Spirit help free us from sin?

- First, the Holy Spirit can help free us of the PENALTY of sin.
- Next, the Holy Spirit can help free us of the POWER of sin.
- Finally, the Holy Spirit can help free us of the PRESENCE of sin.

Now my sense is that many sincere Christians will listen to the Holy Spirit's voice that assures them that they are freed from the PENALTY of sin (through the blood of Jesus that was shed for them). Many also believe that one beautiful day when Jesus returns to this earth, they will be freed from the very PRESENCE of sin through the Holy Spirit that unites us fully with Jesus. But in the meantime, very few Christians interact with this same Holy Spirit who desires to free them from the POWER of sin.

So we Christians must learn to interact with the Holy Spirit (a Person, not an impersonal force or a thing) to free us over time from the power that all sins have over us.

**3. THE HOLY SPIRIT IS LIKENED TO FIRE - THAT SEEKS TO BURN UP ALL SIN**

To me, the main picture of the Holy Spirit is fire. John the Baptist says in Matthew 3:11 that Jesus will baptize us with the Holy Spirit and fire, and that the Holy Spirit's fire would burn up all the chaff in our lives (i.e., all sin in our lives). Also, when the Holy Spirit came to live within humans for the first time at Pentecost, it appeared as a tongue of fire (Acts 2:3-4).

Now in our Christian culture, we might often think of the Holy Spirit as a dove. To be clear, John the Baptist did see the Holy Spirit descend upon Jesus as a dove (Matthew 3:16). So while that is true, I believe that the image of fire is more relevant for us than the image of a dove. The way I see it is this: The Holy Spirit can rest upon us with peace like a dove *only if* the fire of the Holy Spirit has free reign to burn up the chaff in our lives first. The dove is a picture of peace - and so, the Holy Spirit cannot rest upon us in peace if we are still defeated and overcome





by our sins. But as we allow the fire of the Holy Spirit to help purge us of all sin, then the Holy Spirit can indeed bring the peace that passes all understanding as well!

**4. THE HOLY SPIRIT GIVES US THE POWER TO BE A WITNESS OF JESUS**

Let me answer one last question related to this: Why does the Holy Spirit want to free us from our sins? What is His goal in doing this? Is it so that we too can be gods? Is it so that we can achieve some state of nirvana?

Not at all. Look at this verse in *Acts 1:8 - but you will receive power when the Holy Spirit has come upon you; and you shall be My witnesses both in Jerusalem, and in all Judea and Samaria, and even to the remotest part of the earth.*

Let us first differentiate between what it takes to "be a witness" versus simply "bearing witness." There is a HUGE difference between BEARING witness and BEING a witness.

**Bearing witness** is something that we do externally. There are even many evangelistic activities that we can do that are just bearing witness - e.g. handing out tracts, telling others about Jesus, posting Christian-related stories on our Facebook account, etc. Now to be clear, there is absolutely nothing wrong with any of these activities. In fact, they can all be very useful and helpful activities for advancing the message of Jesus.

**Being a witness** however, is very different. BEING a witness of Jesus implies that our whole being (identity) exemplifies and demonstrates the Person of Jesus. So our internal hopes and dreams and ambitions match what we sing while at church on Sunday, and what we claim to believe to our family and friends.

Now as we all know, we might be able to fool most people most of the time, but we won't fool people all the time. And we definitely cannot fool God. So as we look at our lives before God, we must ask ourselves if we are BEING a witness of Jesus in God's eyes.

But how can we be witnesses of Jesus Christ? To be a witness is to see something. Were we there when Jesus was crucified? Has Jesus appeared to us personally so that we are truly witnesses of His resurrection? The people to whom Jesus spoke these words to in Acts 1:8 *were* actual witnesses. They had all seen the cross on which Jesus

died. They had probably all seen Jesus' dead body being brought down from the cross. And now they were also seeing Him in His resurrected Body.

So how can WE be witnesses of Jesus Christ? This is the really beautiful part! In addition to the apostles who saw Jesus that day, there was another Person who was there - the Holy Spirit. He watched the whole story as well. The Holy Spirit also saw them crucify our Lord. He also saw them bury Jesus. And He was there for the resurrection of Jesus.

*Acts 5:30-32 - "The God of our fathers raised up Jesus, whom you had put to death by hanging Him on a cross. He is the one whom God exalted to His right hand as a Prince and a Savior, to grant repentance to Israel, and forgiveness of sins. And we are witnesses of these things; and so is the Holy Spirit, whom God has given to those who obey Him."*

This very same Holy Spirit has now been made available to us - to testify to our hearts that Jesus is real. He has been given to whisper in our hearts, "***Jesus Christ is real. I was there when they crucified Him. And I am a witness that Jesus rose from the dead as well. Trust Me. Believe Me.***" So while I appreciate all the scientific and philosophical books that can give us a sense of human confidence in the physical death and resurrection of Jesus, my faith **does not** rest on those discoveries or proofs. My faith in Jesus rests on the hidden voice of the Holy Spirit that whispers to my heart that Jesus is real. And the Holy Spirit testifies to my spirit (heart) that because He rose from the dead, I am a child of God (Romans 8:16).

So the reason the Holy Spirit comes to give us supernatural (Divine) power over sin in our lives is SO THAT we can simply BE witnesses of Jesus - **as if we had seen it all** ourselves. It is not so that we can be good and kind and having outstanding moral character. No, the Holy Spirit wants to give us His power over all our sins so that we attest by our lives that JESUS is real and that JESUS has conquered all sins and even death. He wants us to have our whole lives act as one big sign pointing to Jesus!

Next month, I will talk about how we can receive the Holy Spirit and have Him dwell in us.

(please mail your genuine doubts to: **sandeep@poonen.org**)

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6:68)

പുസ്തകം 10 ജനുവരി 2012 ലക്കം 1



**എഡിറ്റോറിയൽ ബോർഡ്**

ജോൺ ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ്ജ് (തിരുവല്ല)
ജോബി ചെറിയാൻ (റാന്നി)
സാബു ജോസഫ് (ആലപ്പുഴ)
മാനേജർ
ജെയിംസ് മാത്യു (കോട്ടയം)



**വാർഷിക സംഭാവന**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :




**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള- 686 016.
ഫോൺ: 0481 -2392753,
9495234087, 9249516234
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**വിദേശപ്രതിനിധികൾ**
U.S.A - Binoy James
Phone 512990-2808(R) 512826-5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-7870839
E-mail: skuruvi@gmail.com


മൊഴിമുത്ത്

## പ്രാർത്ഥനയുടെ വില



പല പ്രാർത്ഥനകളും നിർമ്മലമായിരിക്കുകയില്ല. ഭർത്താക്കന്മാർ മാനസാന്തരപ്പെടുവാൻ പല സ്ത്രീകളും പ്രാർത്ഥിക്കും. എന്നാൽ ഭർത്താവു മാനസാന്തരപ്പെടുവാൻ അവർക്ക് ആത്മാർത്ഥമായ ആഗ്രഹം ഉണ്ടായിരിക്കുകയില്ല. അവരുടെ ഭർത്താവു മാനസാന്തരപ്പെട്ടാൽ ബിസിനസ്സിൽ വിപ്ലവകരമായ പരിവർത്തനം ആവശ്യമായി വരുമെന്നും അപ്പോൾ അവരുടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുമെന്നും അതു മുഖാന്തരം അവരുടെ ജീവിതചര്യയിൽ സാരമായ മാറ്റം വരുത്തേണ്ടിവരുമെന്നും അവർ ഗ്രഹിക്കുമെങ്കിൽ 'ദൈവമേ, എന്റെ ഭർത്താവിനെ മാനസാന്തരപ്പെടുത്തരുതേ' എന്നായിരിക്കും വാസ്തവത്തിൽ അവരുടെ പ്രാർത്ഥന. ഇത്ര വലിയ വില കൊടുത്ത് അവരുടെ ഭർത്താവു മാനസാന്തരപ്പെടണമെന്ന് അവർ ആഗ്രഹിക്കുന്നുണ്ടാവില്ല. അതിന്റെ വില കൊടുക്കാൻ തയാറില്ലെങ്കിൽ അതിനായി പ്രാർത്ഥിക്കാതിരിക്കുന്നതാണ് ഉത്തമം.

ആർ. എ. ടോറി.

## പ്രതീക്ഷയോടെ മുന്നോട്ട്

A Joyful 'Toon by Mike Waters




നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു *(യാക്കോബ് 5:8)*

## LIVING A CRUCIFIED LIFE

Watchman Nee while staying in Shanghai as an unmarried person, his mother came to stay with him a period of time. Rumors circulated that a woman was living with him.

Miss Groves a sister who had previously been a help to him, heard the rumor and came to ask "Is it true that you have a woman living with you?"

He answered "Yes". Then she rebuked him. Years later when he related this incident to his co-worker he asked "Why didn't you tell her that that the woman was your mother?"

He replied, "Miss Groves didn't ask who that woman was" He simply did not like to explain things to people in order to vindicate himself.

In Shanghai in 1948 there was a brother in the churchvwho opposed Watchman Nee, because this brother's longstanding ambition for position in the church was not fulfilled. This brother gave financial assistance to a travelling preacher who wrote a long article criticizing and accusing Watchman nee on a number of counts. The article was widely circulated, but Nee did nothing to vindicate himself concerning this article.

He believed that everything was from God's hand and was willing to bear any bind of opposition or attack as a cross, in order to live a crucified life with Christ.

*(From Watchman Nee – A seer of the divine revelation in the present age)*

## *Just a minute*



പ്രിയമുള്ളവരേ,
കള്ളപ്രവാചകന്മാർ പലരും
ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ
ഏതു ആത്മാവിനെയും വിശ്വസിക്കാതെ
ആത്മാക്കൾ ദൈവത്തിൽനിന്നുള്ള
വയോ എന്നു ശോധന ചെയ്‌വിൻ.
*(1 യോഹന്നാൻ 4:1)*

*Pheba Cleetus*